പഞ്ചായത്ത് രാജ്

പുസ്തകം 52 ◆ ലക്കം 2
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
മേയ് 2012

പ്രാദേശിക ജനാധിപത്യത്തിന് കരുത്ത് പകർന്ന്

പഞ്ചായത്ത് ദിനാഘോഷം 2012

മികച്ച പഞ്ചായത്തുകൾക്ക്
സ്വരാജ് ട്രോഫി 2010-11

MGNREGS അവാർഡുകൾ 2011-12

5 എഡിറ്ററുടെ പേജ്

22 പട്ടികജാതി-പട്ടികവർഗ്ഗ വികസനം ഒരു നേർക്കാഴ്ച്ച
ഒ.ജെ. ജോൺ

26 മഴക്കാലപൂർവ്വ ശുചീകരണം പകർച്ചവ്യാധികൾക്കെതിരെ മുൻകരുതൽ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

28 സംസ്ഥാന വികസന സമിതി യോഗം (റിപ്പോർട്ട്)
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

29 നിർമ്മൽ ഗ്രാമ പുരസ്ക്കാരം (2011) (റിപ്പോർട്ട്)
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

30 ജീവിതം തലച്ചുമടാക്കിയവർ...
അഞ്ചൽ കൃഷ്ണകുമാർ

35 സ്വരാജ് ട്രോഫി 2010-11
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

38 MGNREGS അവാർഡുകൾ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

42 വാർത്തകൾ വിശേഷങ്ങൾ

ഉള്ളടക്കം

പഞ്ചായത്ത് ദിനാഘോഷം 2012

06 പ്രാദേശിക ജനാധിപത്യത്തിന് കരുത്ത് പകർന്ന് പഞ്ചായത്ത് ദിനാഘോഷം
ജി. ഹരികൃഷ്ണൻ

10 ഫണ്ട് വിനിയോഗിക്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം നൽകും: മുഖ്യമന്ത്രി

10 അധികാരവികേന്ദ്രീകരണം പൂർണ്ണ അർത്ഥത്തിൽ നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം: ഡോ. എം.കെ. മുനീർ

12 ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകണം: കെ.എം. മാണി

14 കേന്ദ്രപദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനങ്ങൾക്ക് പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കണം: കെ.സി. ജോസഫ്

16 വികേന്ദ്രീകരണം സൃഷ്ടിച്ച മാറ്റം പഠനവിധേയമാക്കണം: ജി. കാർത്തികേയൻ

16 മാലിന്യസംസ്ക്കരണത്തിന് മുൻഗണന നല്കണം: വി.എസ്. ശിവകുമാർ

17 പട്ടികജാതി വികസന ഫണ്ട് വിനിയോഗ നടപടിക്രമങ്ങൾ ലഘൂകരിക്കും:
എ.പി. അനിൽകുമാർ

18 ഭരണസമിതി അംഗങ്ങൾ ഒത്തൊരുമയോടെ പ്രവർത്തിക്കണം: മഞ്ഞളാംകുഴി അലി

18 ശുചിത്വത്തിനു പ്രാധാന്യം നൽകണം: സി.റ്റി. അഹമ്മദലി

19 ജനാധിപത്യത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കലാണ് വികേന്ദ്രീകരണത്തിന്റെ യുക്തി – സി.പി. ജോൺ

20 പഞ്ചവത്സര പദ്ധതി ശ്രദ്ധാപൂർവ്വം നടപ്പാക്കണം: ജെയിംസ് വർഗീസ്

20 ദീർഘവീക്ഷണത്തോടെയുള്ള സമഗ്രവികസനം ലക്ഷ്യം: ഡോ. പി.പി. ബാലൻ

21 ഫണ്ടുകളുടെ സംയോജന സാദ്ധ്യത ഉറപ്പാക്കണം: ജി. വിജയരാഘവൻ

കത്തുകൾ



ആശയസമ്പുഷ്ടം ഏപ്രിൽ ലക്കം

ദേശീയ പഞ്ചായത്ത് ദിനത്തോടനുബന്ധമായി പ്രസിദ്ധീകരിച്ച പഞ്ചായത്ത് രാജ് മാസികയുടെ പ്രത്യേക പതിപ്പ് കേരളത്തിൽ ഒരു വ്യാഴവട്ടക്കാലമായി നടന്നുവന്ന വികേന്ദ്രീകരണത്തിന്റെ നേർകാഴ്ച നൽകുന്നതായിരുന്നു. ആശയസമ്പുഷ്ടമായ ലേഖനങ്ങൾ ഉൾപ്പെടുത്തിയതും പ്രത്യേകം ശ്രദ്ധേയമായി. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നടക്കുന്ന വികേന്ദ്രീകരണ പ്രവർത്തനങ്ങളും അതിന്റെ ആഴവും പരപ്പും മനസ്സിലാക്കുന്നതിനും കേരളത്തിലെ പ്രവർത്തനങ്ങളുമായി ചേർന്നുള്ള പഠനത്തിനും – താരതമ്യം ചെയ്യുന്നതിനും കില ഡയറക്ടർ ഡോ. പി.പി. ബാലന്റെ ലേഖനം സഹായിച്ചു. കൂടാതെ മുൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ പി. കമാൽക്കുട്ടി ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രതിഭാഹരി എന്നിവരുടെ ലേഖനങ്ങളിലെ നിരീക്ഷണങ്ങൾ ഭാവിയിലെ നയരൂപീകരണത്തിന് പ്രയോജനം ചെയ്യുന്നവയുമാണ്.

***അഹമ്മദ് നാസർ**, താഴെതൊടി, കോഴിക്കോട്*

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഓംബുഡ്സ്മാന്മാരെ നിയമിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടത്തിപ്പിലെ പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് ജില്ലാതലത്തിൽ ഓംബുഡ്സ്മാന്മാരെ നിയമിച്ച് സർക്കാർ ഉത്തരവായി. (G.O.(Rt)No. 1266/2012/LSGD, dt. 3.05.12). ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ രണ്ടുപേരെ വീതം നിയമിച്ചിട്ടുണ്ട്. ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളിലാണ് ഇവരുടെ ആസ്ഥാനം. ഓംബുഡ്സ്മാന്മാരും അവർ പ്രതിനിധീകരിക്കുന്ന ജില്ലയും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ക്രമ നമ്പർ	പേര്	ജില്ല
1	ആർ. രാമചന്ദ്രൻ നായർ	തിരുവനന്തപുരം
2	പ്രൊഫ. ബി.സി. മേനോൻ	കൊല്ലം
3	ജോൺകുട്ടി തരകൻ	പത്തനംതിട്ട
4	വൈ. താജുദ്ദീൻ കോയ	ആലപ്പുഴ
5	ഡോ. സ്റ്റീഫൻ അനലിൽ	കോട്ടയം
6	ടി.വി. ജെയിംസ്	ഇടുക്കി
7	വി.ജെ. ഫ്രാൻസിസ്	ഇടുക്കി
8	കെ. ചെന്താമരാക്ഷൻ	എറണാകുളം
9	ജോർജ് പുലികുത്തിയിൽ	തൃശൂർ
10	ഡോ. എം.ഡി. ഉണ്ണിക്കൃഷ്ണൻ	പാലക്കാട്
11	പ്രൊഫ. പി.കെ. ശശി	പാലക്കാട്
12	പി. നന്ദൻ	മലപ്പുറം
13	പി.കെ. കുഞ്ഞിരാമൻ	കോഴിക്കോട്
14	തോമസ് പോൾ	വയനാട്
15	പി. രാധാകൃഷ്ണപിള്ള	വയനാട്
16	പി. ലക്ഷ്മണൻ	കണ്ണൂർ
17	വി. മധുസൂദനൻ നായർ	കാസർകോട്

മഴക്കാലപൂർവ്വ ശുചീകരണ ക്യാംപയിൻ 2012 – ചെലവനുവാദം നൽകി

2012ലെ മഴക്കാലപൂർവ്വ ശുചീകരണ ക്യാംപയിൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വാർഡൊന്നിന് 10,000/– രൂപയെന്ന കണക്കിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും) റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ. (സാധാ) നമ്പർ 1326/2012/തസ്വഭവ തീയതി 14.05.2012)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആഡിറ്റ് ഫീസ് നൽകേണ്ടതില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആഡിറ്റ് ഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവായി. ഈ ഇനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള കുടിശ്ശികയും നൽകേണ്ടതില്ല.

(സ.ഉ.(അച്ചടി)നം. 124/2012/തസ്വഭവ, തീയതി 10.5.2012)

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മെയ് 2012
പുസ്തകം 52
ലക്കം 2
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ
ഡോ. എം.കെ. മുനീർ
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
ജെയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

എ. ഫിറോസ്
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ജെ. സദാനന്ദൻ
പഞ്ചായത്ത് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്)

എഡിറ്റർ (അഡീഷണൽ ചാർജ്ജ്)
ജെ. സദാനന്ദൻ
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

എഡിറ്ററുടെ പേന

അറവുശാലകളും പൊതുശ്മശാനങ്ങളും

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക ഊന്നൽ നൽകിയ രണ്ട് പദ്ധതികളാണ് അറവുശാലകളുടെ നിർമ്മാണവും പൊതുശ്മശാനങ്ങൾ സ്ഥാപിക്കലും, 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പട്ടിക മൂന്നിലെ അനിവാര്യ ചുമതലകളിൽ യഥാക്രമം പതിനൊന്നാമത്തേയും പതിനെട്ടാമത്തേയും ഇനങ്ങളാണ് ഇവ. 1960ലെ കേരള പഞ്ചായത്ത് ആക്ടിലും ഇവ ഉൾപ്പെടുത്തിയിരുന്നു. ഇക്കാലമത്രയായിട്ടും ഇക്കാര്യങ്ങൾക്ക് പഞ്ചായത്തുകൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലായെന്നാണ് കാണുന്നത്.

ലഭ്യമായ കണക്കുകളനുസരിച്ച് 31 ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ അറവുശാലകളുള്ളത്. പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലമായ 2008–09ൽ 25 ഗ്രാമപഞ്ചായത്തുകൾക്കും 2009–10ൽ 18 ഗ്രാമപഞ്ചായത്തുകൾക്കും 2010–11ൽ 25 ഗ്രാമപഞ്ചായത്തുകൾക്കും ഈ ആവശ്യത്തിനായി പ്രത്യേക തുക അനുവദിച്ച് നൽകുകയുണ്ടായി. ഈ വർഷങ്ങളിലൊന്നുംതന്നെ ലഭ്യമായ ഫണ്ട് വിതരണം ചെയ്യുന്നതിനാവശ്യമായത്ര അപേക്ഷ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിരുന്നില്ല. 2011–12 വർഷത്തിൽ ലഭ്യമായ 5 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഗ്രാമപഞ്ചായത്തുകളുടെ താൽപര്യക്കുറവാണ് ഇവിടെ പ്രകടമാകുന്നത്. നിലവിലുള്ള അറവുശാലകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളുണ്ടോയെന്നും കാലാനുസൃതമായി നവീകരിച്ചിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതുണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും പ്രാകൃതമായ രീതിയിലാണ് ഭക്ഷ്യാവശ്യങ്ങൾക്കുള്ള മാംസം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 229 മുതൽ 231 വരെയുള്ള വകുപ്പുകൾ കശാപ്പുശാലകൾ സ്ഥാപിക്കുന്നതും, മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതും വിപണന പ്രക്രിയകളും പ്രതിപാദിക്കുന്നുണ്ട്. ഇവയ്ക്കനുബന്ധമായി 1996ൽ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളും നിലവിലുണ്ട്. എന്നാൽ നിയമങ്ങളും ചട്ടങ്ങളും ബാധകമല്ലാത്ത രീതിയിലാണ് കാര്യങ്ങളുടെ പോക്ക് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഇത്തരം നടപടികൾ പ്രാദേശിക സർക്കാരുകൾക്ക് ഭൂഷണമല്ല എന്ന കാര്യം തിരിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇന്നും പ്രാകൃതമായ രീതിയിൽ ആടുമാടുകളെ കൊല്ലുകയും മാംസം വഴിയോരങ്ങളിൽ പ്രദർശിപ്പിച്ച് വിൽപന നടത്തുകയും ചെയ്യുന്നകാഴ്ച അതിദയനീയമാണ്. അറവുശാലകൾ സ്ഥാപിക്കുന്നകാര്യത്തിലും ഉള്ളവ നവീകരിക്കുന്ന കാര്യത്തിലും ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ നിരവധി വിധിന്യായങ്ങളും ഉണ്ടായിട്ടുണ്ട്.

മറ്റൊരു പ്രധാന പദ്ധതിയാണ് പൊതുശ്മശാനങ്ങൾ സ്ഥാപിക്കുക എന്നത്. ലഭ്യമായ കണക്കുകളനുസരിച്ച് 507 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങളുണ്ട്. ഇവയിൽ എത്രഎണ്ണത്തിന് അടിസ്ഥാന സൗകര്യങ്ങളുണ്ട്? എത്ര എണ്ണത്തിന് ലൈസൻസുണ്ട് എന്നീകാര്യങ്ങൾ ഇനിയും പരിശോധിക്കേണ്ടിയിരിക്കുന്നു. പതിനൊന്നാം പദ്ധതിക്കാലത്ത് മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കേണ്ടുന്ന ആവശ്യകത 14.5.2007ലെ മാർഗ്ഗരേഖ ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. മാത്രമല്ല, പിന്നോക്കാവസ്ഥയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതികാലയളവിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക ധനസഹായവും സർക്കാർ നൽകുകയുണ്ടായി. 2008–09ൽ 20 പഞ്ചായത്തുകൾക്കും 2009–10ൽ 23 പഞ്ചായത്തുകൾക്കും 2010–11ൽ 51 ഗ്രാമപഞ്ചായത്തുകൾക്കും പ്രത്യേക ദനസഹായം അനുവദിക്കുകയുണ്ടായി. 2011–12ൽ ലഭ്യമായ 5 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇക്കാര്യത്തിലും ഗ്രാമപഞ്ചായത്തുകൾ മതിയായ താൽപര്യം കാണിക്കുന്നില്ല എന്ന് കരുതേണ്ടിയിരിക്കുന്നു. പല ഗ്രാമപഞ്ചായത്തുകളിലും ജനങ്ങൾക്ക് പൊതുവെ സൗകര്യപ്രദമായ സ്ഥലങ്ങളിലല്ല പൊതുശ്മശാനങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. അതിനാൽ ആവശ്യമായ ബോധവൽക്കരണം നടത്തിയും പൊതുജനങ്ങളിൽ അഭിപ്രായസമന്വയം ഉണ്ടാക്കിയും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകില്ലാ എന്നുറപ്പുവരുത്തി പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ സ്ഥലം കണ്ടെത്തി ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കണം. ഇന്നും വീടുകൾക്കുള്ളിൽ ശവം മറവുചെയ്യുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇത്തരം സംഭവങ്ങൾ ഖേദകരവും പ്രദേശിക സർക്കാരുകൾക്ക് നാണക്കേടുണ്ടാക്കുന്നതുമാണ്. അതിനാൽ അടിസ്ഥാന സൗകര്യങ്ങളുള്ള ശ്മശാനങ്ങൾ നിർമ്മിക്കാൻ ഗ്രാമപഞ്ചായത്തുകൾ മുന്നോട്ടു വരാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു.

എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള അറവുശാലകളും ശ്മശാനങ്ങളും സമയബന്ധിതമായി എല്ലാ പഞ്ചായത്തുകളിലും സ്ഥാപിക്കുവാൻ ഇനിയും കാലതാമസമുണ്ടാവരുത്.

പഞ്ചായത്ത് രാജ്

പ്രാദേശിക ജനാധിപത്യത്തിന് കരുത്ത് പകർന്ന്

പഞ്ചായത്ത് ദിനാഘോഷം 2012

പഞ്ചായത്ത് ദിനാഘോഷം 2012 റിപ്പോർട്ട്

ജി. ഹരികൃഷ്ണൻ

പഞ്ചായത്തുകൾക്ക് ഭരണഘടനാപദവി നൽകിയ 73-ാം ഭേദഗതി പ്രാബല്യത്തിൽ വന്ന 1993 ഏപ്രിൽ 24-ാം തീയതിയെ സ്മരിച്ചുകൊണ്ട് കേരളത്തിൽ പഞ്ചായത്ത് ദിനാഘോഷം ഏപ്രിൽ 23,24 തീയതികളിൽ തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ സമുചിതമായി ആഘോഷിച്ചു. ത്രിതല പഞ്ചായത്ത് സംവിധാനം എന്ന ആശയം ആദ്യമായി മുന്നോട്ടുവെച്ച ബൽവന്ത്റായ് മേത്തയുടെ സ്മരണാർത്ഥം സമ്മേളന നഗരിക്ക് ബൽവന്ത്റായ് മേത്ത നഗർ എന്നാണ് നാമകരണം ചെയ്തത്.

കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു ഏപ്രിൽ 24 ന് രാവിലെ 9.30ന് പതാക ഉയർത്തി ഉദ്ഘാടന സമ്മേളനത്തിന് തുടക്കം കുറിച്ചു. പഞ്ചാരിമേളക്കാരുടെ താളമേളങ്ങൾ ആവേശം ചൊരിഞ്ഞ നഗരിയിൽ ഭദ്രദീപം തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തത് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയായിരുന്നു. മന്ത്രിമാരായ ഡോ. എം.കെ. മുനീർ, കെ.എം. മാണി, എ.പി. അനിൽകുമാർ, വി.എസ്. ശിവകുമാർ, മഞ്ഞളാംകുഴി അലി, ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ വേദിയിൽ സന്നിഹിതരായിരുന്നു.

ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുയർന്നു പ്രവർത്തിക്കുന്ന പ്രാദേശിക സർക്കാരുകളായി വളരാൻ പഞ്ചായത്തുകളോട് ആഹ്വാനം ചെയ്ത മുഖ്യമന്ത്രി കാര്യക്ഷമമായി പദ്ധതി നിർവഹണം നടത്തുന്നതിന്റെയും ഗ്രാമസഭകളുടെ പ്രസക്തിയെയും കുറിച്ച് ഉദ്ഘാടനപ്രസംഗത്തിൽ വിശദീകരിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന, സാധാരണ ജനങ്ങൾക്കറിവില്ലാത്ത, ധാരാളം ക്ഷേമ സഹായ പരിപാടികൾ ജനങ്ങളിലെത്തിക്കാൻ പഞ്ചായത്തുകൾ മുന്നോട്ടുവരണമെന്ന് ജനസമ്പർക്ക പരിപാടിയിലെ അനുഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചത് പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറായിരുന്നു. പന്ത്രണ്ടാം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ, പദ്ധതി നടത്തിപ്പിൽ നൂറുശതമാനം ഫണ്ട് വിനിയോഗിക്കാത്ത ഒരു പഞ്ചായത്തും കേരളത്തിലുണ്ടാവില്ലായെന്ന സാഹചര്യം സൃഷ്ടിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഐ.ടി.@സ്ക്കൂൾ തയ്യാറാക്കിയ പഞ്ചായത്തുകളെക്കുറിച്ചുള്ള ഡോക്യൂഫീച്ചറിന്റെ പ്രകാശനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ വെബ്സർവ്വീസ് ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

പോസ്റ്റ് ഓഫീസ് മുഖേന വസ്തു നികുതി അടയ്ക്കുന്നതിനുള്ള സംവിധാനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച ധനകാര്യവകുപ്പ് മന്ത്രി കെ.എം. മാണി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഇ-ഗവേണൻസിന് വലിയ പങ്കാണുള്ളതെന്ന് അഭിപ്രായപ്പെട്ടു. ഉറവിട മാലിന്യസംസ്ക്കരണം നടപ്പാക്കുക വഴി ദൈവത്തിന്റെ സ്വന്തം നാടെന്ന ഖ്യാതി കേരളത്തിന് നിലനിർത്താൻ കഴിയണമെന്നും 3000 ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതോടെ കേരളത്തിന് പഴം, പച്ചക്കറി ഉല്പാദനത്തിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടാത്ത സ്ഥിതി ഉണ്ടാകുമെന്നും അതിന് പഞ്ചായത്തുകൾ പ്രത്യേക പ്രാധാന്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമായി നടപ്പാക്കണമെന്ന ആമുഖത്തോടെയാണ് ടൂറിസം, പട്ടികജാതി ക്ഷേമവകുപ്പ് മന്ത്രി എ.പി. അനിൽകുമാർ സദസ്സിനെ അഭിസംബോധന ചെയ്തത്. പട്ടികജാതി വികസന ഫണ്ടിന്റെ വിനിയോഗത്തിൽ പഞ്ചായത്തുകൾ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിശോധിച്ച് വ്യവസ്ഥകളിൽ ആവശ്യമായ ലഘൂകരണം വരുത്തുമെന്നും എസ്.സി. ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുന്ന പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ അവാർഡ് ഏർപ്പെടുത്തുമെന്നും അദ്ദേഹം അറിയിച്ചു. പഞ്ചായത്ത് രാജ് മാസികയുടെ പ്രത്യേക പതിപ്പിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുവാൻ സർക്കാരിനോടൊപ്പം പഞ്ചായത്തുകളും ആത്മാർത്ഥമായി ശ്രമിക്കണമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വി.എസ്. ശിവകുമാർ പറഞ്ഞു. സംസ്ഥാന ശുചിത്വമിഷൻ നടപ്പാക്കുന്ന 'ശുചിത്വ ഗ്രാമം-ഹരിതഗ്രാമം' പദ്ധതിയുടെ ലോഗോ പ്രകാശനവും മന്ത്രി നിർവഹിച്ചു.

ഗ്രാമയാത്രയുടെ അവതരണഗാന സി.ഡി.യുടെ പ്രകാശനം നിർവഹിച്ച് സംസാരിച്ച നഗരകാര്യവകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ കക്ഷി രാഷ്ട്രീയത്തിനതീതമായി ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടത് സമഗ്രവികസനത്തിന് അനിവാര്യമാണെന്ന് അഭിപ്രായപ്പെട്ടു.

പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കണമെന്നും നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിച്ച് പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കണമെന്നും മുൻപഞ്ചായത്ത് വകുപ്പ് മന്ത്രി സി.റ്റി. അഹമ്മദാലി സമ്മേളനത്തിന് ആശംസകളർപ്പിച്ചുകൊണ്ടു പറഞ്ഞു.

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് തപാൽ വകുപ്പിൽ വലിയ തോതിൽ കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ ശോഭ കോശി ആശംസകളർപ്പിച്ചുകൊണ്ട് പറഞ്ഞു. കോർബാങ്കിംഗ്, എ.റ്റി.എം സംവിധാനങ്ങൾ പോസ്റ്റോഫീസ് വഴി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളം ഉൾപ്പെടെ നാലു സംസ്ഥാനങ്ങളിൽ മൊബൈൽ ഫോൺ മുഖാന്തരം പണം അയയ്ക്കുവാൻ കഴിയുന്ന സംവിധാനം പൈലറ്റ് പ്രോജക്ടായി അടുത്തമാസം മുതൽ നടപ്പാക്കുമെന്നും സിപിഎംജി അറിയിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി കണക്കാക്കി കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കണമെന്ന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു ആവശ്യപ്പെട്ടു. പഞ്ചായത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ വികസന ഫണ്ട് വിനിയോഗം സർവ്വകാല റിക്കാർഡാക്കുന്നതിന് സഹായകരമായെന്നു പറഞ്ഞ അദ്ദേഹം അതിനുവേണ്ടി യത്നിച്ച ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുകയും ചെയ്തു.

ബ്ലോക്ക് പഞ്ചായത്തുകൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ അഭിവാജ്യഘടകമാണെന്നും ഗ്രാമ, ജില്ലാ പഞ്ചായത്തുകളോടൊപ്പം ആരോഗ്യകരമായ സഹവർത്തിത്തത്തോടെ പുതിയ ഗതിവേഗത്തിൽ പ്രവർത്തിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണെന്നും ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എം. മണികണ്ഠൻ ആശംസകളർപ്പിച്ചുകൊണ്ട് പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിന് സ്വാഗതം ആശംസിച്ച കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി ഗ്രാമപഞ്ചായത്തുകൾ പദ്ധതി നിർവഹണത്തിലും ഭരണരംഗത്തും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കേണ്ടതിന്റെയും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതിന്റെയും ആവശ്യകത തുടങ്ങിയ സർക്കാരിന്റെ ശ്രദ്ധ പതിയേണ്ട വിഷയങ്ങളും അവതരിപ്പിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ അധികചുമതല വഹിക്കുന്ന അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ ജെ. സദാനന്ദൻ നന്ദി പറഞ്ഞു.

വികേന്ദ്രീകൃതമാതൃകാവതരണം

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഏകപക്ഷീയമായ പ്രസംഗങ്ങൾക്കും അവതരണങ്ങൾക്കും അവധി നൽകിക്കൊണ്ട് ആഘോഷപരിപാടികളിൽ പങ്കെടുക്കാനെത്തിയ സർവ്വ പ്രതിനിധികൾക്കും പങ്കാളിത്തം നൽകുന്ന പരിപാടികളാണ് ഇപ്രാവശ്യം സംഘടിപ്പിച്ചത്. ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് 'വികേന്ദ്രീകൃതമാതൃകാവതരണ'മാണ് നടന്നത്.

തിരുവനന്തപുരത്ത് നടന്ന പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കുന്നു. മന്ത്രിമാരായ വി.എസ്. ശിവകുമാർ, കെ.എം. മാണി, ഡോ. എം.കെ. മുനീർ, മഞ്ഞളാംകുഴി അലി, എ.പി. അനിൽകുമാർ, പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളായ പി.റ്റി. മാത്യു, സൂപ്പി നരിക്കാട്ടേരി, അഡ്വ. എം. മണികണ്ഠൻ തുടങ്ങിയവർ സമീപം.

പ്രാദേശിക തലത്തിൽ ആസൂത്രണപ്രക്രിയയ്ക്ക് രൂപം നൽകാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിൽ നടന്നുവരുന്ന വികേന്ദ്രീകരണത്തിന്റെ സുപ്രധാന നേട്ടം. ഇതിന്റെ ഭാഗമായി അനുകരണീയമായ നിരവധി വികസന മാതൃകകൾ പഞ്ചായത്തുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അവയിൽനിന്നും തെരഞ്ഞെടുത്ത മാതൃകകളുടെ അവതരണമാണ് ഈ സെഷനിൽ നടന്നത്. നാദാപുരം, തിരുവാലി, മാരാരിക്കുളം, തണ്ണീർമുക്കം, നെടുമ്പന, കരകുളം തുടങ്ങിയ പഞ്ചായത്തുകളാണ് അവതരണം നടത്തിയത്. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം സി.പി. ജോൺ മോഡറേറ്ററായിരുന്നു. വികേന്ദ്രീകരണത്തിന്റെ യുക്തിയെക്കുറിച്ചും ജനാധിപത്യത്തിൽ പൗരന്റെ പങ്കിനെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി.പി. റസാക്ക് സ്വാഗതം ആശംസിച്ച ചടങ്ങിൽ പഞ്ചായത്ത് ദിനാഘോഷം പ്രോഗ്രാം കമ്മിറ്റി ചെയർമാൻ അഡ്വ. എ.എ. ഹക്കിം നന്ദി പറഞ്ഞു.

ഗ്രാമ ഭരണ-വികസന സംവാദം

ഏപ്രിൽ 23ന് രാവിലെ പ്രാദേശിക ഭരണവികസന രംഗം അഭിമുഖീകരിക്കുന്ന വെല്ലുവിളികളും പ്രശ്നങ്ങളും ചർച്ച ചെയ്ത 'ഗ്രാമ ഭരണ-വികസന സംവാദം' പരിപാടി ജനപ്രതിനിധികൾക്ക് നവ്യമായ ഒരനുഭവമായി. ഗ്രാമവികസന, ആസൂത്രണ വകുപ്പ് മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്ത സംവാദ പരിപാടിയിൽ കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ആർ. ഗോപകൃഷ്ണപിള്ള, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്. സുബ്ബയ്യ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എസ്. ദിവാകരൻ പിള്ള, പഞ്ചായത്ത് ഡയറക്ടർ (i/c) ജെ. സദാനന്ദൻ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. ആർ. വിജയകുമാർ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ കെ.റ്റി. സരോജിനി, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ് ചാക്കച്ചേരി, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എം. ഷംസുദ്ദീൻ, കില ഡയറക്ടർ ഡോ. പി.പി, ബാലൻ, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ ആർ. ജയചന്ദ്രൻ നായർ, കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ രാജീവ് തുടങ്ങിയവർ പങ്കെടുത്തു.

അധികാരവികേന്ദ്രീകരണ രംഗത്ത് പരീക്ഷണത്തിന്റെ കാലഘട്ടമവസാനിച്ചെന്ന ആമുഖത്തോടെ സംവാദം ഉദ്ഘാടനം ചെയ്ത മന്ത്രി ജോസഫ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ചും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചും ജനപ്രതിനിധികളോട് വിശദീകരിച്ചു. ജനപ്രതിനിധികൾ എഴുതി നൽകിയ ചോദ്യങ്ങൾക്ക് മന്ത്രിയോടൊപ്പം മറ്റു വകുപ്പുമേധാവികളും മറുപടി നൽകി. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതവും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ കെ.സി. ജോസഫ് നന്ദിയും പറഞ്ഞു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

ഏപ്രിൽ 23ന് ഉച്ചയ്ക്ക് ശേഷം 'പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ് ഐ.എ.എസ് മോഡറേറ്ററായിരുന്നു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ജി. വിജയരാഘവൻ എന്നിവർ വിഷയാവതരണം നടത്തി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ സർക്കാർ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെക്കുറിച്ച് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. മുൻ അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് 12-ാം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ പഞ്ചായത്തുകൾ ശ്രദ്ധിക്കണമെന്നും കിലയുടെ സഹായം ഇക്കാര്യത്തിൽ പഞ്ചായത്തുകൾക്ക് എപ്പോഴും ലഭിക്കുമെന്നും വിഷയാവതരണത്തിൽ ഡോ. പി.പി. ബാലൻ ചൂണ്ടിക്കാട്ടി. പഞ്ചായത്തുകളെ സമഗ്രമായി കണ്ടുകൊണ്ടുള്ള ഒരു ആസൂത്രണ രീതിയായിരിക്കണം പഞ്ചായത്തുകൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ സ്വീകരിക്കേണ്ടതെന്ന് വിജയരാഘവൻ പറഞ്ഞു.

വിവിധ ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു സ്വാഗതം ആശംസിച്ച ചടങ്ങിന് അസോസിയേഷൻ സെക്രട്ടറി എം. നസീർ നന്ദി പറഞ്ഞു.

സമാപന സമ്മേളനം

ഏപ്രിൽ 24 ന് വൈകുന്നേരം നടന്ന സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് കേരള നിയമസഭാ സ്പീക്കർ ജി. കാർത്തികേയനായിരുന്നു. പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ അദ്ധ്യക്ഷത വഹിച്ചു. അധികാരവികേന്ദ്രീകരണത്തെ തുടർന്ന് പ്രാദേശികതലത്തിൽ വികസനകാര്യങ്ങളിൽ ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് ഒരു പഠനം നടത്തേണ്ടത് അനിവാര്യമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ പറഞ്ഞു. 2010- 11 ലെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫിയും 2011-12 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവെച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. ഗ്രാമവികസന കമ്മീഷണർ എം. നന്ദകുമാർ ആശംസകളർപ്പിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു സ്വാഗതവും പഞ്ചായത്ത് ദിനാഘോഷം സ്വാഗതസംഘം ജനറൽ കൺവീനർ ജെ.ആർ. ഗോപകുമാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം) നന്ദിയും പറഞ്ഞു.

പഞ്ചായത്ത് ദിനാഘോഷ പരിപാടിക്ക് സമാരംഭം കുറിച്ചുകൊണ്ട് ഏപ്രിൽ 23ന് രാവിലെ നടന്ന 'ഗ്രാമ ഭരണ-വികസന സംവാദം' മുതൽ 24ന് നടന്ന സമാപന സമ്മേളനം വരെ സമ്മേളന നഗരിയിൽ തിങ്ങിനിറഞ്ഞ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യം, 2012ലെ പഞ്ചായത്ത് ദിനാഘോഷം മുൻകാല ദിനാഘോഷ പരിപാടികളിൽ നിന്നും പങ്കാളിത്തം കൊണ്ടും ഗുണപരവും ആഴവും പരപ്പുമുള്ള ചർച്ചകളും സംവാദങ്ങളും ആശയങ്ങളുംകൊണ്ട് സമൃദ്ധമായിരുന്നു എന്നതിനുള്ള സാക്ഷ്യമായി.

ആഘോഷ പരിപാടികൾക്ക് മാറ്റുകൂട്ടുന്നതിനായി കലാപരിപാടിയും പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് രാജ്

ഫണ്ട് വിനിയോഗിക്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം നൽകും - മുഖ്യമന്ത്രി

ജനങ്ങൾ ഇന്ന് വലിയ പ്രതീക്ഷയോടെയാണ് പഞ്ചായത്തുകളെ കാണുന്നത്. പത്തുകൊല്ലം മുമ്പ് ഉണ്ടായിരുന്ന പ്രതീക്ഷയല്ല ഇന്ന് പഞ്ചായത്തുകളെക്കുറിച്ചുള്ളത്. ആ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നു പ്രവർത്തിക്കുവാൻ നമുക്ക് കഴിയണം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് റിക്കാർഡിലെത്തിച്ച ഏവരേയും അഭിനന്ദിക്കുന്നു.

പദ്ധതികൾ വിജയകരമായി നടപ്പാക്കുക എന്നതാണ് പഞ്ചായത്തുകളുടെ മുന്നിലുള്ള വെല്ലുവിളി. ലഭിക്കുന്ന പണം ഫലപ്രദമായും കാര്യക്ഷമമായും വിനിയോഗിക്കണമെങ്കിൽ അതിന് അർപ്പണബോധത്തോടെയുള്ള നേതൃത്വം വേണം. പണം ഫലപ്രദമായി ചെലവഴിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവ ഓരോന്നായി സർക്കാർ പരിഹരിച്ചുവരികയാണ്. സംസ്ഥാന സർക്കാരിന് പ്രവർത്തിക്കുവാൻ കേന്ദ്രസർക്കാരിന്റെ സഹായം ആവശ്യമാണ്. അതുപോലെ തന്നെ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ സഹായം ചെയ്തു തരേണ്ടതുണ്ട്. അതനുസരിച്ചുള്ള മാറ്റങ്ങളുണ്ടാകും.

പഞ്ചായത്ത് ദിനാഘോഷം 2012 - മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനപ്രസംഗം നടത്തുന്നു.

12-ാം പഞ്ചവത്സരപദ്ധതി മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പഞ്ചവത്സരപദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഫണ്ട് വിനിയോഗിക്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം വേണമെന്ന ആവശ്യം പരിഗണിച്ച് 20% ഫണ്ട് ഉപാധിരഹിതമായി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന ഫണ്ട് ഫലപ്രദമായും കാര്യക്ഷമമായും വിനിയോഗിച്ച് ജനങ്ങളുടെ അഭിലാഷം നിറവേറ്റാൻ കഴിഞ്ഞാൽ അതു വീണ്ടും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കും.

ആശ്രയ പദ്ധതി വിജയകരമായി നടപ്പിലാക്കാതെ നമുക്ക് ജനാധിപത്യത്തെക്കുറിച്ച് ശബ്ദിക്കാൻ അവകാശമില്ല. ആരും സഹായിക്കാനില്ലാതെ, മരുന്നും ഭക്ഷണവും കിടപ്പാടവുമില്ലാതെ മൃഗങ്ങൾപോലും താമസിക്കാൻ മടിക്കുന്ന ജീവിതസാഹചര്യങ്ങളിൽ ജീവിക്കുന്ന മനുഷ്യരുള്ളപ്പോൾ നമുക്ക് ജനാധിപത്യത്തെക്കുറിച്ച് എങ്ങനെ ഊറ്റം കൊള്ളുവാൻ കഴിയും. നിരാലംബരായവർക്കുള്ള ആശ്രയ പദ്ധതി എട്ടു പഞ്ചായത്തുകളിലൊഴികെ മറ്റു എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കിയിട്ടുണ്ട്. ആ എട്ടു പഞ്ചായത്തുകൾകൂടി ആശ്രയ പദ്ധതിയിൽ വരണം. അതുപോലെ പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി 400 പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള പഞ്ചായത്തുകളും അതിലേക്ക് വരണം. നമ്മുടെ നാട്ടിൽ കഷ്ടപ്പെടുന്നവരെ സഹായിക്കുവാനും അവർക്ക് ആശ്വാസമെത്തിക്കുവാനും നാം ബാദ്ധ്യസ്ഥരാണ്.

ഗ്രാമസഭകളാണ് പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ജീവനാഡികൾ. ഗ്രാമസഭകൾ സജീവമായാലേ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം നാം ഉദ്ദേശിക്കുന്ന തലത്തിലെത്തിക്കുവാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തുകൾ നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച തർക്കങ്ങൾ കാരണമാണ് ഗ്രാമസഭകൾ കൂടുന്നതിന് പലരും മടിക്കുന്നത്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നൽകുന്ന വിവിധ ആനുകൂല്യങ്ങളെപ്പറ്റി ഇന്ന് പലർക്കും അറിയില്ല. ആ സ്കീമുകളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച ഒരു പുസ്തകം സർക്കാർ തയ്യാറാക്കി നൽകും. ഗ്രാമസഭകൾ വഴി നൽകുന്ന ആനുകൂല്യങ്ങളുടെ 100 ഇരട്ടി മറ്റ് സ്കീമുകളിലൂടെ ലഭിക്കും. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പല പരാതികളും അവർക്ക് അർഹതപ്പെട്ട സ്കീമുകളിലുള്ളതാണ്. ആ വിവരം ജനങ്ങൾക്കറിയില്ല. അവരെ സഹായിക്കുന്നതിൽ പൊതു പ്രവർത്തകർ പരാജയപ്പെട്ടിരിക്കുന്നു. അറുപതു വയസ്സിൽ താഴെയുള്ള ഗൃഹനാഥൻ മരിച്ചാൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ലഭിക്കുന്ന സാമ്പത്തികസഹായം 20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് കഴിഞ്ഞ മാർച്ച് 31 വരെ 10,000 രൂപയായിരുന്നു. ഇത്തരത്തിലുള്ള ധനസഹായങ്ങളെക്കുറിച്ച് പലർക്കും അറിവില്ലായെന്ന് ജനസമ്പർക്ക പരിപാടിയിലൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞു. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ കഴിയാതിരുന്നവർക്കും ഇപ്രകാരമുള്ള ആനുകൂല്യം മുൻകാല പ്രാബല്യത്തോടെ നൽകുവാനുള്ള അധികാരം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.■

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ ഏപ്രിൽ 24ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നടത്തിയ പ്രസംഗത്തിൽ നിന്ന്)

അധികാരവികേന്ദ്രീകരണം പൂർണ്ണ അർത്ഥത്തിൽ നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം - ഡോ. എം.കെ. മുനീർ

പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ദിവസമാണ് ഏപ്രിൽ 24. (73-ാം ഭരണഘടനാ ഭേദഗതി പ്രാബല്യത്തിൽ വന്നത് 1993 ഏപ്രിൽ 24). ലോകത്തിനുതന്നെ അഭിമാനകരമായ രീതിയിൽ കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചത് 1994 ലായിരുന്നു. അതിനുശേഷം ഘട്ടംഘട്ടമായ വളർച്ചയിലൂടെ അധികാരം ജനങ്ങളിലെത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കി. സംസ്ഥാന പദ്ധതി അടങ്കലിന്റെ 30 ശതമാനം ചെലവഴിക്കാനുള്ള അവസരം ത്രിതല പഞ്ചായത്തുകൾക്ക് ലഭിച്ചു. അധികാരവികേന്ദ്രീകരണം പൂർണ്ണ അർത്ഥത്തിൽ സാദ്ധ്യമായോ എന്ന പരിശോധനയാണ് പന്ത്രണ്ടാം പദ്ധതി മുതൽ പഞ്ചായത്തുകൾക്കും പഞ്ചവത്സര പദ്ധതിയാക്കുന്ന തീരുമാനത്തിലേക്ക് സർക്കാരിനെ നയിച്ചത്. പഞ്ചായത്തുകൾക്ക് ഇനിമുതൽ 5 വർഷത്തേക്കുള്ള പദ്ധതി രൂപീകരിക്കാം. പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പഞ്ചായത്തുകൾക്ക് മുൻകൂട്ടി തന്നെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് സാധിക്കും. ഇനിമുതൽ 100 ശതമാനം പദ്ധതി നിർവ്വഹണം സാധ്യമാക്കുന്ന സാഹചര്യം കേരളത്തിലുണ്ടാകും. ആദ്യം രണ്ടുവർഷത്തേക്ക് പദ്ധതികൾ രൂപീകരിക്കുന്നു. എന്നാൽ ഓരോ വർഷവും അടുത്ത വർഷത്തേക്കുള്ള പദ്ധതികൾ വിലയിരുത്താനും ആവശ്യമെങ്കിൽ മാറ്റം വരുത്താനുമുള്ള സൗകര്യവും ഉണ്ടാക്കും. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ സെക്ടറുകളിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനു പുറമേ ഉപാധിരഹിതമായി ഒരു നിശ്ചിത ശതമാനം ഫണ്ട് വിനിയോഗിക്കുന്നതിന് അനുവാദവും നൽകും. പദ്ധതി രൂപീകരണവേളയിലുള്ള എല്ലാ കുരുക്കുകളും അഴിച്ച് പഞ്ചായത്തുകളെ പദ്ധതി നിർവ്വഹണത്തിന് കൂടുതൽ പര്യാപ്തമാക്കും.

ഐ.ടി.@സ്ക്കൂൾ തയ്യാറാക്കിയ പഞ്ചായത്തുകളെക്കുറിച്ചുള്ള ഡോക്യൂഫീച്ചറിന്റെ പ്രകാശനം പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി കെ.കെ. ജിന്നാസിന് സിഡി നൽകി നിർവ്വഹിക്കുന്നു. അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യൂ സമീപം.

പന്ത്രണ്ടാം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തുവരുമ്പോൾ എന്താണോ അധികാരവികേന്ദ്രീകരണത്തിലൂടെ വിഭാവനം ചെയ്തത്, മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം, അത് പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാകും. അതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വളരെ നല്ല നിലയിലുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തുകളിലുണ്ടാകുന്നുണ്ട്. പഞ്ചായത്ത് പ്രസിഡന്റുമാരിൽ 50 ശതമാനം സ്ത്രീകളാണ്. അത്തരമൊരു സംവിധാനം ഉണ്ടായപ്പോൾ, ഭരണം എപ്രകാരമാകുമെന്നതിനെക്കുറിച്ച് സംശയങ്ങളും ആശങ്കകളും പ്രകടിപ്പിച്ചവർക്ക് ശക്തമായ മറുപടിയാണ് വനിതകൾ പ്രസിഡന്റായ പഞ്ചായത്തുകൾ അവരുടെ പ്രവർത്തനങ്ങളിലൂടെ നൽകിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തുകൾക്ക് മുൻ സാമ്പത്തിക വർഷത്തെക്കാൾ 8 ശതമാനം ഫണ്ട് അധികം വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഫണ്ട് വിനിയോഗത്തിലും നികുതി പിരിവിലും 100 ശതമാനം കൈവരിച്ച എത്രയോ പഞ്ചായത്തുകളുണ്ട്. മനസ്സുവച്ചാൽ സാധിക്കാത്തതായി ഒന്നുമില്ല. തെരഞ്ഞെടുപ്പ്, ഉപതെരഞ്ഞെടുപ്പ് തുടങ്ങി പലതരത്തിലുള്ള പ്രതിബന്ധങ്ങൾ ഉണ്ടായിട്ടും പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ നമുക്ക് കഴിഞ്ഞു.

കേരളത്തിൽ മുപ്പത്തിയെട്ട് ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് ഗ്രാമസഭയെക്കുറിച്ച് പരിശീലനം നൽകി കഴിഞ്ഞു. എങ്ങനെയാണ് ഗ്രാമസഭ യോഗം ചേരേണ്ടതെന്ന് ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനുവേണ്ടിയാണ് ഗ്രാമയാത്ര നടത്തുന്നത്. ഒരു ഗ്രാമസഭ കൂടുന്നതിനു മുമ്പ് മറ്റു ചില സഭകൾ കൂടി യോഗം ചേരേണ്ടതുണ്ട്. വയോജനങ്ങൾ, ബാലസഭകൾ, സ്ത്രീകൾ തുടങ്ങിയവരുടെ സഭകളാണവ. ഈ സഭകളിൽ നിന്നുള്ള അഭിപ്രായങ്ങൾ കൂടി ക്രോഡീകരിച്ച് യഥാർത്ഥ ഗ്രാമസഭകളിൽ അവതരിപ്പിക്കുമ്പോൾ മാത്രമേ ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയ വികസനം സാധ്യമാകൂ. നിയമപരമായി നാലു ഗ്രാമസഭകളാണ് യോഗം ചേരേണ്ടത്. മൂന്നു ഗ്രാമസഭകൾ സ്റ്റാറ്റ്യൂട്ടറിയും ഒരു പ്രത്യേക ഗ്രാമസഭയും (പോഷകാഹാരം, ഇമ്മ്യൂണൈസേഷൻ തുടങ്ങിയവ) ചേരുന്നത് സംബന്ധിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്. ഗ്രാമസഭകൾ നിർബന്ധമാണ്. അത് ലാഘവത്തോടെ കാണുന്ന സമീപനം സർക്കാർ ഗൗരവമായി എടുക്കും. ഗ്രാമസഭകൾ ആളില്ലാ സഭകളായി മാറുകയും, പേരിനുവേണ്ടി തട്ടിക്കൂട്ടുന്ന സഭകളായി മാറുന്നതും, വീട്ടിൽ പോയി ഒപ്പിടുന്ന സംവിധാനവുമൊന്നും ഇനി കേരളത്തിൽ നടക്കില്ല.

ഓണറേറിയവും സിറ്റിംഗ് ഫീയും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കും. വാഹനങ്ങൾ കണ്ടംചെയ്ത് പുതിയ വാഹനം വാങ്ങിക്കുന്നതിന് നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കും. അംഗങ്ങൾക്കുള്ള ഇൻഷ്വറൻസിന്റെ പ്രീമിയം തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അർഹരായ എല്ലാവർക്കും പെൻഷൻ നൽകുന്നതിന് പഞ്ചായത്തുകൾ മുൻകൈയെടുത്ത് പ്രവർത്തിക്കണം.

കുടുംബശ്രീയും പഞ്ചായത്തുകളും പരസ്പരപൂരകമായി പ്രവർത്തിക്കണം. അതേസമയം അവരുടേതായ സ്വാതന്ത്ര്യവും ഉണ്ട്. കുടുംബശ്രീയുമായി കൈകോർത്ത്കൊണ്ട് അവർക്കാവശ്യമായ കേന്ദ്രസഹായങ്ങൾ വാങ്ങി നൽകുന്നതിന് പഞ്ചായത്തുകൾ ശ്രമിക്കണം.■

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ ഏപ്രിൽ 24ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ നടത്തിയ പ്രസംഗത്തിൽ നിന്ന്)

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകണം – കെ.എം. മാണി

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നടന്ന എറ്റവും വലിയ വിപ്ലവം 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾ ഉണ്ടായതാണ്. ജനാധിപത്യത്തിൽ ജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തം നൽകുന്നതിനുവേണ്ടിയാണ് പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നത്. നയാവിഷ്ക്കരണത്തിലും പദ്ധതി നിർവ്വഹണത്തിലും ജനങ്ങളുടെ മെച്ചപ്പെട്ട പങ്കാളിത്തം ഉണ്ടായിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തേണ്ടതുണ്ട്. ഈ രംഗത്ത് എന്തെങ്കിലും കൈവിലങ്ങുകൾ ഉണ്ടെങ്കിൽ അതുമാറ്റിക്കൊണ്ട് കൂടുതൽ ഉൾഭരണ സ്വാതന്ത്ര്യം പഞ്ചായത്തുകൾക്ക് നൽകണം. പദ്ധതി രൂപീകരണ വേളയിൽ ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും പദ്ധതികൾക്ക് ക്ലിയറൻസ് ആവശ്യമാണോയെന്നും അത് എങ്ങനെ ശാസ്ത്രീയമായും കാര്യക്ഷമമായും പുനസംവിധാനം ചെയ്യാൻ കഴിയുമെന്നും സർക്കാർ ഗൗരവമായി ആലോചിക്കും.

സേവന പ്രദാന സമ്പ്രദായം (സർവ്വീസ് ഡെലിവറി സിസ്റ്റം) കുറ്റമറ്റതാകണം. ജനങ്ങൾക്ക് പഞ്ചായത്തുകളിൽ നിന്നും മെച്ചപ്പെട്ട സേവനം ലഭിക്കണം. സേവനാവകാശ നിയമം കൊണ്ടുവരാൻ ആലോചിക്കുകയാണ്. മെച്ചപ്പെട്ട സേവനം ലഭിക്കുക എന്നത് ജനങ്ങളുടെ അവകാശമാണ്. കൊടുക്കുക എന്നത് സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ചുമതലയും. ആ ചുമതല പൂർണ്ണമായും നമുക്ക് നിറവേറ്റണ്ടതായിട്ടുണ്ട്. അങ്ങനെയുള്ള ഒരു രംഗത്ത് ഇ–ഗവേണൻസ് പഞ്ചായത്തുകളിൽ നടപ്പിലാക്കിയത് ശ്ലാഘനീയമാണ്. അതിന്റെ മുന്നോടിയായിട്ടാണ് വസ്തു നികുതി പോസ്റ്റ് ഓഫീസ് വഴി അടയ്ക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയത്.

പോസ്റ്റോഫീസ് വഴി നികുതി അടയ്ക്കുന്നതിനുള്ള സംവിധാനത്തിന്റെ ഉദ്ഘാടനം ധനകാര്യ വകുപ്പു മന്ത്രി കെ.എം. മാണി നിർവ്വഹിക്കുന്നു. പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സമീപം.

ഇക്കൊല്ലം പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട രണ്ട് ദൗത്യങ്ങൾ ഉണ്ട്. ഇതിൽ ഏറ്റവും പ്രധാനം ഉറവിട മാലിന്യസംസ്ക്കരണമാണ്. നമ്മുടെ കേരളം മാലിന്യമുക്തമാകണം. കേരളം ദൈവത്തിന്റെ നാടാണ്. പക്ഷേ കോഴിക്കോടും കൊച്ചിയിലും കോട്ടയത്തും തിരുവനന്തപുരത്തും വന്നാൽ മാലിന്യകൂമ്പാരങ്ങളാണ് എവിടെയും. കൊതുകുകൾ വർദ്ധിക്കുന്നു. പകർച്ചവ്യാധികൾ വ്യാപിക്കുന്നു. ദുർഗന്ധം വമിക്കുന്നു. ആരോഗ്യം നശിക്കുന്നു എങ്ങും. ദൈവത്തിന്റെ നാടെന്ന് പറഞ്ഞ് നമുക്ക് അഭിമാനിക്കുവാൻ കഴിയുമോ? പഞ്ചായത്ത് പ്രസിഡന്റുമാരും അംഗങ്ങളും അവരവരുടെ വാർഡുകളിൽ യോഗം വിളിച്ചുചേർത്ത് ഉറവിട മാലിന്യസംസ്ക്കരണം നടപ്പിലാക്കുന്നതിന് നേതൃത്വം നൽകണം. 850 രൂപയുടെ രണ്ട് കുഴലുകൾ സ്ഥാപിച്ച് അതിൽ ജൈവമാലിന്യങ്ങൾ നിക്ഷേപിച്ചാൽ അത് വളമായി മാറും. 10000 രൂപ മുടക്കുവാൻ കഴിയുന്നവർക്ക് ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാം. ഗവൺമെന്റ് അതിന് 75% സബ്സിഡി നൽകും.

രണ്ടാമതായി ഹൈടെക് കൃഷി രീതി നടപ്പിലാക്കുന്നതിനായി ഗ്രീൻ ഹൗസ് സ്ഥാപിക്കലാണ്. ഗ്രീൻ ഹൗസ് ഒരു പോളിത്തീൻ കമ്പ്യൂട്ടറൈസ്ഡ് ഷെഡാണ്. അതിനുള്ളിൽ നിർദ്ദിഷ്ട അളവിൽ സൂര്യപ്രകാശവും ഈർപ്പവും വെള്ളവും വളവും നൽകിയാൽ പറമ്പുകളിൽ നിന്നും ലഭിക്കുന്നതിനെക്കാൾ പത്ത് ഇരട്ടി പച്ചക്കറികളും പഴങ്ങളും 365 ദിവസവും നമുക്ക് ഉൽപ്പാദിപ്പിക്കുവാൻ കഴിയും. ഓരോ പഞ്ചായത്തിലും സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒരു പോളിഹൗസും പഞ്ചായത്ത്–കർഷക കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ രണ്ട് പോളിഹൗസും ഉൾപ്പെടെ ആകെ 3 വീതം സംസ്ഥാനത്തൊട്ടാകെ 3000 പോളിഹൗസുകൾ ഇക്കൊല്ലം സ്ഥാപിക്കണം. 5 സെന്റ് സ്ഥലവും 4.5 ലക്ഷം രൂപയും മതി ഒരു പോളിഹൗസ് ആരംഭിക്കുവാൻ. 75% സബ്സിഡി സർക്കാർ നൽകും. കേരളത്തിന്റെ കാർഷിക മേഖലയിൽ വമ്പിച്ച ഒരു മാറ്റം വരുത്തുന്ന ഈ പ്രക്രിയയിൽ പഞ്ചായത്തുകൾ പങ്കാളികളാകണം.■

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ ഏപ്രിൽ 24ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ ധനകാര്യവകുപ്പു മന്ത്രി കെ.എം. മാണി നടത്തിയ പ്രസംഗത്തിൽ നിന്ന്)

പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുന്ന ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ശോഭ കോശി, പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി എൻ. സ്നേഹജൻ, കില ഡയറക്ടർ ഡോ. പി.പി. ബാലൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരായ എ. സെയ്ദ്, കെ.പി. സാബുക്കുട്ടൻ നായർ, ജെ.ആർ. ഗോപകുമാർ തുടങ്ങിയവർ വേദിയിൽ.

പോസ്റ്റോഫീസുകൾ വഴി വസ്തുനികുതി അടയ്ക്കാം

തിരുവനന്തപുരം കോർപ്പറേഷനിലെ തെരഞ്ഞെടുത്ത 41 പോസ്റ്റോഫീസുകളിലാണ് ഈ സംവിധാനം ആദ്യപടിയായി ഒരുക്കിയിട്ടുള്ളത്. ക്രമേണ ബാക്കി തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇത് വ്യാപിപ്പിക്കുന്നതാണ്.

സാധാരണക്കാരനുവേണ്ടി പുതുലോകത്തിലേക്കു തുറക്കുന്ന വാതായനങ്ങളാണ് ഇന്ന് തപാലാഫീസുകൾ. പരമ്പരാഗത പ്രവർത്തനമേഖലയ്ക്ക് പ്രാതിനിധ്യം നൽകിക്കൊണ്ടുതന്നെ അതിവേഗത്തിൽ മാറുന്ന കാലത്തിനും ആവശ്യങ്ങൾക്കും അനുസരിച്ച് വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒട്ടനവധി സേവനങ്ങൾ പോസ്റ്റോഫീസുകളിൽ ഇന്ന് ലഭ്യമാണ്. കേരളത്തിലെ ഓരോ ഗ്രാമത്തിലും വ്യാപിച്ചു കിടക്കുന്ന തപാൽ ശൃംഖല കേരള സർക്കാരിന്റെ നിരവധി സാമൂഹിക സേവനങ്ങളും ക്ഷേമപദ്ധതികളും ജനങ്ങളിലേക്ക് എത്തിച്ചുക്കൊണ്ടിരിക്കുകയാണ്. വാർദ്ധക്യ പെൻഷൻ, പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള വേതനം തുടങ്ങിയവ ഇവയിൽ ചിലതുമാത്രം. സേവനപാതയിൽ തപാൽ വകുപ്പ് മറ്റൊരു നാഴികക്കല്ലുകൂടി പിന്നിടുന്നു.... തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട നികുതികൾ ഇനി മുതൽ നിങ്ങളുടെ തൊട്ടടുത്ത പോസ്റ്റോഫീസിൽ അടയ്ക്കാവുന്നതാണ്.

പോസ്റ്റ് ഓഫീസുകൾവഴി സാധാരണ ജനങ്ങൾക്കും ഇ–പേയ്മെന്റ് മുഖേന നികുതി ഒടുക്കുവാനുള്ള സൗകര്യം ലഭ്യമാകുന്നു. നികുതിദായകന് അടുത്തുള്ള പോസ്റ്റോഫീസിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്, വാർഡ് നമ്പർ, ഡോർ നമ്പർ എന്നീ വിവരങ്ങൾ നൽകിയാൽ പ്രസ്തുത കെട്ടിടത്തിന് ബാധകമാകുന്ന നികുതിയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും തുടർന്ന് പണം അടച്ച് രസീത് കൈപ്പറ്റാവുന്നതുമാണ്.

ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ച സഞ്ചയ എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിന്റെ ഡേറ്റാബേസിൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ നികുതിദായകർക്ക് മാത്രമേ ആദ്യഘട്ടത്തിൽ ഈ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ സാധിക്കുകയുള്ളൂ.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ–ഗവേണൻസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ആണ് സഞ്ചയ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനങ്ങളും ലൈസൻസുകളും കൈകാര്യം ചെയ്യുന്ന പ്രക്രിയ സുഗമമാക്കുകയാണ് ഈ ആപ്ലിക്കേഷന്റെ പ്രധാന ഉദ്ദേശ്യം. വസ്തുനികുതി, തൊഴിൽ നികുതി, കെട്ടിടങ്ങളുടെ വാടക, ഡി&ഒ ലൈസൻസുകൾ, വിനോദ നികുതി, പരസ്യനികുതി, ഹാൾ ബുക്കിംഗ് തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ളതാണ് സഞ്ചയ സോഫ്റ്റ്‌വെയർ. സഞ്ചയ എൽ.ബി. മൊഡ്യൂൾ ഉപയോഗിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നികുതിദായകരുടെ വിവരങ്ങളും ഡിമാന്റും രേഖപ്പെടുത്തുന്നത്. സഞ്ചയ വെബ് മൊഡ്യൂൾ (http://www.tax.lsgkerala. gov.in) ഉപയോഗിച്ച് ഓൺലൈനായി (ഡെബിറ്റ് കാർഡ്/ക്രെഡിറ്റ്/നെറ്റ് ബാങ്കിംഗ്) നികുതിയടയ്ക്കാനുള്ള സംവിധാനവും ഇപ്പോൾ ലഭ്യമാണ്.

ഓൺലൈനായി നടത്തുന്ന പണമിടപാടുകളുടെ വിവരങ്ങൾ നികുതിദായകന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ്. ആയി തൽസമയം അറിയിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

ഇ–പേയ്മെന്റ് സംവിധാനത്തിലൂടെ ഡെബിറ്റ് കാർഡ്, ക്രെഡിററ് കാർഡ്, നെറ്റ് ബാങ്കിംഗ് എന്നിവ ഉണ്ടെങ്കിലേ ഓൺലൈനായി നികുതി ഒടുക്കുവാൻ സാധിക്കൂ. എന്നാൽ സാധാരണ ജനങ്ങൾക്കു കൂടി ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിനായിട്ടാണ് പോസ്റ്റ് ഓഫീസിന്റെ സംവിധാനം തെരഞ്ഞെടുത്തത്. അസസ്സ്മെന്റ് രജിസ്റ്ററിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും മുൻകാല വിവരങ്ങൾ സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതിദായകർക്ക് മാത്രമേ ഈ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ സാധിക്കൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മറ്റ് പണമിടപാടുകളും അവയുടെ ഡാറ്റാബേസ് തയ്യാറാക്കുന്ന മുറയ്ക്ക് ഭാവിയിൽ പോസ്റ്റോഫീസുകളിലൂടെ ഒടുക്കാവുന്നതാണ്.

തിരുവനന്തപുരം കോർപ്പറേഷനിലെ തെരഞ്ഞെടുത്ത 41 പോസ്റ്റോഫീസുകളിലാണ് ഈ സംവിധാനം ആദ്യപടിയായി ഒരുക്കിയിട്ടുള്ളത്. ക്രമേണ ബാക്കി തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇത് വ്യാപിപ്പിക്കുന്നതാണ്.■

പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ചു നടന്ന ഗ്രാമ ഭരണ-വികസന സംവാദം പരിപാടി ഗ്രാമവികസന വകുപ്പു മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

കേന്ദ്രപദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനങ്ങൾക്ക് പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കണം - കെ.സി. ജോസഫ്

അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച ഭരണഘടനാ ഭേദഗതി പാസ്സായ തീയതിയെ സ്മരിച്ചുകൊണ്ടാണ് ഇപ്രാവശ്യം മുതൽ കേരളത്തിൽ പഞ്ചായത്ത് ദിനം ആഘോഷിക്കുന്നത്. ഭരണഘടനാ ഭേദഗതിയിലൂടെ അധികാരവികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചത് സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ നിർണ്ണായക തീരുമാനമായിരുന്നു. രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക ഗവണ്മെന്റുകളാക്കാനും അതിന് ആവശ്യമായ അധികാരം നൽകുവാനുള്ള നിയമം കൊണ്ടുവന്നെങ്കിലും പാർലമെന്റിൽ അത് പാസ്സായില്ല. പിന്നീട് വന്ന നരസിംഹറാവു സർക്കാർ ആ നിയമം പാസ്സാക്കി. മഹാത്മാഗാന്ധിയുടെ സ്വപ്നം യാഥാർത്ഥ്യമാക്കുന്ന, ഒരു വലിയ നിയമമാണ് അത്. 1994-ൽ കേരള സംസ്ഥാനം ഭരണഘടനയുടെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാനനിയമം നിർമ്മിച്ചു. 1995-ൽ ആദ്യ തെരഞ്ഞെടുപ്പു നടന്നു. 4 തവണ തെരഞ്ഞെടുപ്പ് നടത്തി അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച് വളരെയേറെ അനുഭവസമ്പത്ത് കേരളം ഇന്ന് നേടിക്കഴിഞ്ഞു.

2012 ഏപ്രിൽ മുതൽ കേരളത്തിൽ 12-ാം പദ്ധതി ആരംഭിച്ചു കഴിഞ്ഞു. 12-ാം പദ്ധതിയുടെ അടങ്കൽ തുക 1,05,000 കോടി രൂപയാണ്. വാർഷിക പദ്ധതി അടങ്കൽ 14010 കോടി രൂപയും. കഴിഞ്ഞ തവണ ഇത് 12010 രൂപയായിരുന്നു. ഇതിന് പുറമെ കേന്ദ്രസർക്കാർ വ്യത്യസ്തമായ മേഖലകളിൽ ഏതാണ്ട് 320 കോടി രൂപ അധിക സഹായമായി വാഗ്ദാനം ചെയ്തിട്ടുണ്ട്. മാത്രമല്ല സ്കിൽ ഡവലപ്മെന്റിനായി പ്രത്യേക മേഖലകളിൽ സഹായം ലഭിക്കുവാൻ സാദ്ധ്യതയുമുണ്ട്. സമയബന്ധിതമായും സുതാര്യമായും പദ്ധതി നടപ്പാക്കാൻ സാധിച്ചാൽ കേന്ദ്ര ഫണ്ട് ലഭിക്കുവാൻ ഒരു തടസ്സവും ഉണ്ടാകില്ല. 2011-ലെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ സമയനഷ്ടം 2011-12 ലെ പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാരിന് ഉത്ക്കണ്ഠയുണ്ടായിരുന്നെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തുകയുടെ 95 ശതമാനം ചെലവ് ചെയ്ത് സർവ്വകാല റിക്കാർഡായി.

സർക്കാർ 12-ാം പഞ്ചവത്സര പദ്ധതി നടത്തിപ്പിൽ മാറ്റം വരുത്തുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം വരെ വാർഷിക പദ്ധതിയാണ് നാം നടപ്പിലാക്കിയത്. സാമ്പത്തിക വർഷം ആരംഭിച്ച് ഗ്രാമസഭകൾ ചേർന്ന് പദ്ധതി രൂപീകരണത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ ആറുമാസം കഴിഞ്ഞിരിക്കും. ഇതു കണക്കിലെടുത്താണ് 12-ാം പദ്ധതി മുതൽ മാറ്റം വരുത്തുവാൻ സർക്കാരും പ്ലാനിംഗ് ബോർഡും തീരുമാനിച്ചത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളെപ്പോലെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് പഞ്ചവത്സര പദ്ധതി ആവിഷ്ക്കരിച്ചിരിക്കുകയാണ്. അടുത്ത വർഷം മുതൽ പദ്ധതി നടത്തിപ്പ് ഏപ്രിൽമാസം മുതൽ ആരംഭിക്കുവാൻ കഴിയുമെന്നതാണിതിന്റെ നേട്ടം. പഞ്ചവത്സര പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ അന്തിമ പരിഗണനയിലാണ്.

അധികാരവികേന്ദ്രീകരണത്തിലുള്ള നമ്മുടെ അനുഭവങ്ങൾ പാഠമാകണം. എന്നും പരീക്ഷണത്തിന്റെ ആവശ്യമില്ല. കഴിഞ്ഞ 15 വർഷം പരീക്ഷണങ്ങളുടെ കാലഘട്ടമായിരുന്നു. പദ്ധതികൾ പലപ്പോഴും TAGയുടെ പരിശോധനയ്ക്കായി നൽകുന്നതുകൊണ്ട് ഉണ്ടാകുന്ന കാലതാമസവും അതുമായി ബന്ധപ്പെട്ട

പ്രശ്നങ്ങളും കണക്കിലെടുത്തുകൊണ്ടാണ് TAG ഇപ്രാവശ്യം മുതൽ വേണ്ടെന്ന് തീരുമാനിച്ചിരിക്കുന്നത്. പഞ്ചായത്ത് ഭരണസമിതിക്ക് അധികാരം ലഭിച്ചാൽ മാത്രമേ അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാകുകയുള്ളൂ. അല്ലാതെ റിട്ടയർചെയ്ത സർക്കാർ ജീവനക്കാർക്ക് അധികാരം നൽകലല്ല. ഭരണ സമിതിയുടെ തലയ്ക്ക് മുകളിൽ ഘടോൽക്കചന്മാരുടെ ആവശ്യമില്ല.

അഴിമതിയുണ്ടാകുമെന്ന് ഭയന്ന് ഒരു കാര്യവും ചെയ്യാതിരിക്കുന്നതിൽ അർത്ഥമില്ല. രാജീവ്ഗാന്ധി ഭാരത് നിർമ്മാൺയോജന പദ്ധതിക്ക് കീഴിൽ കേരളത്തിന് ലഭിക്കുന്ന ഫണ്ടുകൾക്ക് നിയന്ത്രണമില്ല. അത് ചെലവഴിക്കുവാൻ സാധിക്കുന്ന വിധത്തിൽ പദ്ധതികളുണ്ടാകണം. കേന്ദ്രസർക്കാർ പറഞ്ഞ രണ്ട് കാര്യങ്ങളിൽ കേരളത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഒന്നാമതായി MGNREGSന് മെറ്റീരിയൽ കമ്പോണന്റിന് വേണ്ടി 40% ചെലവഴിക്കുവാൻ നമുക്ക് അനുമതി നൽകിയിരുന്നു. നാമത് ചെലവഴിക്കാൻ തയ്യാറായില്ല. സ്ഥിരമായ ആസ്തികൾ ഉണ്ടാകുവാൻ സഹായകരമായ നിലയിൽ മെറ്റീരിയൽ കമ്പോണന്റിനു വേണ്ടി പണം മാറ്റിവച്ചിരുന്നുവെങ്കിൽ, ഉറപ്പായും MGNREGSൽ കൂടുതൽ പണം ചെലവഴിക്കുവാൻ സാധിക്കുമായിരുന്നു. 40% മെറ്റീരിയൽ കമ്പോണന്റിന് മാറ്റിവച്ചാൽ അഴിമതിയുണ്ടാകുമെന്നാണ് കാരണമായി പറഞ്ഞത്. അഴിമതിക്കുള്ള സാദ്ധ്യതകൾ അടയ്ക്കണം. മെറ്റീരിയൽ കമ്പോണന്റിന് 40% തുക ചെലവഴിക്കുവാൻ അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

രണ്ടാമതായി, രാജീവ്ഗാന്ധി വിശ്രമസങ്കേതത്തിന്റെ നിർമ്മാണത്തിനായി പഞ്ചായത്തുകൾക്ക് 25 ലക്ഷം രൂപ പൂർണ്ണ കേന്ദ്രസഹായം ലഭിക്കുന്നതും നമുക്ക് പ്രയോജനപ്പെടുത്താനായില്ല എന്നതാണ്. ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രമാണ് അതിന് ആരംഭമിടാൻ കഴിഞ്ഞത്. മെറ്റീരിയൽ കമ്പോണന്റിന് അനുവാദം കൊടുക്കാതിരുന്നതുകൊണ്ടാണ് അത് നടക്കാതിരുന്നത്. ഈ സാമ്പത്തികവർഷം കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും രാജീവ്ഗാന്ധി വിശ്രമ സങ്കേതം പണി പൂർത്തീകരിക്കണം. അതിന് പ്രായോഗിക തടസ്സങ്ങൾ ഉണ്ടെങ്കിൽ സർക്കാർ പരിഹരിക്കും. അഴിമതിയെ ഭയപ്പെട്ടുകൊണ്ട് അനാവശ്യമായ കാലതാമസം വരുത്തുന്നത് ഗുണകരമല്ല. അതു പദ്ധതി നടത്തിപ്പിന് കാലതാമസമുണ്ടാക്കും. പശ്ചാത്തല, ഉൽപ്പാദന, സേവന മേഖലകൾക്ക് ചെലവഴിക്കാവുന്ന വിഹിതത്തിന്റെ പരിധി മാറ്റി 20% തുക ഉപാധിരഹിതഫണ്ടായി നൽകുവാനാണ് സർക്കാർ ആലോചിക്കുന്നത്. പദ്ധതി നടത്തിപ്പിന് സുതാര്യമായ സംവിധാനം ഉണ്ടാക്കുവാൻ കഴിയണം. പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തുകൊണ്ട് അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുകയെന്നതാണ് സർക്കാരിന്റെ നയം.

പഞ്ചായത്തുകളുടെ ജോലിഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. MGNREGSൽ 200 ദിവസം തൊഴിൽ നൽകണമെന്ന ആവശ്യം ഒരു ഭാഗത്ത് ഉയരുമ്പോൾ മറുഭാഗത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ശരാശരി തൊഴിൽ ദിനം 44 ദിവസം മാത്രമാണെന്ന വസ്തുത നാം ഓർക്കണം. കന്നുകാലി വളർത്തൽ, ക്ഷീരവികസനം, ഫിഷറീസ്, കയർ, ഖാദി, മാലിന്യസംസ്ക്കരണം എന്നീ മേഖലകളെക്കൂടി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രപദ്ധതികളുടെ നടത്തിപ്പിൽ ഓരോ സംസ്ഥാനത്തിനും പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകണമെന്നതാണ് കേരളത്തിന്റെ നിലപാട്.

PMGSYൽ കേരളം ആദ്യ കോർനെറ്റ് വർക്കിൽ ഉൾപ്പെടുത്തിയ പ്രവർത്തികൾ പരിമിതമായിരുന്നു. 970 കോടി രൂപയുടെ പദ്ധതിക്കാണ് കേരളത്തിന് അനുമതി ലഭിച്ചത്. ഈ കാലഘട്ടത്തിൽ ആന്ധ്രാപ്രദേശിന് 4100 കോടി രൂപയും കർണ്ണാടകത്തിന് 3300 കോടി രൂപയും തമിഴ്നാടിന് 2200 കോടി രൂപയും ലഭിച്ചു. ഏഴ് ഘട്ടമായി കേരളത്തിന് ലഭിച്ച പണം ചെലവഴിക്കുവാനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 300 ഓളം പ്രവർത്തികൾ ടെണ്ടർപോലും ചെയ്തിരുന്നില്ല. 2007ലെ എസ്റ്റിമേറ്റ് നിരക്കിൽ പണി ചെയ്യുവാൻ ആരും തയ്യാറല്ല എന്നതായിരുന്നു കാരണം. ടെണ്ടർ എക്സസ് സംസ്ഥാനം നൽകിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കണമായിരുന്നു. എന്നാൽ PWD നിരക്കനുസരിച്ച് ടെണ്ടർ എക്സസ് നൽകുവാൻ സർക്കാർ ഇപ്പോൾ തീരുമാനിക്കുകയും അതിനായി കഴിഞ്ഞ പദ്ധതിയിൽ 50 കോടി രൂപയും ബഡ്ജറ്റിൽ 20 കോടി രൂപയും വകകൊള്ളിച്ചു. ഇതിനെ തുടർന്ന് 50 പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറിലേർപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള 250 പ്രവൃത്തികൾ പാക്കേജ് അല്ലാതെ ഓരോ പ്രവർത്തിയായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അപ്രകാരം പരമാവധി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ശ്രമിക്കും. PMGSY-യുടെ 8-9 ഘട്ടങ്ങളിൽ 3000 കിലോമീറ്റർ റോഡിന്റെ അനുമതിക്കായി കേന്ദ്രത്തോട് സംസ്ഥാനം അപേക്ഷിച്ചിട്ടുണ്ട്. ■

(തിരുവനന്തപുരത്ത് ഇടപ്പഴിഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ പഞ്ചായത്ത് ദിനാഘോഷം പരിപാടിയോടനുബന്ധിച്ച് ഏപ്രിൽ 23ന് രാവിലെ നടന്ന "ഗ്രാമ-ഭരണ വികസന സംവാദം" ഉദ്ഘാടനം ചെയ്തുകൊണ്ട് ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് നടത്തിയ പ്രസംഗത്തിൽ നിന്ന്)

പഞ്ചായത്ത് ദിനാഘോഷം 2012
പ്രദർശന നഗരിയിൽ നിന്ന്

വികേന്ദ്രീകരണം സൃഷ്ടിച്ച മാറ്റം പഠനവിധേയമാക്കണം – ജി. കാർത്തികേയൻ

അധികാരവികേന്ദ്രീകരണം വന്നതിനുശേഷം ഗ്രാമ/ബ്ലോക്ക്/ജില്ലാതലങ്ങളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും നടന്ന അധികാര കൈമാറ്റം കേരളത്തിൽ വികസനത്തിന്റെ സ്വഭാവം മാറ്റിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ട സമയം കഴിഞ്ഞു. മുമ്പുണ്ടായിരുന്ന ഭരണ സംവിധാനത്തെക്കാൾ അധികാരവികേന്ദ്രീകരണത്തെ തുടർന്നുണ്ടായ പഞ്ചായത്ത് ഭരണത്തിൽ കൂടുതൽ ഊർജ്ജസ്വലതയും ദൃശ്യതയും പ്രകടമാണ്. പഞ്ചായത്തുകളിൽ 50% ഭരണസമിതിയംഗങ്ങൾ സ്ത്രീകളാണ്. സ്ത്രീകൾകൂടി അധികാരം പങ്കിടുന്ന സാഹചര്യത്തിൽ അതിന്റെ മാറ്റം എപ്രകാരമാണെന്ന് പഠിക്കേണ്ടതുണ്ട്. പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് സമയത്ത് രാഷ്ട്രീയം ഉണ്ടാകാം. എന്നാൽ അതിനുശേഷം സൗഹൃദത്തോടും ഏകോപനത്തോടും രാഷ്ട്രീയ ചിന്താഗതികൾക്കതീതമായി പ്രവർത്തിക്കുവാൻ കഴിഞ്ഞാൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.■

പഞ്ചായത്ത് ദിനാഘോഷം 2012 – സമാപനസമ്മേളനത്തിൽ നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ ഉദ്ഘാടനപ്രസംഗം നടത്തുന്നു.

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ.ഡി. ആർ. ഹാളിൽ ഏപ്രിൽ 24ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ സമാപനസമ്മേളനത്തിൽ നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ നടത്തിയ പ്രസംഗത്തിൽ നിന്ന്)

മാലിന്യസംസ്ക്കരണത്തിന് മുൻഗണന നല്കണം – വി.എസ്. ശിവകുമാർ

അധികാരവികേന്ദ്രീകരണത്തിലൂടെ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുകയെന്നതാണ് സർക്കാരിന്റെ നയം. അതിനാവശ്യമായ നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. പഞ്ചായത്തുകൾ ഏറ്റവും പ്രാധാന്യം കല്പിക്കേണ്ടത് ശുചിത്വത്തിനും മാലിന്യസംസ്ക്കരണത്തിനുമാണ്. ജൂൺ മാസത്തിനു മുമ്പ് സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കുന്നതിനുവേണ്ടി ഏറ്റവും കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. കേരളത്തിലെ നഗരഗ്രാമ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള പ്രവർത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികളിൽ നിന്നും ഉണ്ടാകണം. തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് ഏപ്രിൽ 27ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചനായോഗം നടത്തുകയാണ്. അതനുസരിച്ച് താഴെത്തട്ടിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ വരുമ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.■

പഞ്ചായത്ത് ദിനാഘോഷം 2012: ശുചിത്വഗ്രാമം-ഹരിതഗ്രാമം പദ്ധതിയുടെ ലോഗോ ആരോഗ്യം-ദേവസ്വം വകുപ്പുമന്ത്രി വി.എസ്. ശിവകുമാർ പ്രകാശനം ചെയ്യുന്നു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി സി.പി. റസാഖ് മന്ത്രിയിൽ നിന്നും ലോഗോ ഏറ്റുവാങ്ങുന്നു. പഞ്ചായത്ത് ഡയറക്ടർ (i/c) ജെ. സദാനന്ദൻ, അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു എന്നിവരും സമീപം.

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ ഏപ്രിൽ 24ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ ആരോഗ്യം-ദേവസ്വം വകുപ്പുമന്ത്രി വി.എസ്. ശിവകുമാർ നടത്തിയ പ്രസംഗത്തിൽ നിന്ന്)

പട്ടികജാതി വികസന ഫണ്ട് വിനിയോഗ നടപടിക്രമങ്ങൾ ലഘൂകരിക്കും – എ.പി. അനിൽകുമാർ

പഞ്ചായത്തുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അതിന്റെ പരിമിതികളും പരാധീനതകളും വിശാലതയുമൊക്കെ, നാം ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. അധികാരവികേന്ദ്രീകരണം പൂർണ്ണ അർത്ഥത്തിൽ നടപ്പായിട്ടില്ല. തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയും ഉദ്യോഗസ്ഥരും ഒരേ രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുമ്പോൾ മാത്രമാണ് നാം ഉദ്ദേശിക്കുന്ന രീതിയിൽ വികസനം നടക്കുകയുള്ളൂ.

തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്ക് അധികാരം നൽകിക്കൊണ്ട് അധികാരവികേന്ദ്രീകരണം യഥാർത്ഥ്യമാക്കുവാൻ നമുക്ക് കഴിയണം. ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ ധാരാളം പരിമിതികൾ ഉണ്ടെന്ന കാര്യം യാഥാർത്ഥ്യമാണ്. ഇക്കാര്യം തിരിച്ചറിഞ്ഞതിനാലാണ് ഉപാധിരഹിത ഫണ്ട് വീണ്ടും നൽകുവാൻ തീരുമാനിച്ചത്. അതു പണം ചെലവഴിക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം നൽകും.

പട്ടികജാതി വികസന ഫണ്ട് വിനിയോഗത്തിൽ നിരവധി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പഞ്ചായത്തുകൾ നേരിടുന്നുണ്ട്. അതു ഫലപ്രദമായി വിനിയോഗിക്കുന്നതിന് വ്യവസ്ഥകളിൽ എത്ര മാത്രം ലഘൂകരണം നടത്തണമെന്നും എന്തൊക്കെയാണ് തടസ്സമായി നിൽക്കുന്നതെന്നും കണ്ടെത്തി പരമാവധി ഫണ്ട് വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. കഴിഞ്ഞ സാമ്പത്തിക വർഷം 100% പട്ടികജാതി വികസനഫണ്ട് വിനിയോഗിച്ച പഞ്ചായത്തുകൾ ഉണ്ട്. പട്ടികജാതി ഫണ്ട് പൂർണ്ണമായി ചെലവഴിക്കുന്ന പഞ്ചായത്തുകൾക്ക് സംസ്ഥാന പട്ടികജാതിക്ഷേമ വകുപ്പ് അവാർഡ് ഏർപ്പെടുത്തും.

ഉത്തരവാദിത്വ ടൂറിസം പല പഞ്ചായത്തുകളും നടപ്പാക്കി വരുന്നുണ്ട്. അത് കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. അതിലും പഞ്ചായത്തുകളുടെ നല്ല രീതിയിലുള്ള ഇടപെടലുകൾ ഉണ്ടാകണം.■

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ. ഡി.ആർ. ഹാളിൽ ഏപ്രിൽ 24ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ ടൂറിസം പട്ടികജാതി ക്ഷേമവകുപ്പ് മന്ത്രി എ.പി. അനിൽകുമാർ നടത്തിയ പ്രസംഗത്തിൽ നിന്ന്)

പഞ്ചായത്ത് ദിനാഘോഷം 2012 – പഞ്ചായത്ത്‌രാജ് മാസികയുടെ പ്രത്യേകപതിപ്പ് ടൂറിസം പട്ടികജാതി ക്ഷേമവകുപ്പ് മന്ത്രി എ.പി. അനിൽകുമാർ പ്രകാശനം ചെയ്യുന്നു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാനകമ്മിറ്റിയംഗം സി.കെ.എ. റസാഖ് മന്ത്രിയിൽ നിന്നും മാസിക ഏറ്റുവാങ്ങുന്നു. മുൻ പഞ്ചായത്ത് വകുപ്പുമന്ത്രി സി.റ്റി. അഹമ്മദലി സമീപം.

ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം: വെബ് സർവീസ് ഉദ്ഘാടനം ചെയ്തു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓൺലൈനായി സാംഖ്യ വെബ് ഷെഡ്യൂളിലൂടെ ലഭ്യമാക്കാൻ സാധിക്കുന്ന തരത്തിലുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ (www.finance.lsgkerala. gov.in) ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിരിക്കുന്നു. ഇതിലൂടെ താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാകും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട് കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ട്രയൽ ബാലൻസ്, ബാങ്ക് റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്, കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്, ജേണൽ ബുക്ക്, ലഡ്ജറുകൾ എന്നിവയുടെ എം.ഐ.എസ് റിപ്പോർട്ടുകൾ വെബ്സൈറ്റിലൂടെ ലഭ്യമാകുന്നതാണ്.

വരുമാനം, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച ക്രോഡീകരിച്ച റിപ്പോർട്ടുകളും സംസ്ഥാന, ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വെബ്സൈറ്റിലൂടെ ലഭ്യമാകും.■

പഞ്ചായത്ത് ദിനാഘോഷം 2012: ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ വെബ്സർവ്വീസ് പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ ഉദ്ഘാടനം ചെയ്യുന്നു.

ഭരണസമിതി അംഗങ്ങൾ ഒത്തൊരുമയോടെ പ്രവർത്തിക്കണം – മഞ്ഞളാംകുഴി അലി

സാധാരണക്കാർക്ക് ആശ്രയം പഞ്ചായത്തുകളാണ്. 90% സേവനങ്ങളും ഗ്രാമപഞ്ചായത്തുകളിൽ നിന്നാണ് ജനങ്ങൾക്ക് ലഭിക്കുന്നത്. പഞ്ചായത്തുകൾ മികച്ച രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ വികസനകാര്യത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. സംസ്ഥാന പദ്ധതി അടങ്കലിന്റെ മൂന്നിലൊന്നു ഭാഗം പഞ്ചായത്തുകൾക്ക് ലഭിക്കുന്നുവെങ്കിലും അത് വേണ്ട രീതിയിൽ ചെലവഴിക്കുവാൻ കഴിയുന്നില്ലായെന്നതാണ് നാം അഭിമുഖീകരിക്കുന്ന പ്രശ്നം. അതിന് പരിഹാരമായാണ് പഞ്ചവത്സര പദ്ധതി പഞ്ചായത്തുകളിലും നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. പതിനൊന്നാം പഞ്ചവത്സര പദ്ധതിക്ക് 40000 കോടി രൂപയാണ് അടങ്കലെങ്കിൽ 12–ാം പദ്ധതിയിൽ അത് 105000 കോടിയാണ്. നല്ല രീതിയിലുള്ള പ്രവർത്തനം നടത്തിയാൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ നിരവധി വികസന സംരംഭങ്ങളും ക്ഷേമപ്രവർത്തനങ്ങളും പൂർത്തീകരിക്കുവാൻ കഴിയും.

പഞ്ചായത്ത് ദിനാഘോഷം 2012 – ഗ്രാമയാത്രയുടെ അവതരണഗാന സിഡി നഗരകാര്യ വകുപ്പു മന്ത്രി മഞ്ഞളാംകുഴി അലി പ്രകാശനം ചെയ്യുന്നു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി എൻ. സ്നേഹജൻ മന്ത്രിയിൽ നിന്നും സി.ഡി. ഏറ്റുവാങ്ങുന്നു. മന്ത്രി ഡോ. എം.കെ. മുനീർ, അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യൂ എന്നിവർ സമീപം.

കേരളം ഇന്ന് നേരിടുന്ന വലിയ പ്രശ്നമാണ് മാലിന്യ സംസ്ക്കരണം. ജനങ്ങളുടെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണമില്ലാതെ മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പാക്കാൻ പ്രയാസമാണ്. അതു തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനം എല്ലാവരുടെയും ഭാഗത്തു നിന്നുണ്ടാവണം.

നമ്മുടെ പഞ്ചായത്തുകളിൽ ജയിച്ചു വരുന്ന സർവ്വ അംഗങ്ങളും ഭരണസമിതിയിലെ അംഗങ്ങളാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളെ പോലെയല്ല. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെയുള്ള ഒരുമയോടെയുള്ള ഒരു പ്രവർത്തന രീതി പഞ്ചായത്തുകൾക്ക് അത്യാവശ്യമാണ്. അങ്ങനെ പ്രവർത്തിച്ചാൽ ജനങ്ങളുടെ സ്വപ്നങ്ങൾ പൂവണിയിക്കാൻ നമുക്ക് കഴിയും. അതിനുവേണ്ടി എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കണം.■

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ. ഡി.ആർ. ഹാളിൽ ഏപ്രിൽ 24ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ നഗരകാര്യ വകുപ്പുമന്ത്രി മഞ്ഞളാംകുഴി അലി നടത്തിയ പ്രസംഗത്തിൽ നിന്ന്)

ശുചിത്വത്തിനു പ്രാധാന്യം നൽകണം – സി.റ്റി. അഹമ്മദലി

ശുചിത്വത്തിന്റെ കാര്യത്തിൽ കേരളം ഏറ്റവും മുന്നിലായിരുന്നു. എന്നാൽ അടുത്ത കാലത്ത് മാലിന്യ സംസ്ക്കരണം ഒരു പ്രധാന വെല്ലുവിളിയായി മാറിയിരിക്കുന്നു. അതുകൊണ്ട് പഞ്ചായത്തുകളും നഗരസഭകളും മാലിന്യ നിർമ്മാർജ്ജനത്തിനായിരിക്കണം പ്രഥമ പരിഗണന നൽകേണ്ടത്. മാലിന്യ സംസ്ക്കരണത്തിന് അത്യാധുനിക യന്ത്രസാമഗ്രികൾ ആഗോള ടെണ്ടറിലൂടെ ഇറക്കുമതി ചെയ്യാൻ സിഡ്കോ തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും പഞ്ചായത്തുകൾ മുന്നോട്ടു വരണം.

പഞ്ചായത്തുകളിൽ ജോലിഭാരം വർദ്ധിച്ചുവെങ്കിലും പതിനെട്ടുകൊല്ലം മുമ്പുണ്ടായിരുന്ന തസ്തികകളാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതു പരിഹരിക്കുന്നതിനുവേണ്ടി സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കണം. ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ തുടങ്ങിയ മേഖലകളിൽ നിന്നും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തുകൾ പരിശ്രമിക്കണം.■

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ ഏപ്രിൽ 24ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ മുൻ പഞ്ചായത്തു വകുപ്പുമന്ത്രി സി.റ്റി. അഹമ്മദലി നടത്തിയ പ്രസംഗത്തിൽ നിന്ന്)

പഞ്ചായത്ത് രാജ്

ജനാധിപത്യത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കലാണ് വികേന്ദ്രീകരണത്തിന്റെ യുക്തി – സി.പി. ജോൺ

1994 മുതൽ ഒരു പുതിയ ഘട്ടത്തിലേക്ക് പഞ്ചായത്തീരാജ് കടന്നിരിക്കുന്നു. 1994–95 മുതൽ ആരംഭിച്ച ആ പ്രക്രിയ 2012–13 ൽ എത്തിയിരിക്കുകയാണ്. ഏതാണ്ട് 18–19 വർഷത്തിന്റെ പഴക്കം പുതിയ പഞ്ചായത്തീരാജിന് വന്നിരിക്കുന്നു. ഇക്കഴിഞ്ഞ വർഷങ്ങളിൽ പഞ്ചായത്തീരാജ് അധികമായി നേടിയത് എന്താണ് എന്നു പരിശോധിക്കുവാൻ ഗൗരവമായ ഒരു പഠനം കേരളത്തിൽ നടന്നിട്ടില്ല എന്നതാണ് വാസ്തവം. റോഡുകൾ, വീടുകൾ, കുടിവെള്ള പദ്ധതികൾ തുടങ്ങി എടുത്തു പറയത്തക്ക നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അത്തരത്തിലൊരു പഠനം ഏതെങ്കിലും ഒരു മേഖലയിലെങ്കിലും നടത്താനാണ് സംസ്ഥാന പ്ലാനിംഗ് ബോർഡ് ആലോചിക്കുന്നത്. അതിനുള്ള ഉത്തരവാദിത്വം സർക്കാരും പഞ്ചായത്ത് അസോസിയേഷനും മറ്റു സ്ഥാപനങ്ങളും ഏറ്റെടുക്കണം.

എന്താണ് വികേന്ദ്രീകരണത്തിന്റെ യുക്തി എന്നത് പലപ്പോഴും നാം പരിശോധിക്കാറില്ല. കേരളത്തിൽ റോഡുകളും വീടുകളും ഉണ്ടാകാൻ വികേന്ദ്രീകരണമല്ലാതെ കേന്ദ്രീകരണമായാൽ എന്താണ് കുഴപ്പം എന്ന ചോദ്യം വളരെ പ്രസക്തമാണ്. നാം പലപ്പോഴും അത് ആലോചിക്കാറില്ല. എന്തിനാണ് ഓരോ പഞ്ചായത്തിനും 2 കോടി രൂപവീതം നൽകുന്നത്? ഒരു കേന്ദ്രത്തിലിരുന്ന് ഇതെല്ലാം തീരുമാനിച്ചുകൂടേ? വാസ്തവത്തിൽ വികേന്ദ്രീകരണത്തിന്റെ യുക്തിയെന്നു പറയുന്നത് പദ്ധതികൾ നടപ്പാക്കുന്നതിൽ മാത്രമല്ല എന്ന കാര്യം പഞ്ചായത്ത് രാജ് പ്രതിനിധികൾ പ്രത്യേകം ഓർക്കണം.

കേന്ദ്രീകൃതമായി മുമ്പത്തെക്കാളും കാര്യങ്ങൾ ചെയ്യാൻ ഇന്ന് സൗകര്യമുള്ളപ്പോൾ എന്തുകൊണ്ട് വികേന്ദ്രീകരണം എന്നത് സൈദ്ധാന്തികമായ ചോദ്യമാണ്. വികേന്ദ്രീകരണത്തിന്റെ യുക്തി എന്നത് ജനാധിപത്യത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കലാണ്. ജനാധിപത്യം എന്നത് തെരഞ്ഞെടുപ്പിൽ ഒതുങ്ങുന്ന ഒരു പ്രക്രിയ അല്ല. ജനാധിപത്യം എന്നതുകൊണ്ട് ഒരു പുതിയ ജീവിതശൈലി തന്നെയാണ് നാം അർത്ഥമാക്കുന്നത്. ഒരു പുതിയ തരത്തിൽ ജീവിക്കുന്ന സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് ജനാധിപത്യത്തിന്റെ ലക്ഷ്യം. ജനാധിപത്യത്തിന് ഗുണമേന്മ ഉണ്ടാകണമെങ്കിൽ ജനങ്ങൾ അവരുടെ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാകണം. ജനങ്ങൾക്ക് അവരുടെ സ്വന്തം കാര്യങ്ങൾ ചെയ്യാൻ പണം കൊടുക്കുക എന്നതിലുപരി ജനങ്ങൾക്ക് അവരുടെ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തിയുണ്ടാക്കുക എന്നതാണ് ജനാധിപത്യത്തിന്റെ ഗുണമേന്മയുടെ പ്രധാന ഘടകം.

ജനാധിപത്യത്തിലുള്ള ജനങ്ങളുടെ വിശ്വാസമാണ് മറ്റൊരു പ്രധാനകാര്യം. കേന്ദ്രീകൃതമല്ലാത്ത ഭരണം എന്നത് പൗരന്മാരുടെ സ്വയം ഭരണമാണ്. പൗരന്മാരെ സ്വയംഭരണത്തിന് പ്രാപ്തമാക്കുമ്പോൾ പൗരന് ജനാധിപത്യത്തിൽ വിശ്വാസം ഉണ്ടാകും. അധികാരകേന്ദ്രങ്ങളിലേക്ക് ഏതൊരു പൗരനും നിസ്സംശയം നിർഭയം കടന്നുചെല്ലാൻ സാധിക്കുന്നുവെന്നതാണ് വികേന്ദ്രീകരണത്തിന്റെ കഴിഞ്ഞ 18 വർഷത്തെ നേട്ടം. ഒട്ടനവധി നല്ലകാര്യം ചെയ്യുന്ന ഏകാധിപതിയെക്കാളും ശരിതെറ്റുകളിലൂടെ (Trial & Error) നടക്കുന്ന ജനാധിപത്യ പ്രക്രിയയാണ് നല്ലത് എന്നതാണ് വികേന്ദ്രീകരണത്തിന്റെ യുക്തി.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഏതാണ്ട് 30000 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. ഈ തുക ചെലവഴിക്കുന്നത് സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാകണം. മാലിന്യ നിർമ്മാർജ്ജനത്തിന് നൽകുന്ന പ്രാധാന്യം തന്നെ കുടിവെള്ളം ശുദ്ധീകരിക്കുന്നതിനും നൽകണം. കുടിവെള്ള ഗുണനിലവാരം പരിശോധിക്കുവാൻ പഞ്ചായത്തുകൾ മുന്നോട്ടു വരണം. പട്ടികജാതി–പട്ടികവർഗ്ഗ ഫണ്ടിന്റെ 90% ചെലവഴിച്ചില്ലെങ്കിൽ ജനറൽ ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്ന സമ്പ്രദായം നിർത്തലാക്കിക്കഴിഞ്ഞു. 1569 കോടി രൂപയാണ് SCP/TSP പദ്ധതികൾക്കായി ഇപ്രാവശ്യം വകകൊള്ളിച്ചിട്ടുള്ളത്. ഇതിൽ എത്ര തുക റോഡിന് ചെലവഴിക്കണമെന്ന് ഒരു തീരുമാനം വേണം. പട്ടികജാതി കോളനികളിലേക്കുള്ള റോഡ് SCP ഫണ്ട് മാത്രം ഉപയോഗിച്ചേ നന്നാക്കുകയുള്ളൂ എന്ന വാശി പാടില്ല. മറിച്ച് പട്ടികജാതി കുടുംബങ്ങളുടെ നിലവാരം ഉയർത്തുന്ന ഒരു സമീപനം ഉണ്ടാകണം. പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന ഭൂരഹിതരായ പട്ടികജാതിക്കാർക്കും ഗൾഫ് രാജ്യങ്ങളിൽ ജോലി തേടുന്ന പട്ടികജാതിക്കാർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനുമൊക്കെ സഹായം നൽകാൻ പഞ്ചായത്തുകൾ തയ്യാറാകണം.■

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ. ഡി.ആർ. ഹാളിൽ ഏപ്രിൽ 24ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് നടന്ന വികേന്ദ്രീകൃതമാതൃകാവതരണത്തിൽ മോഡറേറ്ററായ സംസ്ഥാന ആസൂത്രണ ബോർഡംഗം സി.പി. ജോൺ നടത്തിയ പ്രസംഗത്തിൽ നിന്ന്)

പഞ്ചവത്സര പദ്ധതി ശ്രദ്ധാപൂർവ്വം നടപ്പാക്കണം – ജെയിംസ് വർഗീസ്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ സർക്കാർ ഉദ്ദേശിക്കുന്ന ഒരു വ്യതിയാനം പഞ്ചായത്ത് പദ്ധതികളെ ഒരു പഞ്ചവത്സരപദ്ധതി ആക്കി മാറ്റുകയെന്നതാണ്. പഞ്ചായത്തുകൾ ഈ വർഷം തന്നെ അഞ്ചുവർഷത്തെ പദ്ധതികൾ തിരിച്ചറിയുകയും അവയെ മുൻഗണനാടിസ്ഥാനത്തിൽ ലിസ്റ്റാക്കി മാറ്റുകയും ചെയ്യണം. അതിൽ നിന്ന് ആദ്യ രണ്ടു വർഷത്തെ പദ്ധതികൾ വിശദമായി പദ്ധതി രൂപീകരണം നടത്തി ഒരു ഭാഗം ആദ്യവർഷവും രണ്ടാം ഭാഗം രണ്ടാം വർഷവും നടപ്പിലാക്കുകയും വേണം. അങ്ങനെ എല്ലാവർഷവും ഒരു പദ്ധതി നമ്മുടെ കൈവശം തയ്യാറായിരിക്കുന്ന സംവിധാനത്തെ കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്.

TAGയ്ക്കു പകരം 2 സംവിധാനങ്ങളെക്കുറിച്ചാണ് സർക്കാർ പരിഗണിക്കുന്നത്. ഒന്ന് ഒരു ബ്ലോക്കിലെ പ്രത്യേക വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ ചേർന്ന് ബ്ലോക്കുതല ഉദ്യോഗസ്ഥൻ കൺവീനറായി ഒരു പ്രോജക്ട് അപ്രൈസൽ കമ്മിറ്റി രൂപീകരിക്കുകയെന്നതാണ്. രണ്ടാമതായി ഓരോ തലത്തിലും അതിന്റെ മുകളിലത്തെ തലത്തിലെ ഉദ്യോഗസ്ഥർക്ക് പങ്കാളിത്തം നൽകി കുറച്ചുകൂടി കൂലംകഷമായി പദ്ധതികൾ പരിശോധിക്കപ്പെടുകയും വകുപ്പുകൾ പദ്ധതികളുടെ ഉടമസ്ഥാവകാശം ഏറ്റെടുക്കുകയും ചെയ്യുന്ന സംവിധാനമാണ്. പ്രോജക്ടുകൾ പലരും കണ്ട് അംഗീകരിക്കുന്ന സമ്പ്രദായമായിരിക്കും ഗുണകരമെന്ന് PAC അനുകൂലിക്കുന്നവർ പറയുന്നു. PAC അതാത് പഞ്ചായത്തുകളിൽ ചെന്ന് പദ്ധതിക്ക് അംഗീകാരം നൽകുന്ന സംവിധാനമാണ് ആലോചിക്കുന്നത്. പഞ്ചായത്തുകൾ പദ്ധതികൾക്ക് സാമ്പത്തികാനുമതി നൽകുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. സമാന്തരമായി പദ്ധതിയുടെ വിലയിരുത്തലും മോണിറ്ററിംഗും നടത്തുന്നതിനും ചിന്തിക്കുന്നുണ്ട്.

പഞ്ചവത്സര പദ്ധതി വളരെ ശ്രദ്ധാപൂർവ്വം തയ്യാറാക്കി ക്രമീകൃതമായി നടപ്പിലാക്കി സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ പഞ്ചായത്തുകൾക്ക് കഴിയണം. പഞ്ചായത്തുകളുടെ കാര്യക്ഷമതയിലേക്കാണ് സർക്കാർ ഉറ്റുനോക്കുന്നത്. പഞ്ചായത്തുതലത്തിൽ വളരെ ശക്തമായ നേതൃത്വം നൽകി പദ്ധതി രൂപീകരണത്തിലും നടപ്പാക്കലിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ഭരണസമിതികൾക്ക് എല്ലാ വിജയവും ആശംസിക്കുന്നു.■

(പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് 'പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാറിൽ മോഡറേറ്ററായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ് നടത്തിയ പ്രസംഗത്തിൽ നിന്ന്)

ദീർഘവീക്ഷണത്തോടെയുള്ള സമഗ്രവികസനം ലക്ഷ്യം – ഡോ. പി.പി. ബാലൻ

കേരളത്തിലെ അധികാരവികേന്ദ്രീകരണം ഇന്നൊരു മാതൃകയായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇത്രയധികം വിഭവവും അധികാരവും താഴെതട്ടിൽ കൈമാറിയ സംസ്ഥാനം ഇന്ത്യയിൽ വേറെയൊരിടത്തുമില്ല. മാറ്റങ്ങളും കുറവുകളും കണ്ടെത്തി അതു പരിഹരിച്ചു മുമ്പോട്ടുപോകുക എന്ന രീതിയാണ് കഴിഞ്ഞ കാലങ്ങളിൽ കേരളം അനുവർത്തിച്ചത്. എന്നിട്ടും ധാരാളം വെല്ലുവിളികൾ നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിനൊരു അവസാനം ഉണ്ടാകണം. അതുകൊണ്ടാണ് പന്ത്രണ്ടാം പദ്ധതി കുറച്ചുകൂടി കാര്യക്ഷമമായി നടപ്പാക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നത്. എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ദീർഘവീക്ഷണത്തോടെയുള്ള സമഗ്രവികസനം എന്നതാണ് പന്ത്രണ്ടാം പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നിർവഹണം സാമ്പത്തിക വർഷാരംഭം തന്നെ തുടങ്ങുന്ന ഒരു പ്രക്രിയയാണ് ഇപ്പോൾ രൂപകല്പന ചെയ്തിരിക്കുന്നത്. അഞ്ചുവർഷത്തേക്കുള്ള പെർസ്പെക്ടീവ് പ്ലാൻ, നടപ്പുവർഷത്തേക്കുള്ള പദ്ധതി, അടുത്ത വർഷത്തേക്കുള്ള പദ്ധതി എന്നിങ്ങനെ മൂന്ന് പദ്ധതികളായിരിക്കും പഞ്ചായത്തുകൾ തയ്യാറാക്കേണ്ടത്.

ഉല്പാദന മേഖലയിലെ പരിധി കുറയ്ക്കാനും പശ്ചാത്തലമേഖലയിൽ 45 ശതമാനമായി ഉയർത്താനുമുള്ള നിർദ്ദേശം സർക്കാരിനു മുമ്പിലുണ്ട്. MGNREGS പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉല്പാദന മേഖലയിൽ നിരവധി പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഉല്പാദനമേഖലയിൽ വകയിരുത്തുന്ന ഫണ്ടിന്റെ പരിധി കുറയ്ക്കുന്നത് ആ മേഖലയെ സാരമായി ബാധിക്കില്ല. വർക്കിംഗ് ഗ്രൂപ്പുകളെ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ചേർന്ന് പ്രവർത്തിക്കുന്ന സംഘമാക്കുവാനും നിർദ്ദേശമുണ്ട്. നിബന്ധനകൾ കുറച്ച് പഞ്ചായത്തുകൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്ന സമീപനമായിരിക്കും പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ സ്വീകരിക്കുക.■

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ ഏപ്രിൽ 23ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് 'പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാറിൽ മുഖ്യവിഷയം അവതരിപ്പിച്ച് കില ഡയറക്ടർ ഡോ. പി.പി. ബാലൻ നടത്തിയ പ്രസംഗത്തിൽ നിന്ന്)

ഫണ്ടുകളുടെ സംയോജന സാദ്ധ്യത ഉറപ്പാക്കണം – ജി. വിജയരാഘവൻ

പഞ്ചായത്ത് ദിനാഘോഷം 2012 – പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാറിൽ സംസ്ഥാന ആസൂത്രണബോർഡംഗം ജി. വിജയരാഘവൻ പ്രസംഗിക്കുന്നു.

പഞ്ചവത്സര പദ്ധതികൾ പഞ്ചായത്തുകൾ നടപ്പിലാക്കുമ്പോൾ പല മോശപ്പെട്ട പ്രവണതകളും ഇല്ലാതാക്കുവാൻ കഴിയും. പഞ്ചായത്തുകൾ പദ്ധതികൾ രൂപീകരിക്കേണ്ടത് വാർഡ് അടിസ്ഥാനത്തിലല്ല. പഞ്ചായത്ത് പ്രദേശത്തെ MP, MLAമാരുമായി ചർച്ച ചെയ്ത് വിവിധ ഫണ്ടുകളുടെ സംയോജന സാദ്ധ്യത ഉറപ്പാക്കി പഞ്ചായത്തിനെ സമഗ്രമായിക്കണ്ടുകൊണ്ട് പദ്ധതി ആവിഷ്ക്കരിക്കുകയാണ് വേണ്ടത്.

ഖരമാലിന്യ സംസ്ക്കരണത്തെക്കുറിച്ച് പഞ്ചായത്തുകൾ ഇപ്പോഴെ ആലോചിച്ചു തുടങ്ങണം. വികേന്ദ്രീകൃത മാലിന്യസംസ്ക്കരണത്തിന് ധാരാളം പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തുടക്കത്തിൽ മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമാണ് നടപ്പാക്കുന്നതെങ്കിലും ക്രമേണ അത് ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കണം. എന്റെ വാർഡ് എന്ന സമീപനം മാറി എന്റെ പഞ്ചായത്ത് എന്ന ചിന്ത ജനപ്രതിനിധികൾക്കുണ്ടാകണം. TAG പോലുള്ള സംവിധാനം ഇല്ലാതാകുമ്പോൾ നിലവിലുള്ള ഭരണസമിതികൾ കൂടുതൽ ശക്തിപ്രാപിക്കും. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഒരുമിച്ചു പ്രവർത്തിച്ചാൽ സാധാരണ ജനത്തിനുപയോഗപ്രദമായ പല കാര്യങ്ങളും ചെയ്യുവാൻ കഴിയും.■

(തിരുവനന്തപുരത്ത് ഇടപ്പഴഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ ഏപ്രിൽ 23ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് 'പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാറിൽ സംസ്ഥാന ആസൂത്രണബോർഡംഗം ജി. വിജയരാഘവൻ നടത്തിയ പ്രസംഗത്തിൽ നിന്ന്)

കേരളത്തിലെ ആറു പഞ്ചായത്തുകൾക്ക് കേന്ദ്ര പുരസ്കാരം

2010–11 വർഷത്തെ മികച്ച പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് കേന്ദ്ര പഞ്ചായത്ത്രാജ് മന്ത്രാലയം ഏർപ്പെടുത്തിയ പഞ്ചായത്ത് എംപവർമെന്റ് ആന്റ് അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം (PEAIS) അവാർഡിന് കേരളത്തിലെ 6 തദ്ദേശഭരണ സ്ഥാപനങ്ങൾ അർഹരായി. സ്ഥാപനങ്ങളുടെയും ലഭിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

1.	കാസർഗോഡ് ജില്ലാ പഞ്ചായത്ത്	–	25 ലക്ഷം
2.	ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്	–	15 ലക്ഷം
3.	ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്	–	15 ലക്ഷം
4.	നെടുമ്പന ഗ്രാമപഞ്ചായത്ത്	–	12 ലക്ഷം
5.	ചെമ്പിലോട് ഗ്രാമപഞ്ചായത്ത്	–	12 ലക്ഷം
6.	മുത്തോലി ഗ്രാമപഞ്ചായത്ത്	–	12 ലക്ഷം

തിരുവനന്തപുരത്ത് ഏപ്രിൽ 24ന് നടന്ന പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ സമാപനസമ്മേളനത്തിൽ പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ ജേതാക്കൾക്ക് അവാർഡുതുക സമ്മാനിച്ചു.■

ഭാരതസർക്കാരിന്റെ പ്രഥമ ഇൻസെന്റീവ് അവാർഡ് കേന്ദ്രഗ്രാമവികസന വകുപ്പ് മന്ത്രി ജയറാം രമേശ് നെടുമ്പന ഗ്രാമപഞ്ചായത്തിന് സമ്മാനിക്കുന്നു.



ഒ.ജെ. ജോൺ

പട്ടികജാതി പട്ടികവർഗ വികസനം
ഒരു നേർക്കാഴ്ച

ആമുഖം

കേരളം കൈവരിച്ച വികസന നേട്ടങ്ങളുടെ ഗുണഫലങ്ങൾ അനുഭവവേദ്യമാകാത്ത ഒരു ന്യൂനപക്ഷ വിഭാഗം സംസ്ഥാനത്തുണ്ട്. ഈ ദുർബല വിഭാഗങ്ങളിൽ നല്ലൊരു പങ്ക് പട്ടികജാതിക്കാരും പട്ടികവർഗക്കാരും ആണ്. മാനവശേഷി വികസന മേഖലകളിലും സാമ്പത്തിക സ്ഥിതിയിലും സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴ്ന്ന നിലവാരമാണ് ഈ വിഭാഗങ്ങൾ പുലർത്തുന്നത്. പിന്നാക്കാവസ്ഥയുടെ ഈ തുരുത്തുകൾ സമൂഹ മനസാക്ഷിയുടെ മുന്നിലെ ചോദ്യ ചിഹ്നങ്ങളും ഭരണാധികാരികളുടെ മുന്നിലെ വെല്ലുവിളികളും ആണ്.

പട്ടികജാതി - പട്ടികവർഗക്കാരുടെ പിന്നാക്കാവസ്ഥ ഇന്ത്യൻ സാമൂഹിക വ്യവസ്ഥയുടെ ചരിത്രപരമായ പൈതൃകമാണ്. ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹിക വിഭജനം ജാതി ശ്രേണിയിൽ അധിഷ്ഠിതമായിരുന്നു. ജാതി ശ്രേണിയുടെ എറ്റവും അടിത്തട്ടിലായിരുന്ന വിഭാഗങ്ങളാണ് ഇന്ന് പട്ടികജാതിക്കാരെന്ന് അറിയപ്പെടുന്നത്. പട്ടികവർഗക്കാരകട്ടെ, ചരിത്രപരവും സാംസ്ക്കാരികവുമായ കാരണങ്ങളാൽ മുഖ്യധാരാ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടുപോയവരാണ്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങളുടെ നിലനിൽപ്പിനും അതിജീവനത്തിനും വികസനത്തിനുമായി, ഭരണഘടനാനുശാസനങ്ങൾക്ക് അനുസൃതമായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നിരവധി നിയമങ്ങളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കുകയുണ്ടായി. പട്ടികജാതി - പട്ടികവർഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് വ്യക്തമായ വികസന നയം രൂപം കൊണ്ടത് അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്താണ്. പട്ടികജാതിക്കാർക്കുവണ്ടി പ്രത്യേക ഘടക പദ്ധതിയും (Special Component Plan) പട്ടികവർഗക്കാർക്കുവേണ്ടി പട്ടികവർഗ ഉപപദ്ധതിയും (Tribal Sub- Plan) ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ആരംഭിച്ചു. പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടി വിവിധ സ്രോതസ്സുകളിലൂടെ ലഭ്യമാകുന്ന വിഭവങ്ങളെ സംയോജിപ്പിച്ച് പട്ടികജാതി-പട്ടികവർഗ ആവാസമേഖലകളുടെ സമഗ്ര വികസനത്തിനായി ഘടകപദ്ധതി/ഉപപദ്ധതി രൂപീകരിച്ചു നടപ്പാക്കുക എന്നതായിരുന്നു ഈ വികസന നയത്തിന്റെ അന്ത:സത്തയായി വിഭാവനം ചെയ്തത്. എന്നാൽ പ്രധാനമായും കേന്ദ്രീകൃതാസൂത്രണത്തിന്റെ പരിമിതികൾ മൂലം ഈ വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. സംസ്ഥാനം കൈവരിച്ച വികസന നേട്ടങ്ങളുടെ നേരിയ ഒരംശം മാത്രമേ പട്ടിക വിഭാഗങ്ങളിൽ എത്തിച്ചേർന്നുള്ളൂ.

73, 74 ഭരണഘടന ഭേദഗതികളിലൂടെ നിലവിൽ വന്ന അധികാരവികേന്ദ്രീകരണവും അതിനോടനുബന്ധിച്ച് സംസ്ഥാനത്ത് നടപ്പാക്കിയ വികേന്ദ്രീകൃതാസൂത്രണവും പട്ടികജാതി-പട്ടികവർഗ വികസന പ്രവർത്തനങ്ങളിൽ ഒരു ദിശാമാറ്റത്തിന് വഴിയൊരുക്കി. പ്രത്യേക ഘടകപദ്ധതിയും പട്ടികവർഗ ഉപപദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല തദ്ദേശഭരണ സ്ഥാപനങ്ങളെ എൽപ്പിച്ചു. സംസ്ഥാന വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന പ്രത്യേക ഘടകപദ്ധതി വിഹിതത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും പട്ടികവർഗത്തിന്റെ ഉപപദ്ധതി വിഹിതത്തിന്റെ അൻപതു ശതമാനവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി.

ഒൻപത്, പത്ത് പഞ്ചവത്സര പദ്ധതിക്കാലത്ത് നടത്തിയ പ്രവർത്തനങ്ങളിലൂടെ പട്ടികജാതി - പട്ടികവർഗ ജനവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കുറെയേറെ മുന്നേറാൻ കഴിഞ്ഞെങ്കിലും അവരുടെ സാമൂഹ്യ - സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഏറെയൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല.

കേരളത്തിലെ പട്ടിക വിഭാഗങ്ങൾ

2001 ലെ സെൻസസിൽ സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ 31.24 ലക്ഷമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് മൊത്തം ജനസംഖ്യയുടെ 9.81 ശതമാനമാണ്. 2002 ലെ ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന ലിസ്റ്റ് പ്രകാരം കേരളത്തിൽ 53 പട്ടികജാതി സമൂദായങ്ങളാണുള്ളത്. 2007 ലെ മറ്റൊരു ഭരണഘടനാ ഭേദഗതിയിലൂടെ മുൻ കൊച്ചി - മലബാർ പ്രദേശത്തെ ഈഴവ - തീയരിൽ തണ്ടാൻ എന്നറിയപ്പെടുന്നവരെയും മുൻ കൊച്ചി- തിരുവിതാംകൂർ പ്രദേശത്തെ ആശാരി, തച്ചൻ എന്നറിയപ്പെട്ടിരുന്നവരെയും ഒഴിവാക്കിയുള്ള തണ്ടാൻ വിഭാഗത്തെ മാത്രം പട്ടികജാതിക്കാരായി കണക്കാക്കിയാൽ മതിയെന്ന് തീരുമാനിച്ചു. കൂടാതെ, 2002 ലെ ഭരണഘടനാ ഭേദഗതിയിലൂടെ മുൻപ് പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന മാവിലൻ, കരിമ്പാലൻ, മലവേട്ടുവൻ എന്നീ സമുദായങ്ങളെ പട്ടികവർഗ ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായി.

2001 സെൻസസു പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ ജനസംഖ്യ 3.64 ലക്ഷമാണ്. ഇത് ആകെ ജനസംഖ്യയുടെ 1.14 ശതമാനമാണ്. 2002 ലെ ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന ലിസ്റ്റ് പ്രകാരം കേരളത്തിൽ 36 പട്ടികവർഗ സമുദായങ്ങളുണ്ട്. ഇതിൽ കാട്ടുനായിക്കൻ, ചോലനായിക്കൻ, കാടർ, കുറുമ്പർ, കൊറഗർ എന്നീ 5 സമുദായങ്ങളെ പ്രത്യേക ദുർബല വിഭാഗങ്ങളായി അംഗീകരിച്ചിട്ടുണ്ട്.

വെല്ലുവിളികൾ

തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേകഘടക പദ്ധതിയും പട്ടികവർഗ ഉപപദ്ധതിയും ആവിഷ്ക്കരിച്ചു നടപ്പാക്കിയതിൽ താഴെപ്പറയുന്ന വീഴ്ച്ചകൾ സംഭവിച്ചിട്ടുണ്ടെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്.

- ➢ അടിസ്ഥാന സൗകര്യ വികസനത്തിലൂന്നിയുള്ള സമീപനം.
- ➢ മാനവശേഷി വികസനത്തിനും തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനുള്ള പരിപാടികളുടെ അഭാവം.
- ➢ പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്ത അവസ്ഥ.
- ➢ ഗ്രാമസഭാ യോഗങ്ങളിലും പട്ടികവർഗക്കാരുടെ ഊരുക്കൂട്ട യോഗങ്ങളിലും പങ്കാളിത്തക്കുറവ്.
- ➢ വാർപ്പ് മാതൃകാ പ്രോജക്ടുകൾ.
- ➢ പട്ടികജാതി - പട്ടികവർഗ വികസന വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനരാഹിത്യം.
- ➢ പട്ടികജാതി - പട്ടികവർഗ വികസന വകുപ്പ് പരിപാടികളുമായുള്ള സംയോജനത്തിന്റെ അഭാവം.
- ➢ ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ.
- ➢ ബിനാമി കരാറുകാരുടെയും ഇടത്തട്ടുക്കാരുടെയും കടന്നുകയറ്റം.
- ➢ പശ്ചാത്തല വികസന പ്രോജക്ടുകൾക്ക് സോഷ്യൽ മാപ്പും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതിനുള്ള പ്രശ്നങ്ങൾ.
- ➢ ദുർബലമായ മോണിട്ടറിംഗ്.
- ➢ ചട്ട വിരുദ്ധമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ കഴിയാത്ത സ്ഥിതി.

അവസ്ഥാപഠനവും സ്ഥിതിവിവര കണക്കുകളുടെ ശേഖരണവും

മേൽപ്പറഞ്ഞ സ്ഥിതി വിശേഷത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് പട്ടിക വിഭാഗങ്ങളുടെ യഥാർത്ഥ വികസനാവസ്ഥ വെളിപ്പെടുത്തുന്ന സ്ഥിതി വിവര കണക്കുകളുടെ അഭാവമാണെന്ന നിഗമനത്തിന്റെ പശ്ചാത്തലത്തിൽ പതിനൊന്നാം പദ്ധതിക്കാലത്ത് പ്രത്യേക ഘടക പദ്ധതിയുടെയും പട്ടിക വർഗ ഉപപദ്ധതിയുടെയും ആസൂത്രണ ഗുണമേന്മ ഗണ്യമായി മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കണ്ടെത്തുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുകയുണ്ടായി.

സർവ്വെ പ്രകാരം പട്ടിക ജാതിക്കാരുടെ സാക്ഷരത 88.73 ശതമാനമാണെന്നാണ് കണക്കായിട്ടുള്ളത്. എന്നാൽ 5 വയസിനു മുകളിൽ പ്രായമുള്ളവരിൽ 64.77 ശതമാനം പത്താം ക്ലാസിൽ താഴെ മാത്രം വിദ്യാഭ്യാസ നിലവാരമുള്ളവരാണ്. എസ്.എസ്.എൽ.സി ജയിച്ചവർ 13.44 ശതമാനവും ഹയർ സെക്കന്ററി ജയിച്ചവർ 6.49 ശതമാനവും ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവർ 2.8 ശതമാനവുമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ചവർ കേവലം 0.09 ശതമാനമാണ്.

പ്രത്യേക ഘടകപദ്ധതിയുടെയും പട്ടികവർഗ ഉപപദ്ധതിയുടെയും ആസൂത്രണ മേന്മ ഗണ്യമായി ഉയർത്തേണ്ടതാണ്. ഒരു പ്രാഥമിക സർവേയിലൂടെ ലഭ്യമാകുന്ന സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിനും സങ്കേതത്തിനും പദ്ധതികൾ തയ്യാറാക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം കിലയുടെ ആഭിമുഖ്യത്തിൽ 2008 ൽ ആരംഭിക്കുകയും 2010 ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി സങ്കേതങ്ങളുടെയും കുടുംബങ്ങളുടെയും അടിസ്ഥാന വിവര ശേഖരണ പരിപാടി 2009 ൽ ആരംഭിക്കുകയും 2011 ൽ പൂർത്തീകരിക്കുകയും ചെയ്തു,

പട്ടികജാതി സർവ്വെ

സംസ്ഥാനത്തെ പട്ടികജാതി സമൂഹത്തിന്റെ വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത് ഒരു പ്രാഥമിക സർവേയിലൂടെ ശേഖരിക്കുന്ന വിവരങ്ങളുടെ പിൻബലത്തോടെ ആയിരിക്കണമെന്നും ഓരോ കുടുംബത്തെയും സങ്കേതത്തെയും അടിസ്ഥാനമാക്കി പ്രോജക്ടുകൾ തയ്യാറാക്കുന്ന സമീപനമാണ് സ്വീകരിക്കേണ്ടതെന്നും ഉള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് 'കില'

പഞ്ചായത്ത് രാജ്

യുടെ ആഭിമുഖ്യത്തിൽ നടത്തിയ പട്ടികജാതി സങ്കേതങ്ങളുടെയും കുടുംബങ്ങളുടെയും സാമൂഹ്യ-സാമ്പത്തിക സർവ്വെ പൂർത്തീകരിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പട്ടികജാതി വികസന വകുപ്പിന്റെയും സഹായത്തോടെയാണ് സർവ്വെ നടത്തിയത്.

രണ്ട് ഘട്ടങ്ങളിലായി നടത്തിയ സർവ്വെയിലൂടെ സംസ്ഥാനത്ത് അഞ്ചോ അതിലധികമോ പട്ടികജാതി വീടുകൾ അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന എല്ലാ സങ്കേതങ്ങളുടെയും സങ്കേതങ്ങൾക്കകത്തും, സങ്കേതങ്ങൾക്ക് പുറത്ത് ഒറ്റപ്പെട്ടും താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെയും അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് 14 ജില്ലാതല പട്ടികകൾ സർക്കാർ അനുമതിയോടെ ബന്ധപ്പെട്ടവർക്കെല്ലാം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ബ്ലോക്കുതലത്തിലും, ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിലും പട്ടികകൾ തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് നൽകുന്ന ജോലികൾ പുരോഗമിച്ച് വരികയാണ്.

തദ്ദേശഭരണസ്ഥാപനങ്ങളും വിവിധ വികസന വകുപ്പുകളും ഏജൻസികളും പട്ടികജാതിക്കാർക്ക് വേണ്ടി നടപ്പാക്കുന്ന പ്രത്യേക ഘടകപദ്ധതി പ്രവർത്തനങ്ങൾ വിവരാധിഷ്ഠിതമാക്കുന്നതിനും, സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യാനുപകരിക്കുന്നതിനും അനുയോജ്യമായ വിവരവ്യൂഹം സൃഷ്ടിച്ചെടുക്കാൻ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. സർവേയിലൂടെ ശേഖരിച്ച വിവരങ്ങൾ 78 പട്ടികകളിലാണ് സന്നിവേശിപ്പിച്ചിട്ടുള്ളത്. എല്ലാ തലങ്ങളിലെയും പട്ടികകൾക്ക് ഒരേ ഘടനയാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികകൾ 9 വിഷയമേഖലകൾ അടിസ്ഥാനമാക്കിയാണ് ക്രമീകരിച്ചിട്ടുള്ളത്. ജനസംഖ്യ, സങ്കേതങ്ങൾ, കൈവശഭൂമി, അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ, സാമൂഹിക വികാസം എന്നീ ക്രമത്തിലാണ് പട്ടികകൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്.

കൂടാതെ, ഓരോ സങ്കേതത്തിന്റെയും, വികസനാവസ്ഥ വിശകലനം ചെയ്യുന്നതിന് അനുയോജ്യമായ സൂചകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പട്ടികകൾ ലഭ്യമാക്കുന്നുണ്ട്. പട്ടികജാതിക്കാരുടെ മാനവ വിഭവശേഷി വിലയിരുത്തുന്നതിന് സഹായകമായ പട്ടികകളും ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ തയ്യാറാക്കുന്നുണ്ട്.

മുഖ്യകണ്ടെത്തലുകൾ

സർവ്വെ ഡേറ്റ ക്രോഡീകരിച്ചു ലഭിച്ച വിവരങ്ങളനുസരിച്ച് സംസ്ഥാനത്ത് 26342 പട്ടികജാതി സങ്കേതങ്ങൾ നിലവിലുണ്ട്. ആകെ പട്ടികജാതി ജനസംഖ്യ 23.52 ലക്ഷം എന്നാണ് കണ്ടെ

പട്ടികവർഗ കുടുംബങ്ങളിൽ 4614 കുടുംബങ്ങൾ ഭൂരഹിതരും, 8781 കുടുംബങ്ങൾ ഭവനരഹിതരുമാണ്. സ്വന്തമായുള്ള വീടുകളിൽ 50414 എണ്ണം (55.32%) ജീർണാവസ്ഥയിലാണ്. 39850 വീടുകൾക്ക് അടുക്കളയില്ല. 46801 വീടുകളിൽ (51.35%) കുടുംബാംഗങ്ങൾക്ക് കഴിഞ്ഞു കൂടാൻ സ്ഥലസൗകര്യമില്ല. 31648 വീടുകൾ കാലപ്പഴക്കം കൊണ്ടോ, മറ്റു കാരണങ്ങളാലോ താമസയോഗ്യമല്ല. ധനസഹായം അനുവദിച്ചവയിൽ 13639 വീടുകൾ പണി പൂർത്തിയാകാതെ കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ത്തിയിട്ടുള്ളത്. ഇവരിൽ 11.49 ലക്ഷം പേർ പുരുഷന്മാരും, 12.03 ലക്ഷം പേർ സ്ത്രീകളുമാണ്. ആകെ പട്ടികജാതി കുടുംബങ്ങൾ 5.58 ലക്ഷമാണ്. ഇവയിൽ 3.44 ലക്ഷം കുടുംബങ്ങൾ സങ്കേതങ്ങളിലും, 2.14 ലക്ഷം കുടുംബങ്ങൾ സങ്കേതങ്ങൾക്ക് പുറത്ത് ഒറ്റപ്പെട്ടും താമസിക്കുന്നു. 2001 ലെ സെൻസസുമായി താരതമ്യപ്പെടുത്തുമ്പോൾ പട്ടികജാതി ജനസംഖ്യയിൽ സാരമായ കുറവുണ്ടായിട്ടുള്ളതായിട്ടാണ് സർവേ ഫലങ്ങൾ വെളിപ്പെടുത്തുന്നത്. പാലക്കാട് ജില്ലയിലെ തണ്ടാൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയത്, പട്ടികജാതി ലിസ്റ്റിൽപ്പെട്ടിരുന്ന കരിമ്പാലൻ, മലവേട്ടുവൻ, മാവിലൻ എന്നീ സമുദായങ്ങളെ 2002 - ലെ ഭരണഘടനാ ഭേദഗതിയിലൂടെ പട്ടികവർഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയത്, വ്യാജ സർട്ടിഫിക്കറ്റുകളിലൂടെ പട്ടികജാതിയിൽ ഉൾപ്പെട്ടിരുന്നവരെയും, മതപരിവർത്തനം ചെയ്തവരെയും ഒഴിവാക്കിയത്, നഗര പ്രദേശങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരെ പൂർണമായി കണ്ടെത്താൻ കഴിയാതിരുന്നത് എന്നിവയാണ് ജനസംഖ്യയിൽ ഉണ്ടായ കുറവിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. എന്നിരുന്നാലും പട്ടികജാതിക്കാരുടെ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിന് ഉതകുന്ന വിവര വ്യൂഹം സർവ്വെ വഴി സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് വിലയിരുത്തപ്പെടുന്നത്.

സർവ്വെ പ്രകാരം പട്ടികജാതിക്കാരുടെ സാക്ഷരത 88.73 ശതമാനമാണെന്നാണ് കണക്കായിട്ടുള്ളത്. എന്നാൽ 5 വയസിനു മുകളിൽ പ്രായമുള്ളവരിൽ 64.77 ശതമാനം പത്താം ക്ലാസിൽ താഴെ മാത്രം വിദ്യാഭ്യാസ നിലവാരമുള്ളവരാണ്. എസ്.എസ്.എൽ.സി ജയിച്ചവർ 13.44 ശതമാനവും ഹയർ സെക്കന്ററി ജയിച്ചവർ 6.49 ശതമാനവും ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവർ 2.8 ശതമാനവുമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ചവർ കേവലം 0.09 ശതമാനമാണ്.

25 വയസിൽ താഴെ പ്രായമുള്ള 55318 പട്ടികജാതി യുവതീ-യുവാക്കൾ പഠനം ഉപേക്ഷിച്ചതായി കണ്ടെത്തിയിട്ടുണ്ട്. 5-15 വയസിനിടയിൽ പ്രായമുള്ള 2060 കുട്ടികൾ സ്കൂളിൽ ചേർന്നിട്ടില്ല.

ഭൂരഹിത-ഭവന രഹിതരായി 25408 പട്ടികജാതി കുടുംബങ്ങളും ഭവന രഹിതരായി 15984 കുടുംബങ്ങളും ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയാകാതെ 67911 വീടുകൾ നിലനിൽക്കുന്നുണ്ട്. 123871 വീടുകൾ ഒറ്റമുറി മാത്രമുള്ളവയാണ്. സ്വന്തമായുള്ളവയിൽ 19501 വീടുകൾ അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തവിധം ജീർണ്ണാവസ്ഥയിലാണ്.

ഗാർഹിക കക്കൂസോ, പൊതു കക്കൂസോ ഇല്ലാത്ത 68685 പട്ടികജാതി കുടുംബങ്ങളാണുള്ളത്. 53.67 ശതമാനം കുടുംബങ്ങൾ കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. പട്ടികജാതിക്കാരുടെ 88000 വീടുകൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല.

പട്ടികജാതിക്കാരിൽ 15-59 വയസിനിടയിൽ പ്രായമുള്ള 7,65,000 പേർ തൊഴിൽ രഹിതരാണ്. ഇവരിൽ 33055 ബിരുദധാരികളും, 4869 ബിരുദാനന്തര ബിരുദധാരികളും ഉൾപ്പെടുന്നു. സംസ്ഥാനത്തെ പട്ടികജാതിക്കാരിൽ 26864 പേർ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരാണെന്നതാണ് മറ്റൊരു കണ്ടെത്തൽ. നിത്യരോഗികളായി 60825 പട്ടികജാതിക്കാരുണ്ട്. റേഷൻകാർഡില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 80174 ആണ്.

പട്ടികവർഗ സർവ്വെ

'കില' യുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെയും പട്ടികവർഗ വികസന വകുപ്പിന്റെയും സഹായത്തോടെ ഏറ്റെടുത്ത് നടത്തിയ സംസ്ഥാനത്തെ പട്ടികവർഗ സമുദായങ്ങളുടെ സമഗ്ര സർവ്വെ പൂർത്തിയായി.

ചില സമുദായ സംഘടനകളുടെ എതിർപ്പുമൂലം സർവ്വെ പ്രവർത്തനങ്ങൾ തടസ്സപ്പെട്ട തിരുവനന്തപുരം, കോട്ടയം, ഇടുക്കി ജില്ലകളിലെ 34 ഗ്രാമപഞ്ചായത്തുകളെ ഒഴിവാക്കി കൊണ്ട് 14 ജില്ലാ റിപ്പോർട്ടുകളും പട്ടികകളും ഗവൺമെന്റ് അംഗീകാരത്തോടെ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. തടസപ്പെട്ട സർവ്വെ പുനരാരംഭിക്കാനും, പൂർത്തിയാക്കുന്ന മുറയ്ക്ക് അതാതു ജില്ലാ റിപ്പോർട്ടുകളിലും പട്ടികകളിലും കൂട്ടിച്ചേർക്കലുകൾ വരുത്താനും തീരുമാനിച്ചിട്ടുണ്ട്.

സർവ്വെ വിവരങ്ങൾ 11 വിഷയ മേഖലകളിലായി തരംതിരിച്ചാണ് ക്രോഡീകരിച്ചിട്ടുള്ളത്. ജനസംഖ്യ, ഊരുകൾ, വിദ്യഭ്യാസസ്ഥിതി, തൊഴിലും വരുമാനവും, ആരോഗ്യസ്ഥിതി, അടിസ്ഥാന സൗകര്യങ്ങൾ, കൈവശഭൂമി, വനവുമായുള്ള ആഭിമുഖ്യം, സാമൂഹ്യ സുരക്ഷ, സാമൂഹ്യ വികാസം, ലിംഗ പദവി, എന്നീ ക്രമത്തിലാണ് പട്ടികകൾ രൂപകൽപന ചെയ്തിട്ടുള്ളത്. കൂടാതെ ഗ്രാമപഞ്ചായത്ത് തലത്തിൽ അഞ്ച് പൊതു പട്ടികകളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ തദ്ദേശഭരണസ്ഥാപന തലങ്ങളിലും (ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്) ജില്ലാ തലങ്ങളിലും സംസ്ഥാനതലത്തിലും ക്രോഡീകരിച്ചു ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വ്യക്തികൾ, കുടുംബങ്ങൾ, ഊരുകൾ എന്നീ ഘടകങ്ങളെ പ്രത്യേക യൂണിറ്റുകളായി എടുത്ത് ഗ്രാമപഞ്ചായത്ത്/നഗരസഭ തലത്തിൽ പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. പട്ടികവർഗ ഊരുകളെയും, കുടുംബങ്ങളെയും, വ്യക്തികളേയും സംബന്ധിക്കുന്ന വിവരങ്ങൾ സമന്വയിപ്പിച്ച് പ്രാദേശിക ആസൂത്രണത്തിന് അനുയോജ്യമായ അടിത്തറ പാകാനുള്ള വിവരവ്യൂഹം ലഭ്യമാകത്തക്ക വിധത്തിലാണ് എല്ലാ പട്ടികകളും രൂപ കൽപന ചെയ്തിട്ടുള്ളത്. സംസ്ഥാനതലത്തിൽ 213 പട്ടികകളും ജില്ലാതലത്തിൽ 306 പട്ടികകളും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ 190 പട്ടികകൾ വീതവും ലഭ്യമാണ്.

വ്യക്തികളെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി 25 പഠന മണ്ഡലങ്ങൾ ഉൾപ്പെടുത്തിയ പട്ടികകൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ ലഭ്യമാണ്. സംസ്ഥാനത്തെ എല്ലാ പട്ടികവർഗക്കാരായ വ്യക്തികളുടെയും വിവരങ്ങൾ ഇപ്രകാരം ക്രോഡീകരിച്ചിട്ടുണ്ട്.

കുടുംബങ്ങളെ അടിസ്ഥാന യൂണിറ്റായി 43 പഠന മണ്ഡലങ്ങളിലൂടെ വിവരങ്ങൾ സമാഹരിച്ച് കുടുംബാധിഷ്ഠിത വിവരങ്ങൾ ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

സർവ്വെകളിലെ കണ്ടെത്തലുകൾ കേരളത്തിലെ പട്ടികജാതിക്കാരുടെയും പട്ടികവർഗക്കാരുടെയും പിന്നാക്കാവസ്ഥയുടെ നേർക്കാഴ്ചയാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അവർ പൊതുസമൂഹത്തിൽ നിന്നും ഏറെ പിന്നിലാണ്. പ്രത്യേകഘടകപദ്ധതി വിഹിതത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും പട്ടികവർഗ ഉപപദ്ധതി വിഹിതത്തിന്റെ നേർ പകുതിയും വിനിയോഗിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളാണ് പട്ടികജാതിക്കാരുടേയും പട്ടികവർഗക്കാരുടേയും ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈ എടുക്കേണ്ടത്.

സംസ്ഥാനത്തെ ഓരോ പട്ടികവർഗ കുടുംബത്തിന്റെയും വിവരങ്ങൾ ഈ പട്ടികകളിലൂടെ ലഭ്യമാണ്.

അഞ്ചോ അതിലധികമോ പട്ടികവർഗ കുടുംബങ്ങൾ അടുത്തടുത്ത് താമസിക്കുന്ന പ്രദേശത്തെ ഊരായി കണക്കാക്കി ഓരോ ഊരിന്റെയും 14 വികസന സൂചകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പട്ടികകൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ഊരുകളുടെയും വിവരങ്ങൾ ഇത്തരത്തിൽ നൽകിയിട്ടുണ്ട്.

പട്ടികവർഗ ജനവിഭാഗങ്ങളുടെ മാനവ വിഭവ ശേഷി കണ്ടെത്തുന്നതിന് സഹായകമായ വിധത്തിൽ ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ തയ്യാറാക്കിയിട്ടുള്ള പട്ടികകളാണ് എടുത്ത് പറയേണ്ട മറ്റൊരു സംഗതി.

മേൽപ്പറഞ്ഞ റിപ്പോർട്ടുകളും പട്ടികകളും തദ്ദേശഭരണസ്ഥാപനങ്ങൾക്കും വികസന വകുപ്പ് മേധാവികൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും പ്രിന്റ് രൂപത്തിലും ഇലക്ട്രോണിക് രൂപത്തിലും ഇതിനോടകം നൽകിക്കഴിഞ്ഞിട്ടുണ്ട്.

സുപ്രധാന കണ്ടെത്തലുകൾ

സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് 100912 കുടുംബങ്ങളിലായി 401401 പട്ടികവർഗ ജനസംഖ്യയുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. 2001 ലെ സെൻസസിൽ നിന്ന് 10.22 ശതമാനം വർദ്ധനവ് ജനസംഖ്യയിൽ ഉണ്ടായിട്ടുണ്ട്. സ്ത്രീ-പുരുഷ അനുപാതം 1031 ആണ്. സംസ്ഥാനത്ത് 33 പട്ടികവർഗ സമുദായങ്ങൾ അധിവസിക്കുന്നുണ്ട്. ഏറ്റവും വലിയ സമുദായം പണിയൻ ആണ്. പ്രത്യേക ദുർബല ഗോത്ര വർഗ വിഭാഗങ്ങളായി അംഗീകരിച്ചിട്ടുള്ള 5 സമുദായങ്ങളിലെ 6771 കുടുംബങ്ങളും 26273 അംഗങ്ങളും ഉണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്.

പട്ടികവർഗ വനിതകളിൽ 20301 പേർ വിധവകളും, 887 പേർ അവിവാഹിത അമ്മമാരുമാണെന്നാണ് മറ്റൊരു പ്രധാന കണ്ടെത്തൽ. പ്രത്യേക പരിഗണന അർഹിക്കുന്ന സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള 18623 പട്ടികവർഗ കുടുംബങ്ങളാണ് സംസ്ഥാനത്തുള്ളത്.

മുഖ്യ കുടുംബങ്ങളോടൊപ്പം സ്വന്തമായി ഭൂമിയോ, വീടോ ഇല്ലാത്തതുകൊണ്ട് 16027 ഉപകുടുംബങ്ങൾ കൂടി താമസിക്കുന്നുണ്ടെന്നത് പട്ടികവർഗക്കാരുടെ ശോചനീയമായ ജീവിതാവസ്ഥ വെളിപ്പെടുത്തുന്ന മറ്റൊരു വസ്തുതയാണ്.

ആകെയുള്ള 4644 ഊരുകളിൽ 361 എണ്ണത്തിൽ എത്തിചേരാൻ നടപ്പാതപോലുമില്ലെന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. 491 ഊരുകളിലോ സമീപത്തോ അംഗൻവാടികൾ നിലവിലില്ല.

പട്ടികവർഗ്ഗക്കാരുടെ സാക്ഷരതാ നിലവാരം 72.77 ശതമാനമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. നിരക്ഷരരായ 98536 പട്ടികവർഗക്കാരുണ്ട്. പ്രത്യേക ദുർബല വിഭാഗത്തിൽപ്പെട്ട ചോലനായിക്കൻ സമുദായത്തിന്റെ സാക്ഷരത കേവലം 47.44 ശതമാനമാണ്. സാക്ഷരരായിട്ടുള്ളവരിൽ പകുതിയോളം (49.27%) പേരുടെ വിദ്യാഭ്യാസനിലവാരം പ്രൈമറി തലമാണ്. ബിരുദതലം വരെ വിദ്യാഭ്യാസം നേടിയിട്ടുള്ളവർ 1.31 ശതമാനം മാത്രമാണ്. 25 വയസിൽ താഴെ പ്രായമുള്ളവരിൽ 33212 പേർ ഇടയ്ക്കു വെച്ച് പഠനം ഉപേക്ഷിച്ചവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ദാരിദ്ര്യം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപ്രാപ്യത, തോൽവി, അന്യതാബോധം തുടങ്ങിയവയാണ് വിദ്യാഭ്യാസം ഉപേക്ഷിച്ചതിന്റെ പ്രധാന കാരണങ്ങൾ.

പട്ടികവർഗക്കാരിൽ 15-59 വയസിനിടയിൽ പ്രായമുള്ളവരിൽ 77680 പേർ തൊഴിലില്ലാത്തവരാണെന്നതാണ് മറ്റൊരു കണ്ടെത്തൽ. തൊഴിലെടുക്കുന്നവരിൽ 30.62 ശതമാനം പേർ കർഷക തൊഴിലാളികളാണ്. ബിരുദം നേടിയ 2112 പേരും, ബിരുദാനന്തര ബിരുദധാരികളായ 200 പേരും, സാങ്കേതിക - പ്രൊഫഷണൽ യോഗ്യതയുള്ള 2066 പേരും തൊഴിൽ രഹിതരാണ്.

ശേഷം പേജ് 34

പഞ്ചായത്ത് രാജ്

മഴക്കാലപൂർവ്വ ശുചീകരണം

പകർച്ചവ്യാധികൾക്കെതിരെ മുൻകരുതൽ

മഴക്കാലത്ത് പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സാദ്ധ്യത ഒഴിവാക്കാൻ ലക്ഷ്യമിടുന്ന വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ് മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ബന്ധപ്പെട്ട മറ്റു വകുപ്പുകളും സംയുക്തമായി ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും നിലവിലുള്ള സാനിട്ടേഷൻ സമിതിയുടെ മേൽനോട്ടത്തിൽ വിപുലമായ പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് ഇതിനായി നടത്താൻ ലക്ഷ്യമിടുന്നത്. ആരോഗ്യവകുപ്പിന്റെ പ്രവർത്തകർ, ഗ്രന്ഥശാലകൾ, സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷൻ, സ്ക്കൂളുകൾ, നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി., കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എൻ.ആർ.എച്ച്.എം, ശുചിത്വ മിഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രവർത്തകരെ ഇതിനായി ഉപയോഗപ്പെടുത്താൻ കഴിയും. ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, നഗരകാര്യം, ജലവിഭവം, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ച പ്രവർത്തനം ഇതിനായി തദ്ദേശഭരണ സ്ഥാപന തലത്തിൽ ഉറപ്പുവരുത്താൻ കഴിയും. നടപ്പിലാക്കേണ്ട പദ്ധതികൾ താഴെപ്പറയുന്നു.

മഴക്കാലപൂർവ്വശുചീകരണയജ്ഞത്തിന്റെ ജില്ലാതല ഉദ്ഘാടനത്തിന്റെ ഭാഗമായി രാജാജി നഗറിൽ മന്ത്രിമാരായ മഞ്ഞളാംകുഴി അലിയും വി.എസ്. ശിവകുമാറും ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു.

2012 ഏപ്രിൽ മാസം മുതൽ ജൂൺ വരെ നീണ്ടു നിൽക്കുന്ന വിപുലമായ പ്രചാരണ ബോധവൽക്കരണ ശുചിത്വ പ്രവർത്തനങ്ങൾ വാർഡു തലത്തിൽ ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി വാർഡുതല ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കണം. ശുചിത്വ സ്ക്വാഡിന് നേതൃത്വം നൽകേണ്ടത് ജനപ്രതിനിധികളാണ്. എ.ഡി.എസ്. അംഗങ്ങൾ, ആശാവർക്കർ എന്നിവർ അംഗങ്ങളാകണം. വാർഡുതലത്തിൽ വാർഡു മെമ്പർമാർ/കൗൺസിലർമാർ ശുചിത്വ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകേണ്ടതാണ്.

സംസ്ഥാനത്തെ എല്ലാ നഗര/ഗ്രാമ വാർഡുകളിലും പ്രശ്നബാധിത പ്രദേശങ്ങളായ വെള്ളം കെട്ടിനിൽക്കുന്ന, കൊതുകു വളരുന്നതിന് സാദ്ധ്യതയുള്ള സ്ഥലങ്ങൾ, വെള്ളം കെട്ടിനിൽക്കുന്ന ഓടകൾ, വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മലിനജലം തുറന്നുവിടുന്ന സ്ഥലങ്ങൾ, കുറ്റിച്ചെടികൾ നിറഞ്ഞ പ്രദേശങ്ങൾ, പ്ലാസ്റ്റിക് വലിച്ചെറിയുന്ന പ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനാണ് വാർഡുതല ശുചിത്വ സ്ക്വാഡിന്റെ പ്രവർത്തനം നടത്തേണ്ടത്.

വാർഡുതല ശുചിത്വ സ്ക്വാഡുകൾ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ നഗരസഭ/പഞ്ചായത്ത് തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ/ഹെൽത്ത് സൂപ്പർവൈസർ/വി.ഇ.ഒ-യെ കൺവീനറാക്കി ഒരു കമ്മിറ്റി പരിശോധിച്ച് വേണ്ട തുടർപ്രവർത്തനം നടത്താവുന്നതാണ്.

വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഗാർഹിക തലത്തിലും സ്ഥാപന തലത്തിലും നടത്തേണ്ടതുണ്ട്. ഗാർഹിക തലത്തിൽ ഡ്രൈഡേ സന്ദേശം എത്തിക്കേണ്ടതുണ്ട്. ഖരമാലിന്യം വീടുകളിൽ തന്നെ തരംതിരിച്ച് (ജൈവ അജൈവം) വയ്ക്കാനും, ജൈവ മാലിന്യം വീടുകളിൽ തന്നെ സംസ്ക്കരിക്കാനുമുള്ള പ്രേരണയും പ്രോത്സാഹനവും നൽകണം. ലഘുവായ കമ്പോസ്റ്റിംഗ് രീതികളായ റിംഗ് കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, മൺകല കമ്പോസ്റ്റിംഗ് തുടങ്ങിയവയും ബയോഗ്യാസ് പ്ലാന്റും ഇതിനായി ഉപയോഗപ്പെടുത്താം.

വീടുകളിൽ വെള്ളം കെട്ടിനിന്ന് കൊതുക് പരത്തുന്നത് തടയാൻ സഹായകമായ പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. ശുചിത്വ സ്ക്വാഡ് ഓരോ വീടുകളിലും സന്ദർശിക്കുകയും ആവശ്യമായ ശുചിത്വ സന്ദേശം എത്തിക്കുകയും വേണം.

മഴക്കാലം ആരംഭിക്കുന്നതിനു മുമ്പും മഴക്കാലം ആരംഭിച്ച് അഞ്ച് ദിവസം കഴിയുമ്പോഴും തുടർന്ന് ആഴ്ചയിലൊരിക്കലും ശുചിത്വ സ്ക്വാഡ് വീടുകൾ സന്ദർശിക്കേണ്ടതുണ്ട്. ഇതേ തരത്തിൽ തന്നെ സ്ഥാപനങ്ങളിലും പ്രവർത്തനം നടത്തണം.

ഓഫീസുകൾ/ആശുപത്രികൾ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ അവയുടെ ചുമതലക്കാരുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപടി കൈക്കൊള്ളണം.

പ്രചരണ പരിപാടികൾ ഊർജ്ജിതപ്പെടുത്താനായി ലഘുലേഖകൾ, ബാനറുകൾ, മൈക്ക് അനൗൺസ്മെന്റുകൾ, റോഡ് ഷോകൾ മുതലായ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. മെയ്മാസത്തിൽ തന്നെ നഗര/പഞ്ചായത്ത് വാർഡ് തല ശുചിത്വ സ്ക്വാഡുകൾ ചേരാനും പ്രശ്നബാധിത പ്രദേശങ്ങൾ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി തുടങ്ങാനും കഴിയണം.

ശുചിത്വ സ്ക്വാഡുകൾ നടപ്പിലാക്കേണ്ട കാര്യങ്ങൾ

ഓരോ വീടും സന്ദർശിക്കുകയും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും അവയുടെ പ്രാധാന്യവും ബോധ്യപ്പെടുത്തുകയും ചെയ്യുക.

വാർഡിൽ സ്ഥിതിചെയ്യുന്ന വിവിധ സ്ഥാപനങ്ങൾ (സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ) സന്ദർശിക്കുകയും ശുചീകരണ ബോധവൽക്കരണം നൽകുകയും ചെയ്യുക.

ഉറവിട മാലിന്യ സംസ്ക്കരണം ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കുടുംബങ്ങളോടും സ്ഥാപന ഉടമകളോടും സംവദിക്കുക.

ആഴ്ചയിൽ ഒരു ദിവസം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഡ്രൈ ഡേ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ആ ദിവസത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുക.

കൊതുകുകളുടെ ഉറവിടങ്ങൾ നശിപ്പിക്കുക, ക്ലോറിനേഷൻ നടത്തുക മുതലായ ശുചിത്വ പ്രവർത്തനങ്ങൾ നടത്തുക.

പ്രദേശത്തെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.

മാലിന്യമുക്ത കേരളം

ശുചിത്വ മാപ്പിങ്ങ് നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക.

മഴക്കാല പൂർവ്വ ശുചീകരണ സന്ദേശങ്ങളടങ്ങിയ നോട്ടീസുകൾ വിതരണം ചെയ്യുക.

ശുചിത്വ സ്ക്വാഡുകൾക്ക് നേതൃത്വം വഹിക്കുന്നവർ ആഴ്ചയിലൊരിക്കൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുക.

MGNREGS തൊഴിലാളികളെ ഉപയോഗിച്ച് ജലാശയങ്ങളും ഓടകളും വൃത്തിയാക്കാനായി അവയിലെ ചെളി നീക്കി ഒഴുക്ക് സുഗമമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

MGNREGS തൊഴിലാളികളെ ഉപയോഗപ്പെടുത്തി സർക്കാർ ഭൂമിയിൽ, സ്ക്കൂൾ കോമ്പൗണ്ട് വൃത്തിയാക്കാനും അവിടെ മരം വെച്ച് പിടിപ്പിച്ച് പരിസ്ഥിതി പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

MGNREGS തൊഴിലാളികളെ ഉപയോഗിച്ച് പട്ടികജാതി-പട്ടികവർഗ്ഗ ദരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെയും ഉടമസ്ഥതയിലുള്ള ഭൂമി വൃത്തിയാക്കി ശുചിത്വം ഉറപ്പാക്കേണ്ട നടപടി കൈക്കൊള്ളേണ്ടതുമാണ്.

പരിശീലനം സംഘടിപ്പിക്കൽ

കർമ്മ പരിപാടി ആവിഷ്ക്കരിക്കുന്നതിനും അവയുടെ ഫലപ്രദമായ നടത്തിപ്പിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക്, നഗരസഭ തലത്തിലും പരിശീലനം നൽകേണ്ടതുണ്ട്. ജില്ലകളിലെ എ.ഡി.സി (ജനറൽ), ഹെൽത്ത് ഇൻസ്പെക്ടർ, എസ്.എസ്.എ ഉദ്യോഗസ്ഥൻ, കുടുംബശ്രീ, റ്റി.എസ്.ഇ. നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥർക്ക് സംസ്ഥാന ജില്ലാ തലത്തിൽ പരിശീലനം നൽകാവുന്നതാണ്. ബ്ലോക്ക്/നഗരസഭാ തല പരിശീലനത്തിൽ വാർഡുതലത്തിൽ നിന്നും രണ്ടുപേരും വാർഡുതലത്തിൽ നേതൃത്വം കൊടുക്കുന്ന ജനപ്രതിനിധി, ഹെഡ്മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, അഗ്രിക്കൾച്ചറൽ ഓഫീസർ, വി.ഇ.ഒ. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണൽ എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്.

പ്രവർത്തന ഫണ്ട് സ്വരൂപിക്കൽ

വാർഡ് തലത്തിൽ നടത്തുന്ന വ്യാപകമായ ശുചിത്വ പ്രചാരണ ബോധവൽക്കരണ പ്രചരണ ശുചിത്വ പ്രവർത്തനങ്ങൾക്കായി എൻ.ആർ.എച്ച്.എം ഫണ്ട്, ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിൽ ദിനങ്ങൾ, ശുചിത്വ മിഷന്റെ സാമ്പത്തിക സഹായം തുടങ്ങിയവ ഉപയോഗപ്പെടുത്താവുന്നതാണ്.

സമ്പൂർണ്ണ ശുചീകരണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കൽ

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഉൾപ്പെടെ ഈ പ്രവർത്തനവുമായി സഹകരിക്കുന്ന എല്ലാ സർക്കാർ വകുപ്പുകളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പരിശ്രമത്തിൽ 2012 മെയ് മാസം 17-ാം തീയതി സംസ്ഥാനമൊട്ടാകെ ശുചീകരണ ബോധവൽക്കരണ പ്രചരണ പരിപാടിക്ക് തുടക്കം കുറിക്കും. സ്ഥലം എം.എൽ.എ യുടെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ചെയർമാൻ/പ്രസിഡന്റിന്റെ നേതൃത്വത്തിലും ഈ പ്രവർത്തനം സംസ്ഥാനമൊട്ടാകെ തുടങ്ങാവുന്നതാണ്. ഇതിൽ സന്നദ്ധ സംഘടനകൾ, വ്യാപാര വ്യവസായ സംഘടനകൾ, കലാകാരന്മാർ തുടങ്ങിയ സമൂഹത്തിലെ മുഴുവൻ വിഭാഗങ്ങളെയും പങ്കെടുപ്പിച്ച്കൊണ്ടുള്ള ഒരു ബ്രഹത് പരിപാടിയായി ഇതിനെ നടപ്പിലാക്കാൻ കഴിയണം.■

കടപ്പാട് : ശുചിത്വമിഷൻ
(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)

റിപ്പോർട്ട്

സംസ്ഥാന വികസന സമിതി യോഗം

"വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിൽ തദ്ദേശസ്ഥാപനങ്ങൾ സഹകരിക്കണം"

വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജനത്തിൽ സംസ്ഥാന സർക്കാരിനൊപ്പം ത്രിതല തദ്ദേശസ്ഥാപനങ്ങളും പൂർണ്ണമായി സഹകരിക്കണമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. സംസ്ഥാന വികസന സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മാലിന്യ നിർമ്മാർജ്ജനം സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിലൂടെയും ഉറവിടത്തിൽ തന്നെയുള്ള മാലിന്യ സംസ്ക്കരണത്തിലൂടെയും മാത്രമേ മാലിന്യ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനാകൂ. പുതിയ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പരിസര ശുചീകരണത്തിനും, മഴക്കാല രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധത്തിനും വാർഡുതലത്തിൽ ശുചിത്വമിഷൻ 10,000 രൂപയും, ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ 25,000 രൂപയും വകയിരുത്തിയിട്ടുണ്ട്. ഇവയ്ക്കുപുറമെ പഞ്ചായത്തുകൾക്ക് സ്വന്തം ഫണ്ടും ഉപയോഗിക്കാവുന്നതാണ്. പൊതുശ്മശാനം ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും അടുത്ത ഒരു വർഷത്തിനുള്ളിൽ അതിനുള്ള സ്ഥലം കണ്ടെത്തണം. ഭൂമി വാങ്ങാനായി പഞ്ചായത്ത് ഫണ്ടിന് പുറമേ സർക്കാരിന്റെ ഫണ്ടും എം.എൽ.എ.ഫണ്ടും ലഭ്യമാക്കും. ഇതിനുപുറമേ ആവശ്യമായി വരുകയാണെങ്കിൽ എം.പി.മാരുടെ ഫണ്ടിൽനിന്നും സഹായം തേടും, മുഖ്യമന്ത്രി പറഞ്ഞു.

സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽക്കുതന്നെ തദ്ദേശസ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. പട്ടികജാതി/വർഗ്ഗക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ടുകൾ തദ്ദേശസ്ഥാപനങ്ങൾ ചെലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്ലാനിങ് ബോർഡ് ഉപാദ്ധ്യക്ഷന്റെ നേതൃത്വത്തിലുള്ള സെക്രട്ടറിമാരുടെ സമിതി പുനഃപരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകാനും സർക്കാർ ആലോചിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഗ്രാമീണ റോഡുകളുടെ വികസനത്തിനും തദ്ദേശസ്ഥാപനങ്ങളുടെ സോഷ്യൽ ആഡിറ്റിങ്ങിലും ഇ-ഗവേണൻസിന്റെ ഫലപ്രദമായ നടത്തിപ്പിലും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിലും തദ്ദേശസ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധിക്കണമെന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു.

മാലിന്യം സംസ്ക്കരിക്കുന്നതിന് രാത്രി ശേഖരിക്കുന്ന രീതി തിരുവനന്തപുരം കോർപ്പറേഷനിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച നഗരകാര്യമന്ത്രി മഞ്ഞളാംകുഴി അലി പറഞ്ഞു. അനെർട്ട്, കൃഷിവകുപ്പ് എന്നിവയെയും മാലിന്യ സംസ്ക്കരണരംഗത്ത് ഉൾപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു.

ഈ സാമ്പത്തിക വർഷം മുതൽ പഞ്ചായത്ത് തലത്തിലും വാർഷിക പദ്ധതികൾക്ക് പകരം പഞ്ചവത്സര പദ്ധതികളാണുണ്ടാവുക എന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ഗ്രാമവികസന, ആസൂത്രണ വകുപ്പ് മന്ത്രി കെ.സി. ജോസഫ് അറിയിച്ചു. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉടൻ പുറത്തിറക്കും.

പഞ്ചായത്തുകളിലെ റവന്യൂ പുറമ്പോക്കു ഭൂമി കൈയ്യേറ്റക്കാരിൽ നിന്നും സംരക്ഷിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്ന് ചർച്ചയിൽ പങ്കെടുത്ത റവന്യൂമന്ത്രി അടൂർ പ്രകാശ് പറഞ്ഞു. 2015 ഓടെ സംസ്ഥാനത്ത് ഭൂരഹിതരായ കുടുംബങ്ങൾ ഉണ്ടാകാതിരിക്കാൻ സർക്കാർ നടപ്പാക്കുന്ന സീറോ ലാൻഡ്ലെസ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശസ്ഥാപനങ്ങൾ സഹകരിക്കണമെന്നും മന്ത്രി പറഞ്ഞു.

മന്ത്രിമാരായ ആര്യാടൻ മുഹമ്മദ്, കുഞ്ഞാലിക്കുട്ടി, വി.എസ്. ശിവകുമാർ, കെ.ബി. ഗണേഷ്കുമാർ, ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ കെ.എം. ചന്ദ്രശേഖർ, ചീഫ് സെക്രട്ടറി കെ. ജയകുമാർ, ത്രിതല പഞ്ചായത്ത് ഭാരവാഹികൾ, വിവിധ വകുപ്പ് തലവന്മാർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.■

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)

സംസ്ഥാന വികസന സമിതി യോഗം മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് തൈക്കാട് ഗസ്റ്റ് ഹൗസിൽ ചേർന്നപ്പോൾ

റിപ്പോർട്ട്

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

നിർമ്മൽ ഗ്രാമ പുരസ്ക്കാരം (2011) ലഭിച്ച ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളെ ആദരിച്ചു

സമ്പൂർണ്ണ ശുചിത്വത്തിന് കൂട്ടായ പരിശ്രമം അനിവാര്യം

സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന് കൂട്ടായ പരിശ്രമം അനിവാര്യമാണെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. നിർമ്മൽ ഗ്രാമപുരസ്ക്കാരം (2011) ലഭിച്ച ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളെ ആദരിക്കുന്നതിനായി കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്രസർക്കാർ ഏറെ പ്രാധാന്യത്തോടെ നടപ്പാക്കുന്ന സമ്പൂർണ്ണ ശുചിത്വയജ്ഞം വിജയകരമാക്കുന്നതിന് സർക്കാരും ത്രിതല പഞ്ചായത്തുകളും ഉദ്യോഗസ്ഥരും ജനങ്ങളും സഹകരിച്ചു പ്രവർത്തിക്കണം. ഈ രംഗത്ത് പുരസ്ക്കാരം നേടിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികവ് നിലനിർത്തുന്നതിനും മറ്റുള്ള സ്ഥാപനങ്ങൾ പുരസ്ക്കാരം സ്വന്തമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും ശ്രമിക്കണം. ശുചിത്വം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരമാവധി പിന്തുണ നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എങ്കിലും ഇതുവരെ വിജയകരമായ ഒരു മാതൃക രൂപപ്പെടുത്താൻ സാധിച്ചിട്ടില്ല. ഗാർഹിക മാലിന്യങ്ങൾ ബയോഗ്യാസും കംപോസ്റ്റ് വളവുമായി മാറ്റുക, വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം, മികവുറ്റ സംസ്ക്കരണ ശാലകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രാധാന്യം നൽകുന്നുണ്ട്, മുഖ്യമന്ത്രി പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായുള്ള നിർമ്മൽ ഗ്രാമ പുരസ്ക്കാരത്തിന് (2011) അർഹമായ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പുരസ്ക്കാരം സമ്മാനിക്കുന്നു. മന്ത്രിമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി. ജോസഫ് തുടങ്ങിയവർ സമീപം.

ഗ്രാമവികസന ആസൂത്രണ വകുപ്പ് മന്ത്രി കെ.സി. ജോസഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള നിർമൽ പുരസ്ക്കാരങ്ങൾ മുഖ്യമന്ത്രി സമ്മാനിച്ചു. പുരസ്ക്കാര തുകയുടെ ഒന്നാം ഗഡു ആഭ്യന്തര വിജിലൻസ് വകുപ്പു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനും സൈറ്റേഷൻ മന്ത്രി കെ.സി. ജോസഫും വിതരണം ചെയ്തു.

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് മന്ത്രി കെ.സി. ജോസഫ് വ്യക്തമാക്കി. സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എല്ലാവരും സഹകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാരും കൂട്ടായി ശ്രമിച്ചാൽ അടുത്ത വർഷം കേരളം ശുചിത്വമികവിനുള്ള നിർമ്മൽ പുരസ്ക്കാരം സ്വന്തമാക്കുന്ന സംസ്ഥാനമായി മാറണമെന്ന് അദ്ദേഹം പറഞ്ഞു. സമ്പൂർണ ശുചിത്വം യാഥാർത്ഥ്യമാക്കുന്നതിന് സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റമുണ്ടാകണമെന്ന് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാധ വി. നായർ, മുനിസിപ്പൽ കൗൺസിലർ അനീഷ തങ്കപ്പൻ എന്നിവർ പ്രസംഗിച്ചു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ് ചാക്കച്ചേരി റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ കളക്ടർ മിനി ആന്റണി സ്വാഗതവും ശുചിത്വ മിഷൻ കോട്ടയം കോ- ഓർഡിനേറ്റർ ഷാജി ജോർജ് നന്ദിയും പറഞ്ഞു.

കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയവും സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സമ്പൂർണ്ണ ശുചിത്വ യജ്ഞം. പദ്ധതി മാതൃകാപരമായി നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ അംഗീകരിക്കുന്നതിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണ് നിർമ്മൽ ഗ്രാമ പുരസ്ക്കാരം. സംസ്ഥാനത്ത് 2011 ൽ വണ്ടപ്പെരിയാർ, മൂന്നാർ, നീണ്ടൂർ, പുതുശ്ശേരി, കൊടുമ്പ, പള്ളിക്കൽ, ഇടവ എന്നീ ഗ്രാമപഞ്ചായത്തുകൾക്കും ഇടപ്പള്ളി, പള്ളുരുത്തി, ഇടുക്കി, കാഞ്ഞങ്ങാട്, കാസർകോട്, മഞ്ചേശ്വരം, നീലേശ്വരം, ളാലം, പാമ്പാടി, തിരൂർ, നെന്മാറ എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്കും എറണാകുളം, കാസർകോട് ജില്ലാ പഞ്ചായത്തുകൾക്കുമാണ് അവാർഡ് ലഭിച്ചത്. 19 ഗ്രാമപഞ്ചായത്തുകൾക്കും 33 ബ്ലോക്ക് പഞ്ചായത്തുകൾക്കും ആറു ജില്ലാ പഞ്ചായത്തുകൾക്കും കൂടി നിർമ്മൽ ഗ്രാമപുരസ്ക്കാരം ലഭ്യമായാൽ സംസ്ഥാനത്തിന് നിർമ്മൽ പദവി ലഭിക്കും.■

അഞ്ചൽ കൃഷ്ണകുമാർ

ജീവിതം തലച്ചുമടാക്കിയവർ...

സ്വന്തം വീട്ടിൽ സാധനങ്ങളിറക്കാനാഗ്രഹിക്കുന്നവർക്ക് ഇവരിന്നും പേടിസ്വപ്നമാണ്. ചെയ്യാത്ത ജോലിക്ക് കൂലി (നോക്കു കൂലി) വാങ്ങുകയും അമിത കൂലി ചോദിക്കുകയും ചെയ്യുന്ന ചുമട്ട് തൊഴിലാളികളുടെ ട്രേഡ് യൂണിയൻ ശക്തിയും വിലപേശൽ തന്ത്രങ്ങളും അന്തർദേശീയ തലങ്ങളിൽ പോലും ചർച്ചാവിഷയമായിട്ടുണ്ട്. നിക്ഷേപസൗഹൃദമല്ലാത്ത സംസ്ഥാനമെന്ന കുപ്രസിദ്ധി നേടിയെടുക്കുന്നതിൽ ചുമട്ടുതൊഴിലാളി സംഘടനകൾക്ക് അനൽപ്പമായ പങ്കുണ്ടെന്ന് ആരും സമ്മതിക്കും.

ഗ്രാമീണ കേരളത്തിന്റെ നഷ്ടസ്മൃതികളിലൊന്നായ അത്താണികൾ എന്ന ചുമടുതാങ്ങികളെ കാണുമ്പോൾ, തലയിൽ ഭാരവുംപേറി നാട്ടുവഴികൾ താണ്ടി വരുന്ന ചുമടെടുപ്പുകാരെ ഓർമ്മ വരും. കാർഷിക സംസ്കാരത്തിൽ ആഴ്ന്നിറങ്ങി നിന്നിരുന്ന കേരളത്തിന്റെ സാമൂഹിക – സാമ്പത്തിക മേഖലയുടെ അവിഭാജ്യ ഘടകമായിരുന്നു കയറ്റിറക്ക് ജോലികളും ചുമട്ടുകാരും. പിന്നീട് കമ്പോളങ്ങൾ സജീവമാകുകയും കച്ചവടസ്ഥാപനങ്ങളുടെ എണ്ണം കൂടുകയും ഗൾഫ് പണത്തിന്റെ സ്വാധീനത്താൽ വൻതോതിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തതോടെ സാധന സാമഗ്രികളുടെ കയറ്റിറക്കിനും കൈമാറ്റത്തിനും ചുമട്ടുകാരുടെ സേവനം അത്യാന്താപേക്ഷിതമായി തീർന്നു.

1950 ന് മുൻപ് തന്നെ കേരളത്തിൽ ചുമടെടുപ്പ് ജീവിതവൃത്തിയായി ഏറ്റെടുത്തവരുന്നുണ്ടായിരുന്നെങ്കിലും അറുപതുകളിലാണ് ഒരു തൊഴിൽ വിഭാഗമെന്ന നിലയിലേക്ക് ചുമട്ട് തൊഴിലാളികൾ ഉയർന്ന് വന്നത്. തുടക്കത്തിൽ ബസ്സ്റ്റാൻഡുകളിലും, റെയിൽവേസ്റ്റേഷൻ പരിസരങ്ങളിലും ഗ്രാമീണ ചന്തകളിലുമൊക്കെയായിരുന്നു ഇവർ ജോലി ചെയ്തത്. 1970 ആയപ്പോഴേക്കും ഈ രംഗത്ത് ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ പിടിമുറുക്കുകയും കേരളത്തിലെ അസംഘടിത മേഖലകളിലെ മുൻതൂക്കമുള്ള തൊഴിലാളി പ്രസ്ഥാനമായി ചുമട്ടുതൊഴിൽ മേഖല രൂപമെടുക്കുകയും ചെയ്തു.

സ്വന്തം കായികശേഷി മാത്രം പ്രയോജനപ്പെടുത്തി തൊഴിൽ രംഗത്ത് നിൽക്കുന്നവരാണ് ചുമട്ട് തൊഴിലാളികൾ. എവിടെ ജോലിയുണ്ടോ അവിടെ പോയി തൊഴിലെടുക്കുക എന്നതാണ് ഇവരുടെ രീതി. ഒരു ദിവസം തന്നെ ഒന്നിലധികം തൊഴിലുടമകളുടെ കീഴിൽ ജോലി ചെയ്യേണ്ടി വന്ന ഇവർക്ക് ഒരു സ്ഥിരം തൊഴിൽ ദാതാവിൽ നിന്നും ലഭിക്കേണ്ട വരുമാനവും സംരക്ഷണവും കിട്ടാതെ പോയി. ഇക്കാരണം കൊണ്ട് തന്നെ ചുമട്ട് തൊഴിലാളി മേഖല യാതൊരുവിധ നിയമങ്ങളോ നിയന്ത്രണങ്ങളോ ഇല്ലാതെ മുന്നോട്ട് പോകുകയായിരുന്നു. കൂലിതർക്കങ്ങളും പണിമുടക്കുകളും സമരങ്ങളും വ്യാപാരമേഖലയെ പ്രതിസന്ധിയിലാഴ്ത്തി. ഒരു ഭാഗത്ത് തൊഴിൽദാതാക്കളായ വ്യാപാരി – വ്യവസായികളും മറു ഭാഗത്ത് ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ തൊഴിലാളികളും പോരിനിറങ്ങിയതോടെ കമ്പോളങ്ങളും വ്യാപാരമേഖലകളും സംഘർഷഭരിതമായി. അതേ സമയം തന്നെ സമൂഹം ഇവരെ തെമ്മാടികളും വഴക്കാളികളും പിടിച്ചുപറിക്കാരുമായി മുദ്ര കുത്തി. സംസ്ഥാനത്ത് പുതിയ വ്യവസായങ്ങളും നിക്ഷേപങ്ങളും വരാത്തത് ഇവരുടെ സംഘടിത ശക്തി മൂലമാണെന്ന് പലരും വിലയിരുത്തി. ഈ അവസ്ഥയ്ക്കെല്ലാം ഒരു മാറ്റം വരുത്താനാണ് 1978 –ൽ കേരളാ ചുമട്ട് തൊഴിലാളി നിയമവും തുടർന്ന് 81–ൽ സാമൂഹിക സുരക്ഷാ പദ്ധതികളും നടപ്പാക്കിയത്. കാലഘട്ടം ആവശ്യപ്പെട്ടതനുസരിച്ച് കാലാകാലങ്ങളിൽ നിയമങ്ങളിൽ ഭേദഗതികളും ഉണ്ടായി.

തൊഴിൽ ക്രമീകരണവും ക്ഷേമനിധിബോർഡും ഈ മേഖലയിൽ പ്രകടമായ മാറ്റങ്ങൾ കൊണ്ടുവന്നെങ്കിലും കയറ്റിറക്ക് കുത്തവകാശമായി കണക്കാക്കി സ്വയം നിശ്ചയിക്കുന്ന കൂലി സംഘടിതശക്തിയുപയോഗിച്ച് പിടിച്ച് വാങ്ങുന്നവരായിട്ടാണ് സമൂഹവും മാധ്യമങ്ങളും ഇന്നും ഇവരെ കാണുത്. സ്വന്തം വീട്ടിൽ സാധനങ്ങളിറക്കാനാഗ്രഹിക്കുന്നവർക്ക് ഇവരിന്നും പേടിസ്വപ്നമാണ്. ചെയ്യാത്ത ജോലിക്ക് കൂലി (നോക്കു കൂലി) വാങ്ങുകയും അമിത കൂലി ചോദിക്കുകയും ചെയ്യുന്ന ചുമട്ട് തൊഴിലാളികളുടെ ട്രേഡ് യൂണിയൻ ശക്തിയും വിലപേശൽ തന്ത്രങ്ങളും അന്തർദേശീയ തലങ്ങളിൽ പോലും ചർച്ചാവിഷയമായിട്ടുണ്ട്. നിക്ഷേപസൗഹൃദമല്ലാത്ത സംസ്ഥാനമെന്ന കുപ്രസിദ്ധി നേടിയെടുക്കുന്നതിൽ ചുമട്ടുതൊഴിലാളി സംഘടനകൾക്ക് അനൽപ്പമായ പങ്കുണ്ടെന്ന് ആരും സമ്മതിക്കും. എന്നാൽ ഇത്രത്തോളം അനഭിമതരാകാനും സാമൂഹികമായി പിൻതള്ളപ്പെടാനും തക്ക എന്തൊക്കെ ജനദ്രോഹപരമായ നടപടികളാണ് ചുമട്ടുതൊഴിലാളികൾ ചെയ്തിട്ടുള്ളത്? ഇതര തൊഴിൽ വിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തവും സങ്കീർണ്ണതകൾ നിറഞ്ഞതുമായ ഈ തൊഴിൽ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ അടുത്തറിഞ്ഞാൽ നമ്മളിൽ പലരും അവരോടുള്ള ഇന്നത്തെ സമീപനത്തിൽ മാറ്റം വരുത്തിയേക്കും.

ചുമട്ട് തൊഴിലാളികളിൽ വ്യത്യസ്ത വിഭാഗങ്ങളുണ്ട്. ഒരു സ്ഥിരം തൊഴിൽ ദാതാവുള്ള 'അറ്റാച്ച്ഡ്' വിഭാഗക്കാരും, ബോർഡിന്റെ പൂളുകളിൽ പണിയെടുക്കുന്ന 'അൺ അറ്റാച്ച്ഡ്' വിഭാഗക്കാരും ബസ്സ്റ്റാൻഡുകളിലും ബോട്ട്ജെട്ടികളിലും ഗ്രാമീണമേഖലകളിലും അപ്പപ്പോൾ കിട്ടുന്ന ജോലി ചെയ്യുന്ന സ്കാറ്റേർഡ് വിഭാഗക്കാരും ഇവരിലുൾപ്പെടുന്നു. കോഴിക്കോട് വലിയങ്ങാടി, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, തിരുവനന്തപുരം ചാല മാർക്കറ്റ്, ഗോഡൗണുകൾ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ മുതലായ വൻകിട വ്യാപാര മേഖലകളിൽ ജോലി ചെയ്യുന്നവർക്കൊഴികെ മറ്റ് പ്രദേശങ്ങളിലുള്ളവർക്കെല്ലാം തുച്ഛമായ വരുമാനം മാത്രമേ ഇപ്പോഴും ലഭിക്കുന്നുള്ളൂ. കുടുംബച്ചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കുമൊക്കെയായി കിട്ടുന്ന വരുമാനം തികയാതെ വരുന്നതിനാൽ ഇവരിൽ ഭൂരിഭാഗവും ഇന്ന് കടക്കെണിയിലാണ്. ഏതെങ്കിലും അത്യാവശ്യത്തിന് പണം പലിശയ്ക്ക് കടമെടുക്കുന്ന ഇവരെ അവരുടെ മരണംവരെയുള്ള ബാധ്യത പിൻതുടരും. ഭാരമേറിയ ചുമടുകളെടുത്ത് ആരോഗ്യം ക്ഷയിച്ച് വിവിധ തരത്തിലുള്ള അസുഖങ്ങളുടെ പിടിയിലമരുന്ന ഇവരുടെ അന്ത്യം പലപ്പോഴും ദയനീയമായിട്ടാണ്. ചുമട്ട് തൊഴിലിലൂടെ ജിവിതവിജയം നേടിയവർ നമ്മുടെ അറിവിൽ വളരെ കുറച്ചേയുള്ളൂ.

ഒരു ശരാശരി മലയാളിക്ക് താങ്ങാൻ കഴിയാത്തത്ര ഉയരത്തിലായിരുക്കും എന്നും ജീവിതചെലവുകൾ. ജീവിതപ്രാരാബ്ദങ്ങൾക്കിടയിൽ ചെയ്യുന്ന ജോലിക്ക് പരമാവധി കൂലി ചോദിച്ച് വാങ്ങാൻ ചുമട്ട് തൊഴിലാളികളും നിർബന്ധിതരാകുന്നുണ്ട്. തൊഴിൽ സംരക്ഷണമോ കൂലിസ്ഥിരതയോ ഇല്ലാത്ത ഈ മേഖലയിൽ ദേഹാധ്വാനത്തിന്റെ കാഠിന്യമോ, സാധനങ്ങളുടെ മൂല്യമോ, ഉടമസ്ഥന്റെ സാമ്പത്തികസ്ഥിതിയോ, കണക്കിലെടുത്ത് അവർ ചിലപ്പോഴെങ്കിലും ഉയർന്ന കൂലി ചോദിച്ചേക്കാം. അതാണ് വലിയ വാർത്തയാകുന്നത്. അതേ സമയം, സഹായിക്കാൻ ആരുമില്ലാത്ത നിർദ്ധനയായ ഒരു വൃദ്ധക്ക് വീട്ട് സാധനങ്ങൾ സൗജന്യമായി ഇറക്കികൊടുത്ത ചുമട്ടുതൊഴിലാളികളെ ലേഖകന് നേരിട്ടറിയാം. അത്തരം സംഭവങ്ങൾ വാർത്തയാകുന്നുമില്ല.

ചുമട്ടുതൊഴിലാളികൾക്ക് നൽകുന്ന കൂലിയുടെ മൂല്യവും സാംഗത്യവും സംബന്ധിച്ച് തൊഴിലുടമകളും വീട്ടുടമസ്ഥൻമാരും കൂടുതൽ ബോധവാൻമാരാകുന്നുവെന്ന തത്വം തിരിച്ചറിയപ്പെടണം. ഒരു സ്റ്റീൽ അലമാര വാഹനത്തിൽ നിന്ന് ഇറക്കി വീട്ടിൽ വയ്ക്കുന്നതിന്

കയറ്റിറക്ക് മേഖലയിൽ മാത്രമേ നോക്കുകൂലിയുള്ളൂ എന്ന് പലരും കണ്ഠക്ഷോഭം നടത്തുന്നുണ്ടെങ്കിലും, ജോലി ചെയ്യാതെ കൂലി വാങ്ങുന്ന ഒരു ന്യൂനപക്ഷമെങ്കിലും മറ്റെല്ലാ വിഭാഗങ്ങളിലുണ്ടെന്നും അതിൽ സർക്കാർ ജീവനക്കാരും ഉൾപ്പെടുമെന്നും അതും ഒരുതരത്തിൽ നോക്കുകൂലിയാണെന്നും അഭിപ്രായമുയർന്ന് തിരുവനന്തപുരം നഗരത്തെ നോക്കുകൂലി വിമുക്തമായി പ്രഖ്യാപിച്ച ചടങ്ങിൽ തന്നെയാണ്.

രണ്ടോ - നാലോ തൊഴിലാളികൾ 50 മുതൽ 100 രൂപ വരെ ചോദിച്ചെന്നിരിക്കട്ടെ (പ്രസിദ്ധീകരിക്കപ്പെട്ട കൂലി നിരക്ക് പ്രകാരം 50 രൂപ നൽകണം) അത് വളരെ കൂടുതലായി ഉടമ കാണുന്നു.. കാരണം അലമാര വാങ്ങിയതിന്റെ മേലുള്ള അധിക ചെലവായാണ് ഉടമ ഇറക്കുകൂലിയെ മനസ്സിലാക്കുന്നത് (Psychic Cost) എന്നാൽ അലമാരി നിർമ്മാതാവ് നൂറോ ഇരുന്നൂറോ രൂപ കൂടുതൽ വില ചോദിച്ചിരുന്നെങ്കിൽ പോലും യാതൊരു വൈഷമ്യവും കൂടാതെ വീട്ടുടമ അത് നൽകുമായിരുന്നു.

ചാല മാർക്കറ്റിലെ ഒരു തൊഴിലാളി പറയുന്നത് ശ്രദ്ധിക്കുക. 'മുതലാളിയും ഞാനും ഒരുമിച്ചാണ് പണ്ട് ചാലയിലെത്തിയത്. ചെറിയ കച്ചവടങ്ങൾ ചെയ്ത് മുതലാളി ഇന്ന് കോടീശ്വരനായി. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഷ്ടപ്പെട്ടുകൊണ്ട് ഞാനിന്നും തൊഴിലാളിയായി തെരുവിൽകിടക്കുന്നു'. ഭാരം കുറഞ്ഞതോ വലിപ്പം കുറഞ്ഞതോ ആയ പായ്ക്കറ്റുകൾ ഇറക്കുമ്പോൾ 10 രൂപ അധികം ചോദിച്ചാൽ മുതലാളിമാർക്ക് കലിയിളകും. എന്നാൽ പതിനായിരങ്ങൾ ലാഭം കിട്ടുന്ന ഉരുപ്പടിയായിരിക്കും അതിനുള്ളിലുണ്ടാവുക. മറ്റൊരു തൊഴിലാളിയുടെ നിരീക്ഷണമാണിത്. ജീവിക്കാൻ വേണ്ടി വേഷം കെട്ടിയിറങ്ങിയ തൊഴിലാളികളുടെ കഷ്ടപ്പാടുകൾ ഇവിടെ ആരും കാണാതെ പോകുന്നു. അഥവാ കണ്ടില്ലെന്ന് നടിക്കുന്നു.

ടിപ്പർ ലോറികളും, ക്രെയിനും മറ്റ് യന്ത്രസംവിധാനങ്ങളും വന്നതോടെ ചിലപ്രദേശങ്ങളിൽ തൊഴിലാളികൾക്ക് ജോലിതന്നെ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. നോക്കുകൂലിയെ എല്ലാ ട്രേഡ് യൂണിയനുകളും ശക്തിമായി എതിർക്കുന്നുണ്ടെങ്കിലും, തങ്ങൾക്ക് ലഭിക്കേണ്ട ജോലിയും കൂലിയും യന്ത്രസാമഗ്രികളുപയോഗിക്കുന്നതിനാൽ കിട്ടാതാകുമ്പോൾ, ഉപജീവനമാർഗ്ഗം അടഞ്ഞുപോകുന്ന തൊഴിലാളികളുടെ മനോവേദനയും സാമ്പത്തികക്ലേശവും ആരും അറിയുന്നില്ല. തൊഴിൽ നഷ്ടത്തിനുള്ള കോമ്പൻസേഷൻ എന്നത് കേട്ടുകേഴ്വിയില്ലാത്ത കാര്യമൊന്നുമല്ലല്ലോ. കയറ്റിറക്ക് മേഖലയിൽ മാത്രമേ നോക്കുകൂലിയുള്ളൂ എന്ന് പലരും കണ്ഠക്ഷോഭം നടത്തുന്നുണ്ടെങ്കിലും, ജോലി ചെയ്യാതെ കൂലി വാങ്ങുന്ന ഒരു ന്യൂനപക്ഷമെങ്കിലും മറ്റെല്ലാ വിഭാഗങ്ങളിലുണ്ടെന്നും അതിൽ സർക്കാർ ജീവനക്കാരും ഉൾപ്പെടുമെന്നും അതും ഒരുതരത്തിൽ നോക്കുകൂലിയാണെന്നും അഭിപ്രായമുയർന്ന് തിരുവനന്തപുരം നഗരത്തെ നോക്കുകൂലി വിമുക്തമായി പ്രഖ്യാപിച്ച ചടങ്ങിൽ തന്നെയാണ്. വൻപ്രചാരണം ലഭിക്കുന്നില്ലെങ്കിലും ചുമട്ട്തൊഴിലാളികൾ നടത്തുന്ന സാമൂഹ്യസേവനം മഹത്തരമാണ്. അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതിലും, ജീവരക്തം ദാനം ചെയ്യുന്നതിലും അവർ മഹനീയ മാതൃക കാട്ടിയിട്ടുണ്ട്. വെഞ്ഞാറമൂട്ടിൽ ആംബുലൻസിന് തീപ്പിടിച്ചപ്പോഴും പാറമടയിൽ കുട്ടികൾ വീണ് അപകടമുണ്ടായപ്പോഴും ജീവൻ രക്ഷിച്ചത് ഇവരാണ്. ഇവരുടെ സാന്നിദ്ധ്യമുള്ള കവലകളിലൂടെ ഏത് സ്ത്രീക്കും പ്രായമായവർക്കും ധൈര്യപൂർവ്വം നടന്നുപോകാം. കളവുമുതലുകൾ കണ്ടെത്തുന്നതിനും, കൈമോശം വന്നവ തിരികെ ലഭിക്കുന്നതിനും എത്രയോ തവണ ഈ തൊഴിലാളികൾ ഉപകരിച്ചിട്ടുണ്ട്. മാന്യന്മാർ ചെയ്യാനറയ്ക്കുന്ന പല ജീവകാരുണ്യ പ്രവർത്തനങ്ങളും, ശുചീകരണ യജ്ഞങ്ങളും നിർമ്മാണ പ്രവർത്തനങ്ങളിലും ചുമട്ടു തൊഴിലാളികൾ കാട്ടിയ ആത്മാർത്ഥത മറ്റൊരു വിഭാഗവും കാട്ടിയിട്ടില്ല.

ഈ തൊഴിൽ മേഖലയിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്നാൽ വളരെച്ചെറിയ ഒരു വിഭാഗം നടത്തുന്ന കൊള്ളരുതായ്മകൾകൊണ്ട് മൂന്നരലക്ഷത്തിലധികം വരുന്ന ചുമട്ടു തൊഴിലാളികളെ മുഴുവൻ പിടിച്ചുപറിക്കാരായി മുദ്രകുത്തുന്നത് ശരിയല്ല. കുടുംബത്തിന്റെ വിശപ്പടക്കാനും തന്റെ കുഞ്ഞുങ്ങൾക്കെങ്കിലും നല്ലൊരു ഭാവിയുണ്ടാകാനുമാണ് ഈ തൊഴിലാളികൾ ഭാരം ചുമലിലേറ്റുന്നത്. കമ്പോളങ്ങളിലും കവലകളിലും തെരുവ് നായ്ക്കൾക്കൊപ്പം ഇവർ അന്തിയുറങ്ങുന്നത് ആ സ്വപ്നവും കണ്ടുകൊണ്ടാണ്.■

ലേഖകൻ കേരളാ യൂണിവേഴ്സിറ്റിയിൽ പൊളിറ്റിക്കൽ സയൻസിൽ പാർട്ടം ടൈം ഗവേഷകനാണ്.

പഞ്ചായത്ത് അക്കൗണ്ട്

സംശയങ്ങളും മറുപടികളും

? പദ്ധതി രൂപീകരണത്തിനുവേണ്ടി തുക ചെലവു ചെയ്തത് തനതു ഫണ്ടിൽ നിന്നാണ്. ഇത് വികസനഫണ്ടിൽ നിന്നും പിൻവലിച്ചപ്പോൾ സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് കിട്ടി. ഇനി എന്തു ചെയ്യണം?

പണം നൽകിയപ്പോൾ തെറ്റായ ഹെഡിന് ചെലവ് രേഖപ്പെടുത്തിയതിനാലാണ് ഈ സംശയം ഉദിച്ചത്. പദ്ധതി രൂപീകരണത്തിനുവേണ്ടി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ പ്രോജക്റ്റ് വെച്ചിരിക്കും. വികസന ഫണ്ടിൽ നിന്നായിരുന്നു തുക ചെലവഴിക്കേണ്ടിയിരുന്നത്. പ്രോജക്റ്റ് അംഗീകാരം ലഭിക്കുന്നതിനു മുമ്പ് തനതു ഫണ്ടിൽ നിന്ന് തുക നൽകിയിട്ടുണ്ടെങ്കിൽ അത് ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള അഡ്വാൻസ് ആയി സാംഖ്യയിൽ രേഖപ്പെടുത്തണമായിരുന്നു. മറ്റേതെങ്കിലും ഹെഡിനാണ് നേരത്തെ ഡെബിറ്റ് നൽകിയതെങ്കിൽ ഇപ്പോൾ ജേണൽ വൗച്ചർ വഴി തിരുത്താം. വികസന ഫണ്ടിൽ നിന്നു തുക പിൻവലിച്ചപ്പോൾ ശരിയായ ഹെഡിൽ തന്നെ ചെലവു രേഖപ്പെടുത്തിയിരിക്കും. ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റിന് രസീത് രേഖപ്പെടുത്തുക. ക്രെഡിറ്റ് നൽകേണ്ടത് ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള അഡ്വാൻസ് എന്ന ഹെഡിനായിരിക്കണം.

? ഓരോ പേയ്മെന്റും കൃത്യമായി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറിക്ക് എങ്ങനെ ഉറപ്പുവരുത്താനാകും?

തുക പിൻവലിക്കുന്നതിന് ബിൽ ആവശ്യമാണ്. ഇക്കാര്യം 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 29 (2)-ാം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന സമ്പ്രദായത്തിനു വേണ്ടി 12.06.2003-ലെ ജി.ഒ (പി) 319/2003/ഫിൻ നമ്പർ ഉത്തരവിലും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിന്റെ പണം നൽകലുകളും റീഫണ്ടുകളും പ്രസിഡന്റ് അധികൃതമാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 156 (4) (ഡി) വകുപ്പ് നിർദ്ദേശിക്കുന്നു. അതിനാണ് ബിൽ തയ്യാറാക്കി, സെക്രട്ടറിയുടെ പാസ് ഓർഡറും പ്രസിഡന്റിന്റെ ഓതറൈസേഷനും രേഖപ്പെടുത്തിയശേഷം മാത്രമേ ചെക്ക് എഴുതിയോ, ട്രഷറിയിൽ സമർപ്പിച്ചോ തുക പിൻവലിക്കാവൂ. (എന്നാൽ ബിൽ തയ്യാറാക്കാതെയും, പ്രസിഡന്റിന്റെ ഓതറൈസേഷൻ നേടാതെയും പല ബ്ലോക്ക് പഞ്ചായത്തുകളിലും ചെക്ക് എഴുതി ഇന്ദിരാ ആവാസ് യോജന തുകകൾ നൽകിവരുന്നുണ്ട്. ഇത് നിയമവിരുദ്ധമാണെന്ന കാര്യം മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യക്തമാകുമല്ലോ)

താഴെ പറയുന്ന കാര്യങ്ങൾ അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പു വരുത്തിയാൽ പേയ്മെന്റ് സംബന്ധിച്ച അക്കൗണ്ടിംഗിൽ വീഴ്ച ഒഴിവാക്കാം.

I. പേയ്മെന്റ് ഓർഡർ ഘട്ടം

1. ഏതു ഫണ്ടിൽ നിന്നുള്ള ചെലവായാലും ബന്ധപ്പെട്ട ക്ലാർക്ക് ബിൽ തയ്യാറാക്കുക.
2. സാംഖ്യയിൽ പേയ്മെന്റ് ഓർഡർ അക്കൗണ്ടന്റ് രേഖപ്പെടുത്തുക
3. ബില്ലിലോ സാംഖ്യയിലോ നിന്നു ലഭിക്കുന്ന പേയ്മെന്റ് ഓർഡർ നമ്പർ അക്കൗണ്ടന്റ് എഴുതുക.
4. ബിൽ ഫയൽ സഹിതം അക്കൗണ്ടന്റ് സെക്രട്ടറിക്കു സമർപ്പിക്കുക.
5. ബില്ലും പേയ്മെന്റ് ഓർഡറും ശരിയാണെന്നു സെക്രട്ടറിക്കു ബോദ്ധ്യമുണ്ടെങ്കിൽ സെക്രട്ടറി ബില്ലിൽ പാസ് ഓർഡർ നൽകിയതായി ഒപ്പിടുക. ബിൽ ഫയൽ സഹിതം പ്രസിഡന്റിന് സമർപ്പിക്കുക.
6. ബിൽ ശരിയാണെന്ന് പ്രസിഡന്റിനു ബോദ്ധ്യമുണ്ടെങ്കിൽ ബില്ലിൽ പ്രസിഡന്റ് ഓതറൈസേഷൻ നൽകിയതായി ഒപ്പിടുക.
7. പ്രസിഡന്റിന്റെ ഓതറൈസേഷൻ രേഖപ്പെടുത്തിയ ബിൽ തിരികെ ലഭിക്കുമ്പോൾ സെക്രട്ടറി സാംഖ്യയിൽ പേയ്മെന്റ് ഓർഡർ അപ്രൂവ് ചെയ്യുക.

II. പേയ്മെന്റ് ഘട്ടം

8. അപ്രൂവ് ചെയ്തുകിട്ടിയ പേയ്മെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ചെക്ക് എഴുതുക.
9. സെക്രട്ടറിക്ക് ബില്ലും ഫയലും ചെക്ക് ബുക്കും അക്കൗണ്ടന്റ് സമർപ്പിക്കുക.
10. സെക്രട്ടറി ചെക്ക് ഒപ്പിട്ടാൽ ബാങ്കിനു ക്രെഡിറ്റ് നൽകി സാംഖ്യയിൽ അക്കൗണ്ടന്റ് പേയ്മെന്റ് രേഖപ്പെടുത്തുക.

11. കാഷ് പേയ്മെന്റ് ആണെങ്കിൽ സെൽഫ് ചെക്കാണ് സമർപ്പിക്കേണ്ടത്.
12. കാഷ് വിതരണം കഴിഞ്ഞ് മാത്രം സാംഖ്യയിൽ കാഷ് പേയ്മെന്റ് രേഖപ്പെടുത്തുക.

? ബി-ഫണ്ട് തുകകൾ ട്രഷറിയിൽ നിന്നു ലഭിച്ചാൽ അന്നുതന്നെ സാംഖ്യയിൽ ഒരേ തുകയ്ക്ക് രസീതും പേയ്മെന്റും രേഖപ്പെടുത്തുകയാണ് ചെയ്തു വരുന്നത്. ഇത് ശരിതന്നെയല്ലേ?

തേഡ് പാർട്ടിക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റാണ് ട്രഷറിയിൽ നിന്നു ലഭിച്ചതെങ്കിൽ (ഉദാ: സാമൂഹ്യ സുരക്ഷാ പെൻഷൻ) ഒരേ സംഖ്യക്ക് കാഷ് രസീതും, കാഷ് പേയ്മെന്റും ഒരേ ദിവസം സാംഖ്യയിൽ രേഖപ്പെടുത്തണം. എന്നാൽ കാഷ് ആണ് ലഭിച്ചതെങ്കിൽ (ഉദാ: തൊഴിലില്ലായ്മ വേതനം) ലഭിച്ച കാഷിന് രസീത് രേഖപ്പെടുത്തുക. പണം വിതരണം ചെയ്ത ശേഷം വിതരണം ചെയ്ത തുകയ്ക്ക് കാഷ് പേയ്മെന്റ് രേഖപ്പെടുത്തുക.

കാഷ് ബാക്കി വരികയാണെങ്കിൽ ബിൽ തയ്യാറാക്കി ട്രഷറിയിൽ അടയ്ക്കാൻ അക്കൗണ്ടന്റ് പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തുക. സെക്രട്ടറി പേയ്മെന്റ് ഓർഡർ അപ്രൂവ് ചെയ്യുക.

തുക ട്രഷറിയിൽ അടച്ച് ചലാൻ ലഭിച്ചശേഷം കാഷ് പേയ്മെന്റ് സാംഖ്യയിൽ അക്കൗണ്ടന്റ് രേഖപ്പെടുത്തുക.

? സാംഖ്യ നടപ്പാക്കിയ ശേഷം ഇപ്പോൾ ഒരു രജിസ്റ്ററും കൈകൊണ്ട് എഴുതുന്നില്ല. ഇതിൽ എന്തെങ്കിലും പിശകുണ്ടോ?

കമ്പ്യൂട്ടർവൽകൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും ലഭ്യമാകുന്ന സംഗതികളിൽ കൈകൊണ്ടെഴുതി തയ്യാറാക്കുന്ന രജിസ്റ്ററുകളും റിപ്പോർട്ടുകളും അസ്വീകാര്യവും അസാധുവുമാണെന്നാണ് 13.10.2011-ലെ ജി.ഒ(എം.എസ്) 245/2011/എൽഎസ്ജിഡി നമ്പർ സർക്കാർ ഉത്തരവിന്റെ 11-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൈകൊണ്ടെഴുതിയ കാഷ് ബുക്ക്, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ എന്നിവ ഉദാഹരണമായി നൽകിയിട്ടുമുണ്ട്. എല്ലാ രജിസ്റ്ററുകളും സാംഖ്യയിൽ ലഭ്യമായി കഴിഞ്ഞിട്ടില്ല അതിനാൽ സാംഖ്യയിൽ ഇപ്പോൾ ലഭ്യമല്ലാത്ത രജിസ്റ്ററുകൾ (ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ തുടങ്ങിയവ) സാംഖ്യയിൽ ലഭ്യമായി തുടങ്ങുന്നതുവരെ കൈകൊണ്ട് എഴുതി സൂക്ഷിക്കേണ്ടതാണ്.■

തയ്യാറാക്കിയത്: ***ഉദയഭാനു കണ്ടേത്ത്***
കൺസൾട്ടന്റ്
ഇൻഫർമേഷൻ കേരള മിഷൻ
മൊബൈൽ : 9447454221
ഇ-മെയിൽ: ubkandeth@gmail.com

പട്ടികജാതി-പട്ടികവർഗ വികസനം ഒരു നേർക്കാഴ്ച

പേജ് 25ൽ നിന്ന്

പട്ടികവർഗ കുടുംബങ്ങളിൽ 49.35 ശതമാനം കടബാദ്ധ്യതയുള്ളവരാണ്. ഏറ്റവും കൂടുതൽ കടമെടുത്തിട്ടുള്ളത് സ്വകാര്യ വ്യക്തികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ ആണ്. ചികിത്സാവശ്യങ്ങൾ, ദൈനംദിന ചെലവുകൾ, വിവാഹം, ഭവന നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കാണ് കൂടുതൽ പേരും കടം വാങ്ങിയിട്ടുള്ളത്.

7789 പട്ടികവർഗ കുടുംബങ്ങൾക്ക് യാതൊരുവിധ ചികിത്സാ സൗകര്യങ്ങളും പ്രാപ്തമല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പട്ടികവർഗക്കാരിൽ 24044 പേർ ഭിന്നശേഷിയുള്ളവരാണ്. അവരിൽ 14036 പേർ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും, 2386 പേർ മാനസിക രോഗികളും, 3133 പേർ ഒന്നിലധികം വെല്ലുവിളികൾ നേരിടുന്നവരുമാണ്. പട്ടികവർഗകാർക്കിടയിൽ നിത്യരോഗികളായ 40323 പേരെ കണ്ടെത്തിയിട്ടുണ്ട്.

പട്ടികവർഗ കുടുംബങ്ങളിൽ 4614 കുടുംബങ്ങൾ ഭൂരഹിതരും, 8781 കുടുംബങ്ങൾ ഭവനരഹിതരുമാണ്. സ്വന്തമായുള്ള വീടുകളിൽ 50414 എണ്ണം (55.32%) ജീർണാവസ്ഥയിലാണ്. 39850 വീടുകൾക്ക് അടുക്കളയില്ല. 46801 വീടുകളിൽ (51.35%) കുടുംബാംഗങ്ങൾക്ക് കഴിഞ്ഞു കൂടാൻ സ്ഥലസൗകര്യമില്ല. 31648 വീടുകൾ കാലപ്പഴക്കം കൊണ്ടോ, മറ്റു കാരണങ്ങളാലോ താമസയോഗ്യമല്ല. ധനസഹായം അനുവദിച്ചവയിൽ 13639 വീടുകൾ പണി പൂർത്തിയാകാതെ കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ 49406 പട്ടികവർഗ കുടുംബങ്ങൾക്ക് (49%) കക്കൂസ് സൗകര്യം ഇല്ലെന്നത് ഞെട്ടിപ്പിക്കുന്ന വിവരമാണ്. പകുതിയോളം കുടുംബങ്ങൾ ശുദ്ധജല ക്ഷാമം അനുഭവിക്കുന്നുണ്ട്.

വൈദ്യുതീകരിക്കാത്ത 1252 ഊരുകളും (27%) 59269 വീടുകളും (59%) ഉണ്ടെന്നാണ് മറ്റൊരു അതിശയകരമായ വെളിപ്പെടുത്തൽ.

കാർഷിക മേഖലയാണ് പട്ടികവർഗക്കാരുടെ അതിജീവന ഉപാധിയെങ്കിലും ഈ മേഖലയ്ക്ക് വേണ്ടത്ര പ്രോത്സാഹനവും, അനുബന്ധ സൗകര്യങ്ങളും ലഭിക്കുന്നില്ലെന്നാണ് സർവേ വിവരങ്ങൾ സൂചിപ്പിക്കുന്നത്. ജലസേചനം, വിത്ത്, വളം, കൃഷിഭവന്റെ സേവനങ്ങൾ ഇവയൊക്കെ പട്ടികവർഗക്കാർക്ക് അന്യമാണ്.

1452 ഊരുകൾ റിസർവ് വനത്തിനുള്ളിലോ, വനത്തിന് സമീപത്തോ ആണ് സ്ഥിതിചെയ്യുന്നത്. അവയിൽ 1303 ഊരുകൾ വന്യമൃഗഭീഷിണി നേരിടുന്നവയാണ്. ഒട്ടുമിക്ക ഊരുകളിലും സംരക്ഷണ ഉപാധികൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല.

24289 പട്ടികവർഗ കുടുംബങ്ങൾക്ക് റേഷൻ കാർഡ് ഇല്ലെന്നതാണ് ഏറ്റവും പരിതാപകരമായ അവസ്ഥകളിലൊന്ന്.

സാമൂഹ്യ സുരക്ഷാ പദ്ധതികളൊന്നും തന്നെ പട്ടികവർഗക്കാർക്ക് പൂർണമായി ലഭിക്കുന്നില്ലെന്നാണ് കാണുന്നത്. ഉദാഹരണത്തിന് വിധവകളിൽ 17 ശതമാനം പേർക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നത്.

കുടുംബശ്രീ പ്രവർത്തനങ്ങൾ 1799 ഊരുകളിൽ (39%) ആരംഭിച്ചിട്ടില്ലെന്നത് അത്യന്തം ദയനീയമായ പട്ടികവർഗ സ്ത്രീകളുടെ അവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

സർവ്വെകളിലെ കണ്ടെത്തലുകൾ കേരളത്തിലെ പട്ടിക ജാതിക്കാരുടെയും പട്ടികവർഗക്കാരുടെയും പിന്നാക്കാവസ്ഥയുടെ നേർക്കാഴ്ചയാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അവർ പൊതുസമൂഹത്തിൽ നിന്നും ഏറെ പിന്നിലാണ്. പ്രത്യേകഘടകപദ്ധതി വിഹിതത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും പട്ടികവർഗ ഉപപദ്ധതി വിഹിതത്തിന്റെ നേർ പകുതിയും വിനിയോഗിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങളാണ് പട്ടികജാതിക്കാരുടേയും പട്ടികവർഗക്കാരുടേയും ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈ എടുക്കേണ്ടത്. പട്ടികജാതി - പട്ടികവർഗ വികസന വകുപ്പുകളും, മറ്റു മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു ഏജൻസികളുമായി കൈകോർത്ത് തങ്ങളുടെ പ്രദേശത്തെ പട്ടികജാതി - പട്ടികവർഗ വിഭാഗക്കാരുടെ ജീവിത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള ഇച്ഛാശക്തിയും, കർമോത്സുകതയും പ്രകടിപ്പിക്കേണ്ടതുണ്ട്. എല്ലാറ്റിനുമുപരി പട്ടികജാതിക്കാരുടെയും പട്ടികവർഗക്കാരുടെയും പരിതാപകരമായ അവസ്ഥക്കെതിരെ സമൂഹ മനസാക്ഷി ഉണരുമ്പോൾ മാത്രമെ മാറ്റങ്ങൾ സംഭവിക്കുകയുള്ളൂ.■

ലേഖകൻ കിലയിൽ SC/ST സർവ്വെ കൺസൾട്ടന്റാണ്

സ്വരാജ് ട്രോഫി 2010-11

സംസ്ഥാനതലത്തിൽ 2010-11ലെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കി. കാസർകോട് മികച്ച ജില്ലാപഞ്ചായത്തായും തൃശൂർ ജില്ലയിലെ പഴയന്നൂർ മികച്ച ബ്ലോക്ക് പഞ്ചായത്തായും തെരഞ്ഞെടുത്തു. ചേർപ്പ്, ചടയമംഗലം, ബ്ലോക്ക് പഞ്ചായത്തുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ജില്ലാതലത്തിൽ സമ്മാനത്തിനർഹമായ ഗ്രാമപഞ്ചായത്തുകൾ

ക്രമ നമ്പർ	ജില്ല	ഒന്നാം സ്ഥാനം	രണ്ടാം സ്ഥാനം
1	തിരുവനന്തപുരം	കരകുളം	പള്ളിച്ചൽ
2	കോട്ടയം	മുത്തോലി	
3	എറണാകുളം	ചോറ്റാനിക്കര	
4	കോഴിക്കോട്	നൊച്ചാട്	അരിക്കുളം
5	കണ്ണൂർ	ചെമ്പിലോട്	പിണറായി
6	കാസർഗോഡ്	മടിക്കൈ	

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മിഷണർ, നഗരകാര്യ വകുപ്പ് ഡയറക്ടർ. ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, ചീഫ് (വികേന്ദ്രീകൃതാസൂത്രണം) എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റിയാണ് അവാർഡിനർഹമായ പഞ്ചായത്തുകളെ തെരഞ്ഞെടുത്തത്.

സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിന് സ്വരാജ് ട്രോഫിയും 25 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായവും, ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ പഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും 10 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായവും, രണ്ടാം സ്ഥാനം ലഭിച്ചവർക്ക് 5 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായവും ലഭിച്ചു. സമ്മാനാർഹരായ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് ഏപ്രിൽ 24ന് തിരുവനന്തപുരം ഇടപ്പഴഞ്ഞിയിലെ ആർ.ഡി.ആർ. ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ ജി. കാർത്തികേയനും പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറും ട്രോഫികളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

സ്വരാജ് ട്രോഫി

2011 – 12 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾ

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവെച്ച പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പുരസ്ക്കാരം സംസ്ഥാന തലത്തിൽ ഒന്നാമതെത്തിയ തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കി. അടിമാലി, രാജകുമാരി പഞ്ചായത്തുകൾ രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. ജില്ലാ തലത്തിലും ആദ്യ മൂന്നു സ്ഥാനങ്ങൾക്ക് അർഹരായവരെയും തെരഞ്ഞെടുത്തു.

സംസ്ഥാനതലം

ഒന്നാം സ്ഥാനം:
ചെങ്കൽ ഗ്രാമപഞ്ചായത്ത്
(തിരുവനന്തപുരം)

രണ്ടാം സ്ഥാനം:
അടിമാലി ഗ്രാമപഞ്ചായത്ത്
(ഇടുക്കി)

മൂന്നാം സ്ഥാനം:
രാജകുമാരി ഗ്രാമപഞ്ചായത്ത്
(ഇടുക്കി)

ക്രമ നമ്പർ	ജില്ലാതലം	ഒന്നാം സ്ഥാനം	രണ്ടാംസ്ഥാനം	മൂന്നാംസ്ഥാനം
1	തിരുവനന്തപുരം	വെള്ളറട	കാരോട്	കരുംകുളം
2	കൊല്ലം	ഏരൂർ	തലവൂർ	മൈലം
3	പത്തനംതിട്ട	പള്ളിക്കൽ	ഏഴാംകുളം	ഏനാദിമംഗലം
4	ആലപ്പുഴ	കഞ്ഞിക്കുഴി	തണ്ണീർമുക്കം	മാരാരിക്കുളം–തെക്ക്
5	കോട്ടയം	ഉദയനാപുരം	മറവൻതുരുത്ത്	റ്റി.വി.പുരം
6	ഇടുക്കി	കൊന്നത്തടി	ഇടുക്കി–കഞ്ഞിക്കുഴി	കരുണാപുരം
7	എറണാകുളം	കൂവപ്പടി	അയ്യംപുഴ	ചെല്ലാനം
8	തൃശൂർ	പഴയന്നൂർ	വലപ്പാട്	മാടക്കത്തറ
9	പാലക്കാട്	അഗളി	മുണ്ടൂർ	പുതുശ്ശേരി
10	മലപ്പുറം	പോത്തുകൽ	വഴിക്കടവ്	ചുങ്കത്തറ
11	കോഴിക്കോട്	ചങ്ങരോത്ത്	പനങ്ങാട്	ഉള്ള്യേരി
12	വയനാട്	എടവക	പൂതാടി	മാനന്തവാടി
13	കണ്ണൂർ	ഉളിക്കൽ	നടുവിൽ	കേളകം
14	കാസർഗോഡ്	മൂളിയാർ	മടിക്കൈ	പൈവളിഗെ



വാർത്തകളും വിശേഷങ്ങളും

ജനന രജിസ്ട്രേഷൻ – കുട്ടിയുടെ പേര് തിരുത്താം

ജനന രജിസ്ട്രേഷനിലെ കുട്ടിയുടെ പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് തിരുത്തലുകൾ നൽകാവുന്നതാണ്. ഇതിനായി മാതാപിതാക്കളുടെ സംയുക്ത അപേക്ഷയും (പ്രായപൂർത്തിയായ കേസുകളിൽ കുട്ടിയുടെ അപേക്ഷ) തെറ്റായ പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലവും മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/-രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണ്. (സർക്കുലർ നമ്പർ 9748/ആർ.ഡി.3/2012/തസ്വഭവ, തീയതി 07/05/2012).

ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചു

ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിലവിലുള്ള ഉത്തരവിലെ (സ.ഉ(കൈ)നം.16/2012/തസ്വഭവ. തീയതി 4.01.2011) മാനദണ്ഡങ്ങൾക്ക് പുറമെ താഴെ പറയുന്ന പ്രകാരം എപി.എൽ, ബി.പി.എൽ മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ച് ഉത്തരവായി. ബി.പി.എൽ പട്ടികയിൽ താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കേണ്ടതാണ്.

എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ
ബി) ആദായനികുതി ഒടുക്കുന്നവർ, സി) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ
ഡി) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ
ഇ) നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ.

മേൽപ്പറഞ്ഞ വിഭാഗങ്ങളെ ഒഴിവാക്കി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

എ) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ ബി) മാനസികവും ശാരീരികമായും വൈകല്യമുള്ളവർ
സി) ഓട്ടിസം ബാധിച്ചവർ ഡി) ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ
ഇ) എയ്ഡ്സ്, കാൻസർ രോഗികൾക്കും ഡയാലിസിസിന് വിധേയരാകുന്നവരും
എഫ്) പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും.
ജി) മേൽപ്പറഞ്ഞവയ്ക്ക് വിരുദ്ധമല്ലാത്ത നിലവിലുള്ള മാനദണ്ഡങ്ങൾ തുടരുന്നതാണ്.
(സ.ഉ.(കൈ)നം.112/2012തസ്വഭവ, തീയതി 27.04.2012)

ജനന മരണ വിവാഹ രജിസ്ട്രേഷൻ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ

സിവിൽ രജിസ്ട്രേഷൻ മുൻകാല റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് 26.04.2009ലെ 5078/ഐബി1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ മാറ്റങ്ങൾ വരുത്തി പരിഷ്ക്കരിച്ച് താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

➢ എല്ലാ നഗരസഭകളും/ഗ്രാമപഞ്ചായത്തുകളും മുൻകാല സിവിൽ രജിസ്ട്രേഷൻ കമ്പ്യൂട്ടർവൽക്കരണത്തിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾക്ക് 2012-13 സാമ്പത്തിക വർഷത്തിലെ പൊതുവിഭാഗം പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തുക കണ്ടെത്തി ഡിപിസി അംഗീകാരത്തോടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. ➢ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്ന റിക്കാർഡുകളുടെ ഗുണനിലവാരം ബന്ധപ്പെട്ട ജീവനക്കാർ തന്നെ ഉറപ്പാക്കേണ്ടതാണ്. ഐ.കെ.എം. ഇതിനകം ഗുണനിലവാര പരിശോധന പൂർത്തിയാക്കിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ റിക്കാർഡ് ഒന്നിന് 2 രൂപ നിരക്കിലുള്ള തുക ഐ.കെ.എം. ന് നൽകേണ്ടതാണ്. ഗുണനിലവാര പരിശോധനയ്ക്ക് റിക്കാർഡ് ഒന്നിന് 2 രൂപ നിരക്കിൽ ഐ.കെ.എം. ന് മുൻകൂർ നൽകിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തിയായതായി അറിയിപ്പ് നൽകുന്ന മുറയ്ക്കു സാമ്പിൾ അടിസ്ഥാനത്തിലുള്ള ഗുണനിലവാര പരിശോധന ഐ.കെ.എം. നിർവ്വഹിക്കേണ്ടതാണ്. ➢ ഓരോ ബുക്കിലെയും ഡേറ്റാ എൻട്രി പൂർത്തിയായാൽ 30 ദിവസത്തിനകം ജീവനക്കാർ അതു പരിശോധിച്ച് രജിസ്ട്രാർ അംഗീകരിച്ച് ഓൺലൈൻ ഡേറ്റാ ബേസിൽ സംയോജിപ്പിക്കേണ്ടതാണ്. അധികാരപ്പെട്ട ജീവനക്കാർ തന്നെ അപ്രകാരം ചെയ്യുന്നതിനുള്ള സൗകര്യം സോഫ്റ്റ്വെയറിൽ ലഭ്യമാണ്. ഓൺലൈൻ ഡേറ്റാബേസിൽ പോർട്ടു ചെയ്യുന്ന വിവരങ്ങൾ അപ്പോൾ തന്നെ സംസ്ഥാന ഡേറ്റാസെന്ററിലേക്ക് അപ്ലോഡ് ചെയ്ത് വെബ് സർവ്വീസ് വഴി ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. ➢ 2012 മാർച്ച് വാരം പൂർത്തിയാക്കാൻ കഴിയാതിരുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് 2012 ഏപ്രിൽ-മേയ് മാസങ്ങളിൽ പ്രവർത്തനം ആരംഭിച്ച് 2013 ജനുവരി മാസത്തോടുകൂടി പ്രവർത്തനം പൂർത്തിയാക്കുന്ന രീതിയിൽ ഒരു പ്രവർത്തന കലണ്ടർ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കി പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവർക്ക് 2012 മെയ് 15ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. 1989 മുതലുള്ള മുൻകാല ജനന റിക്കാർഡുകൾ 2012 ജൂൺ 30 നു മുമ്പ് ഡേറ്റാ എൻട്രി പൂർത്തിയാക്കി ഓൺലൈനിലേക്ക് പോർട്ട് ചെയ്യത്തക്ക രീതിയിലും 1979 മുതലുള്ള മുഴുവൻ ജനന റിക്കാർഡുകളും 2012 സെപ്റ്റംബർ 30 ന് മുമ്പായും മുഴുവൻ മുൻകാല മരണ റിക്കാർഡുകളും വിവാഹ റിക്കാർഡുകളും ഡിസംബർ 31 ന് മുമ്പായി പോർട്ട് ചെയ്യത്തക്ക രീതിയിലും ആണ് കലണ്ടർ തയ്യാറാക്കേണ്ടത്. ➢ 26.04.2009ലെ സർക്കുലറിലെ മോണിറ്ററിംഗ് സംബന്ധമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, ത്രൈമാസികയായി സംഗ്രഹിത പുരോഗതി റിപ്പോർട്ട് പഞ്ചായത്തു ഡയറക്ടർ/നഗരകാര്യ ഡയറക്ടർ എന്നിവർ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by J. Sadanandan, Director of Panchayats(Additional Charge), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.

ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി



പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033